വാല്യം 150

കാസർഗോഡ് ബ്ലോക്ക്

(കാസർഗോഡ് ജില്ല)

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മഥൂർ
8. മൊഗ്രാൽപുത്തൂർ

ജനകീയാസൂത്ര

കാറഡുക്ക

ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ



എഡിറ്റർ - കെ.കുമാരൻ

എഡിറ്റോറിയൽ ബോർഡ്

1.നാണു മാസ്റ്റർ
2.വി.വിജയൻ
3. കെ.ബാലചന്ദ്രൻ
4.പ്രദീപ് കുമാർ
5.കെ.അബ്ദുൾ റഷീദ്
6.എൻ.മോഹനൻ
7.മാലതി
8.വീരോജി റാവു
9.സി.എച്ച്.അബ്ദുൾ ലത്തീഫ്
10.എ.സുബ്രഹ്മണ്യഭട്ട്
11. പി.ശശിധരൻ
12.സോമശേഖര

കവർ ഡിസൈനർ:- കെ.പി.ജ്യോതിചന്ദ്രൻ
രേഖചിത്രങ്ങൾ - സുനിൽ നടുവത്ത്
പ്രിൻറിംഗ് :- മുദ്ര പ്രിൻറിംഗ് & പബ്ലിഷിംഗ് സെൻറർ, കാസർകോട്



ഉള്ളടക്കം

- ആമുഖം
- കാറഡുക്ക ഗ്രാമപഞ്ചായത്ത് പൊതുവിവരണം
- സാമൂഹ്യ സാംസ്കാരിക ചരിത്രം
- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വ്യവസായം
- വിദ്യാഭ്യാസം
- കുടിവെള്ളം
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- സാമൂഹ്യക്ഷേമം, പാർപ്പിടം
- സംസ്ക്കാരം
- വനിത
- സഹകരണം
- പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം
- വിഭവ സമാഹരണം
- ഉപസംഹാരം

മുൻപഞ്ചായത്ത് പ്രസിഡൻറുമാർ



1.ശ്രീ. കെ.എൻ.കൃഷ്ണൻ നമ്പ്യാർ

2. ശ്രീ. എ.എം. അബ്ദുൾ കാദർ ഹാജി

ഭരണസമിതി അംഗങ്ങൾ



ശീ. സി.എച്ച്.അബൂബക്കർ
(വൈസ് പ്രസിഡണ്ട്)
2

വി.രാധ
6

എ..കെ.അബ്ദുൾറഹിമാൻ ഹാജി
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
3

ഇ.വത്സല
7



ബി.രാധാകൃഷ്ണഭട്ട്
(പ്രസിഡണ്ട്)



ടി.നാരായണൻ
4



കെ.കമാലുദ്ദീൻ ഹാജി
8



എ.കെ.ബാബു
5

ഭാഗീരഥി.കെ.
9

1

ആമുഖം

ബ്രിട്ടീഷുകാരുടെ ഭരണത്തിൻകീഴിൽ ചൂഷണത്തിനു വിധേയരായ ജനങ്ങളുടെ തീവ്രവികാരങ്ങളെ തൊട്ടുണർത്താനും അവരുടെ മനസ്സിലെ അണഞ്ഞുകൊണ്ടിരിക്കുന്ന തീ ആളിക്കത്തിക്കാനും കഴിഞ്ഞതാണ് ഗാന്ധിജിയുടെ നേട്ടം. സ്വാതന്ത്ര്യ സമരം ജനകീയവൽക്കരിക്കപ്പെട്ടത് അദ്ദേഹത്തിന്റെ രംഗപ്രവേശത്തോടുകൂടിയായിരുന്നല്ലോ. ഭാരതത്തിന്റെ ശക്തിയും ഭാവിയും ഗ്രാമത്തുടിപ്പുകളിൽ ദർശിച്ച ഗാന്ധിജി ഗ്രാമസ്വരാജിനുവേണ്ടി നിലകൊണ്ടു. ബ്രിട്ടീഷുകാരുടെ ആധിപത്യത്തിനുമുമ്പുതന്നെ സഭകളും സമിതികളും ദക്ഷിണേന്ത്യയിൽ സജീവമായിരുന്നു. രാജഭരണത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തിയിരുന്നു എന്നു വേണം കരുതാൻ. സ്വാശ്രയ ഗ്രാമങ്ങളിൽ എല്ലാവർക്കും തൊഴിൽ, പ്രാഥമിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കപ്പെടുമെന്ന് ഗാന്ധിജി വിശ്വസിച്ചു. പഞ്ചായത്ത്‌രാജ് സംവിധാനത്തിലൂടെ അതാണ് നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്തത്. തെക്കൻ കർണ്ണാടക ജില്ലയുടെ ഭാഗമായിരുന്ന കാസറഗോഡ് താലൂക്കിൽ മംഗലാപുരം ആസ്ഥാനമാക്കി ഡിസ്ട്രിക്റ്റ് ബോർഡ് പ്രവർത്തിച്ചിരുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതം പഞ്ചവത്സരപദ്ധതികളിലൂടെ ഗണ്യമായ നേട്ടം എല്ലാ രംഗങ്ങളിലും കൈവരിച്ചിട്ടുണ്ട്. സോവിയറ്റ് റഷ്യയിലെ ആസൂത്രണം നമുക്ക് മാതൃകയായിരുന്നു. വികസനപ്രക്രിയയിൽ ആസൂത്രണത്തിന് അദ്വിതീയ സ്ഥാനമാണുള്ളതെന്ന് നമ്മുടെ പഞ്ചവത്സരപദ്ധതികൾ തെളിയിച്ചിട്ടുണ്ട്.

സാമ്പത്തികരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ നീതിപൂർവകമായി വിതരണം ചെയ്യുന്ന കാര്യത്തിൽ നാം വിജയിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വികസനം സ്ഥായിയും വിതരണം നീതിപൂർവകവുമായാൽ മാത്രമേ രാജ്യം സാമ്പത്തികമായി ശക്തമാവുകയുള്ളൂ. വിവിധ മേഖലകളിൽ വൻ പുരോഗതി ഉണ്ടായെങ്കിലും സാധാരണക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ ലക്ഷ്യമിട്ടിരുന്ന രീതിയിൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എട്ടു പഞ്ചവത്സരപദ്ധതികൾകൊണ്ട് ഉല്പാദന രംഗത്ത് വൻനേട്ടങ്ങൾ നാം ഉണ്ടാക്കിയിട്ടുണ്ട്. അപ്പോഴാണ് നമ്മുടെ പാളിച്ചകൾ വെളിവാകുന്നത്. ഉദ്യോഗസ്ഥകേന്ദ്രീകൃതവും പരസ്പരബന്ധമില്ലാത്തതുമായ ഡിപ്പാർട്ടുമെൻറു പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുവാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായാണ് "ഒമ്പതാംപദ്ധതി ജനകീയ പദ്ധതി" എന്ന ആശയം ഉരുത്തിരിഞ്ഞത്. ഓരോ പൗരന്റേയും അഭിപ്രായങ്ങൾക്ക് പരിഗണന നൽകുകയും ആധുനിക ശാസ്ത്രസാങ്കേതിക പരിജ്ഞാനം പ്രയോഗപ്പെടുത്തിയും ഒരു പുതിയ ആസൂത്രണപ്രക്രിയയ്ക്ക് തുടക്കം കുറിക്കുകയാണ്, നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങൾ പൂവണിയുന്നതിലേക്കുള്ള ആദ്യത്തെ കാൽവെപ്പ്.

ഇന്ത്യയിൽ ആദ്യമായി നപ്പിലാക്കുന്ന ജനകീയ ആസൂത്രണം മാറ്റത്തിന്റെ കേളികൊട്ടാണ്. ആസൂത്രണം മുകളിൽനിന്ന് താഴോട്ട് എന്ന രീതി മാറി താഴെനിന്നും മുകളിലോട്ട് എന്ന രീതി വരികയാണ്. ഗ്രാമത്തിന്റേറയും ഗ്രാമീണരുടേയും ആവശ്യങ്ങളും അഭിലാഷങ്ങളും കണ്ടറിയുവാൻ കഴിയുന്ന പഞ്ചായത്ത് ഭരണസമിതിക്ക് തന്നെ ഗ്രാമത്തിന്റെ വികസനചുമതല നൽകുകയാണ്. നമ്മുടെ വമ്പിച്ച മനുഷ്യവിഭവശേഷി ക്രിയാത്മകമായ പന്ഥാവിലേക്ക് തിരിച്ച് വിടുവാൻ കഴിഞ്ഞാൽ അതൊരു വലിയ നേട്ടമായിരിക്കും.

ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ പൊതു അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ് പഞ്ചായത്ത് വികസനസെമിനാറിൽ അവതരിപ്പിക്കുന്ന ഈ വികസനറിപ്പോർട്ടിന് അടിസ്ഥാനം. . ഒമ്പതാം പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി നടത്തിയ വിശേഷാൽ ഗ്രാമസഭകളിൽ പൗരന്മാർ കാണിച്ച താല്പര്യം അവർക്ക് ജനകീയ ആസൂത്രണപ്രസ്ഥാനം നൽകിയ പ്രതീക്ഷ വെളിവാക്കുന്നു.

2

കാറഡുക്ക ഗ്രാമപഞ്ചായത്ത് - പൊതുവിവരണം

പഞ്ചായത്തിന്റെ പേര്: കാറഡുക്ക ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന ഗ്രാമങ്ങൾ: ആദൂർ, കാറഡുക്ക
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: കാറഡുക്ക
ജില്ലാ പഞ്ചായത്ത് ഡിവിഷൻ: കാറഡുക്ക
അസംബ്ലി മണ്ഡലം: കാസറഗോഡ്
വിസ്തീർണ്ണം: 41.17 ച.കി.മീ.
രൂപീകൃതമായ വർഷം: 1963

അതിരുകൾ

കിഴക്ക് : കർണ്ണാടക സംസ്ഥാനം-പയസ്വിനി പുഴ
പടിഞ്ഞാറ്: ചെങ്കള-മുളിയാർ ഗ്രാമപഞ്ചായത്തുകൾ
വടക്ക്: കുമ്പാടജെ-ബെള്ളൂർ
തെക്ക്: പയസ്വിനി പുഴ - മുളിയാർ ഗ്രാമം
ജനസംഖ്യ: 18067 (പു: 9154, സ്ത്രീ: 8913)
(1991ലെ സെൻസസ്)

സാക്ഷരതനിരക്ക്

പുരുഷന്മാർ: 86.04%
സ്ത്രീകൾ: 69.40%
ശരാശരി: 77.86%

പട്ടികജാതി

പുരുഷന്മാർ: 886
സ്ത്രീകൾ: 814
ശരാശരി: 1700

പട്ടികവർഗ്ഗം

പുരുഷന്മാർ: 295
സ്ത്രീകൾ: 297
ആകെ: 592

ഭരണം

ആദൂർ, കാറഡുക്ക ഗ്രാമങ്ങൾ ചേർത്ത് കാറഡുക്ക പഞ്ചായത്ത് രൂപീകരിക്കുന്നതുവരെ ആദൂർ ഗ്രാമ പഞ്ചായത്തും കാറഡുക്ക പഞ്ചായത്തും നിലവിലുണ്ടായിരുന്നു. 28.12.1961ലാണ് കാറഡുക്ക ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. 1956ൽ നിലവിൽവന്ന രണ്ടു പഞ്ചായത്തുകളുടേയും ഭരണസമിതി അംഗങ്ങൾ താഴെപ്പറയുന്നവരായിരുന്നു. വോട്ടർമാർ കൈപൊക്കി വോട്ടുരേഖപ്പെടുത്തുന്ന സമ്പ്രദായമായിരുന്നു.

ആദൂർ

1. ശ്രീ. ഹസ്സൻകുഞ്ഞി (പ്രസിഡൻറ്)
2. ശ്രീ. എം.എം. അബ്ബാസ്കുട്ടി (വൈ.പ്രസിഡൻറ്)
3. ശ്രീ. പുട്ടോജിറാവു
4. ശ്രീ. ഹസ്സിനാർ
5. ശ്രീ. ബട്ട്യൻ
6. ശ്രീ. കെ.കുഞ്ഞിപ്പബ്യാരി
7. ശ്രീ. എ.കെ. മൂസ

കാറടുക്ക

ശ്രീ. എൻ. കുഞ്ഞമ്പുനമ്പ്യാർ (പ്രസിഡൻറ്)
ശ്രീ. കെ. രാമൻ
ശ്രീ. സി.കെ. കോരൻ
ശ്രീ. വെങ്കട്രമന്നകെദില്ലായ

പ്രസ്തുത ഭരണസമിതിയുടെ കാലാവധിക്കു ശേഷം 21.12.1963ന് പുതിയ ഭരണസമിതി അധികാരമേറ്റു. ഏകീകൃത പഞ്ചായത്തിന്റെ പ്രസിഡൻറായി ശ്രീ. കെ.എൻ.കൃഷ്ണൻ നമ്പ്യാർ തെരഞ്ഞെടുക്കപ്പെട്ടു. 13.8.1979 വരെ ഈ ഭരണസമിതി തുടർന്നു. ഭരണസമിതിയിലെ അംഗങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. കെ.എൻ. കൃഷ്ണൻ നമ്പ്യാർ
2. ശ്രീ. ഡോ. കേശവഭട്ട്
3. ശ്രീ. പി.വി.സി. ആചാര്യ
4. ശ്രീ. കെ. ചരടൻ നായർ
5. ശ്രീ. ബാലഗോപാല
6. ശ്രീ. അബ്ബാസുകുട്ടി
7. ശ്രീ. മത്താടി
8. ശ്രീമതി ലക്ഷ്മി

ഡോ: കേശവഭട്ട് ഇടയ്ക്ക്വെച്ച് രാജിവെച്ച ഒഴിവിലേക്ക് ശ്രീ. യു.കെ. കേശവകുണിക്കുല്ലായ തെരഞ്ഞെടുക്കപ്പെട്ടു. 20-9-1979 മുതൽ പുതിയ ഭരണസമിതി നിലവിൽ വന്നു. ശ്രീ. എ.എം. അബ്ദുൾ ഖാദർ പ്രസിഡൻറായുള്ള ഭരണസമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ശ്രീ. എം.എം. അബ്ദുൾ ഖാദർ
2. ശ്രീ. രത്നാകർ റാവു
3. ശ്രീ. ശ്രീപതി ഭട്ട്

4. ശ്രീമതി സരോജിനി അമ്മ
5. ശ്രീ. നാരായണൻ നായർ
6. ശ്രീ. സി.എച്ച്. അബൂബക്കർ
7. ശ്രീ. എം. ബാലഗോപാലൻ
8. ശ്രീ. മാലിങ്കു

19-10-1984വരെ ഭരണസമിതി അധികാരത്തിലിരുന്നു. പ്രസ്തുത ബോർഡിന്റെ കാലാവധിക്കുശേഷം നടന്ന തെരഞ്ഞെടുപ്പിൽ 6-2-1988ൽ പുതിയ ഭരണസമിതി ശ്രീ. ബി. രാധാകൃഷ്ണഭട്ടിനെ പ്രസിഡന്റായി തെരഞ്ഞെടുത്തു. അംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. ശ്രീ. ബി. രാധാകൃഷ്ണഭട്ട്
2. ശ്രീ. രഘുരാമ ബല്ലാൾ
3. ശ്രീ. വി. കുഞ്ഞമ്പുനായർ
4. ശ്രീ. എം. കൃഷ്ണൻ
5. ശ്രീമതി ഫാമിദ
6. ശ്രീ. സി.എച്ച്. അബൂബക്കർ
7. ശ്രീമതി. ഇ. ഖദീജ
8. ശ്രീ. അച്ചുതനായക്ക്
9. ശ്രീ. മാലിങ്കുനായർ

പ്രസ്തുത ബോർഡിന്റെ കാലാവധിക്കുശേഷം നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന് 4-10-95 മുതൽ പുതിയ ഭരണസമിതി അധികാരമേറ്റു. ശ്രീ. ബി. രാധാകൃഷ്ണഭട്ട് പ്രസിഡന്റായും ശ്രീ. സി.എച്ച്. അബൂബക്കർ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ഭരണസമിതിയിലെ മറ്റ് അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ശ്രീമതി ഭാഗീരഥി ടീച്ചർ
2. ശ്രീ. ടി. നാരായണൻ
3. ശ്രീമതി വി. രാധ
4. ശ്രീ. കമാലുദ്ദീൻ ഹാജി
5. ശ്രീ. എ.കെ. അബ്ദുൾറഹ്മാൻ ഹാജി
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. വൽസല

ഈ ഭരണസമിതിയാണിപ്പോൾ ഭരണം നടത്തുന്നത്.

"ജീവിതം ചൈതന്യമാണ്, പ്രവർത്തനമാണ് വിശ്രമമെന്നൊന്നില്ല ഉണ്ടെങ്കിൽ അതിന്റെ പേരാണ് മരണം"

അല്ലാമ ഇഖ്ബാൽ

3

സാമൂഹ്യസാംസ്ക്കാരിക ചരിത്രം

ബ്രിട്ടീഷ് ഇന്ത്യയിലെ മദിരാശി സംസ്ഥാനത്തിൽപ്പെട്ട തെക്കൻ കർണ്ണാടത്തിലെ കാസറഗോഡ് താലൂക്കിന്റെ കിഴക്കൻ പ്രദേശമാണ് കാറഡുക്ക പഞ്ചായത്ത് പ്രദേശം. സഹ്യന്റെ മടിത്തട്ടിൽ പയസ്വിനിയുടെ താരാട്ടുകേട്ട് വിശ്രമം കൊള്ളുന്ന, കുന്നുകളും താഴ്വരകളും നിറഞ്ഞ ഭൂപ്രദേശമാണിത്. കേരളത്തിലെ ഇടനാട് എന്ന വിശേഷണം ഈ പഞ്ചായത്ത് പ്രദേശത്തിന് തികച്ചും യോജിക്കുന്നു. കാലത്തിലൂടെ പിന്നിലോട്ട് സഞ്ചരിച്ചാൽ പ്രൗഢമായ ഒരു ചരിത്രത്തിലൂടെ നമുക്ക് കടന്നുപോകേണ്ടിവരും. ആദൂർ, കാടകം എന്നീ ഗ്രാമങ്ങൾ ചേർന്ന് രൂപം കൊണ്ടതാണ് കാറഡുക്ക പഞ്ചായത്ത്. കാടിന്റെ അകത്തുള്ള പ്രദേശം കാടകം എന്നറിയപ്പെട്ടുവെന്നും കർണ്ണാടകത്തിന്റെ സ്വാധീനം കൊണ്ട് അത് കാറഡുക്കയായെന്നും പറയപ്പെടുന്നു. അതുപോലെ 'അധ' 'ഊരു' അഥവാ താഴ്ന്ന പ്രദേശ് വായ്മൊഴിയിലൂടെ ആദൂര് ആയതെന്നാണ് ആദൂരിന്റെ സ്ഥലനാമചരിത്രത്തെക്കുറിച്ച് പറഞ്ഞുകേൾക്കുന്നത്.

മായിപ്പൊടി തമ്പുരാക്കന്മാരുടെ സ്വാധീനത്തിലുണ്ടായിരുന്ന ഈ രണ്ടു ഗ്രാമങ്ങളുടേയും ഉടമസ്ഥത ബല്ലാക്കന്മാർക്ക് ആയിരുന്നു. അവരുടെ കാര്യസ്ഥൻ പെരുമ്പളയിലെ ഇടയില്ല്യം നായർ കുടുംബക്കാരനായിരുന്നുവെന്നും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഈ പ്രദേശങ്ങളിൽ കുടിയേറിയതോടെയാണ് ഇവിടെ നായർ കുടുംബങ്ങൾ വരാൻതുടങ്ങിയതെന്നും പറയപ്പെടുന്നു. പിൽക്കാലത്ത് കരിച്ചേരി, നാരന്തട്ട തുടങ്ങിയ നായർ കുടുംബങ്ങൾ കാടകം ഗ്രാമത്തിൽ വന്നുചേർന്നു. അവർ ഭൂമിയുടെ ഉടമകളായി മാറി. ബ്രിട്ടീഷ് ഭരണകാലത്ത് പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് റേഞ്ച് ഓഫീസ്, ഗാർഡ് ഓഫീസ്, ബെഞ്ച് കോടതി തുടങ്ങിയ ഭരണസ്ഥാപനങ്ങൾ ആദൂരിൽ പ്രവർത്തനം ആരംഭിച്ചതോടെ ആദൂരിന് ഭരണസിരാകേന്ദ്രം എന്ന പദവി ലഭിച്ചു. നാട്ടിലെ ചെറിയ തർക്കങ്ങൾക്കും കേസുകൾക്കും ബെഞ്ചുകോടതിയിൽവെച്ച് തന്നെ തീർപ്പുകൽപ്പിച്ചിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽത്തന്നെ ഈ പഞ്ചായത്ത് പ്രദേശത്തെ ആദ്യത്തെ വിദ്യാലയം ആദൂരിൽ പ്രവർത്തിക്കാൻ ഭരണസ്ഥാപനങ്ങളുടെ സാന്നിദ്ധ്യം സാഹചര്യമൊരുക്കി.

1930ൽ ശ്രീ. കെ. കേളപ്പന്റെ നേതൃത്വത്തിൽ നടത്തിയ പയ്യന്നൂർ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത ശ്രീ. കെ.എൻ. കൃഷ്ണൻ നമ്പ്യാർ, വനസത്യാഗ്രഹത്തിൽ പങ്കെടുത്ത ശ്രീ. കൃഷ്ണമനോലിത്തായ, ഇടയില്ല്യം കുഞ്ഞമ്പുനായർ, കാട്ടൂർ കണ്ണൻ നമ്പ്യാർ, ശങ്കർജി എന്നറിയപ്പെട്ടിരുന്ന ശ്രീശങ്കരൻ, ഗാന്ധിരാമൻ നമ്പ്യാർ തുടങ്ങിയവർ ചിരസ്മരണീയരാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ശ്രീ. കെ.എൻ. കൃഷ്ണൻ നമ്പ്യാർ 1932ൽ കണ്ണൂരിൽവെച്ച് അറസ്റ്റിലാവുകയും ജയിലിലടയ്ക്കപ്പെടുകയും ചെയ്തു. ഉപ്പുസത്യാഗ്രഹവും വനംസത്യാഗ്രഹവും ഗാന്ധിജിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും സ്വാതന്ത്ര്യസമരത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കിയെങ്കിലും ഈ പ്രദേശത്ത് ഒരു ജനകീയ പ്രസ്ഥാനമായി വളർന്നില്ല. വനത്തിൽനിന്ന് തോലും വിറകും ശേഖരിക്കുവാനുള്ള അവകാശം ജനങ്ങൾക്കുണ്ട് എന്ന് സ്ഥാപിക്കാനായിരുന്നു വനം സത്യാഗ്രഹം. കോഴിക്കോട്ടുനിന്നും വനം സത്യാഗ്രഹത്തിൽ പങ്കെടുക്കുവാൻ വളണ്ടിയർമാർ എത്തിയിരുന്നു. സമരത്തെ ബ്രിട്ടീഷുകാർ കർശനമായി നേരിട്ടതോടെ സമരം തുടരാൻ കഴിയാതായി.

കോൺഗ്രസ്സിലെ സോഷ്യലിസ്റ്റുകളായിരുന്ന കേരളീയന്റേയും കൃഷ്ണപ്പിള്ളയുടേയും പ്രേരണയോടുകൂടി ശ്രീ.കെ.എൻ. കൃഷ്ണൻ നമ്പ്യാരുടെ ശ്രമഫലമായി 1940ൽ കാടകം കോരിക്കണ്ടത്തിൽ ഒരു കർഷകസമ്മേളനം നടത്തിയതാണ് കർഷകപ്രസ്ഥാനത്തിന്റെ വളർച്ചയെ സൂചിപ്പിക്കുന്ന ഒരു സംഭവം. ശ്രീ. മൊയ്തുമൗലവി, ശ്രി.കെ.കേളപ്പൻ, ശ്രീ. എൻ.സി. കണ്ണൻ ന

മ്പ്യാർ, പറശ്ശിനിമഠപ്പുര ഗോപാലൻ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. എങ്കിലും കർഷകർക്ക് ഒരു സംഘടിത ശക്തിയാകാനും ജന്മിമാരുടെ ചൂഷണത്തിന് എതിരെ ശക്തമായി പ്രതികരിക്കാനും കഴിഞ്ഞിട്ടില്ല. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്നപ്പോൾ ശ്രീ. ഇ.കെ.നായനാർ, ശ്രീ. ടി. എസ്.തിരുമുമ്പ്, ശ്രീ. കെ.മാധവൻ, ശ്രീ. കേരളീയൻ, ശ്രീ. പി. അമ്പുനായർ തുടങ്ങിയവർ കാടകം സന്ദർശിക്കുകയും ഒളിവിൽ കഴിയുകയും ചെയ്തിട്ടുണ്ട്.

ജാതിവ്യവസ്ഥ സജീവമായി നിലനിൽക്കുകയും അയിത്തം ആചരിക്കപ്പെടുകയും ചെയ്തിരുന്നു. ഹരിജനവിഭാഗങ്ങൾ എന്നും അകറ്റിനിർത്തപ്പെട്ടിരുന്നു. ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാനോ അമ്പലക്കുളത്തിൽ കുളിക്കുവാനോ അവരെ അനുവദിച്ചിരുന്നില്ല. ഹോട്ടലുകളിൽ പോലും ചിരട്ടകളിലാണ് അവർക്ക് ചായ കൊടുത്തിരുന്നത്. നിയമങ്ങളും സ്വാമി ആനന്ദതീർത്ഥന്റെ പ്രവർത്തനങ്ങളും ഈ സമ്പ്രദായത്തിന് മാറ്റങ്ങളുണ്ടാക്കി. ഗ്ലാസ്സിൽ ചായ കൊടുക്കാൻ തുടങ്ങിയപ്പോൾ ഹരിജനങ്ങൾക്ക് കൊടുക്കുന്ന ഗ്ലാസ്സുകൾ പ്രത്യേകം സൂക്ഷിക്കുവാൻ തുടങ്ങി. അതും ക്രമേണ ഇല്ലാതായി. സമൂഹത്തിനെറ മുഖ്യധാരയിലേക്ക് അവർ വന്നുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസത്തിനായി 'എഴുത്തൂട്ട്' എന്നു വിളിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങളാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്. ആദ്യത്തെ വിദ്യാലയം ആദൂരിൽ തുടങ്ങിയതിനുശേഷം കാടക ഗ്രാമത്തിലെ വടക്കേക്കരയിൽ ഒരു ഗവ: സ്കൂൾ ആരംഭിച്ചു. കർണ്ണാടകമായിരുന്നു മാധ്യമം. സ്കൂൾ തുടർന്നുകൊണ്ടുപോകാൻ ആവശ്യമായ കുട്ടികളെ കിട്ടാത്തതിനാൽ അത് അടച്ചു. 1927 ലാണ് കാടകത്ത് ഗവ: എൽ.പി. സ്കൂൾ തുടങ്ങിയത്.

ഭൂപ്രകൃതി

കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞാണ് മൊത്തം പ്രദേശത്തിന്റെ കിടപ്പ് എങ്കിലും കുന്നുകളുടെ ചെരിവുകൾ എല്ലാ ഭാഗത്തേക്കും കാണാം. മുൻകാലങ്ങളിൽ ജനവാസം താഴ്വാരങ്ങളിൽ മാത്രമായിരുന്നെങ്കിൽ ജനസംഖ്യയിലുണ്ടായ വലിയ വർദ്ധനവ് കുന്നിൻമുകളിലും ചെരിവുകളിലും വീടുവെച്ചുതാമസിക്കുവാൻ ജനങ്ങളെ നിർബ്ബന്ധിതരാക്കി. കാറഡുക്ക പഞ്ചായത്തിലെ 4,5 വാർഡുകളിൽ റിസർവ് വനം ഉണ്ട്. നൈസർഗിക വനത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നു. സെലക്ഷൻ ഫെല്ലിങ്ങും ക്ലിയർ ഫെലിങ്ങും വനത്തിന്റെ ശോഷണത്തിന് വേഗത കൂട്ടി. അവിടങ്ങളിൽ അക്കേഷ്യ മരങ്ങളാണ് വച്ചുപിടിപ്പിച്ചിട്ടുള്ളത്.

വനമണ്ണ്, കുന്നികളിലും ചരിവുകളിലും ചെങ്കൽമണ്ണ്, ചെമ്മണ്ണ്, എക്കൽ മണ്ണ് എന്നിവയാണ് പൊതുവെ കണ്ടുവരുന്ന മണ്ണിനങ്ങൾ. ചെങ്കൽമണ്ണ് വ്യാപകമായി കാണുന്നു. പൊതുവെ ഫലപുഷ്ടി കുറഞ്ഞ മണ്ണാണിത്. കശുമാവിൻതോട്ടങ്ങാണ് ഇത്തരം മണ്ണിൽ ഉള്ളത്. പഞ്ചായത്തിലെ ഏറ്റവും ഉയർന്നഭാഗം മായിലാൻ കോട്ടയാണ്. തുക്കേരി നായ്ക്കന്റെ വംശപരമ്പരയിൽപ്പെട്ടവരുടെ കോട്ടയായിട്ടാണ് അത് അറിയപ്പെടുന്നത്. കോട്ടയുടെ അവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്ന ഈ പ്രദേശം ഇപ്പോൾ കാഷ്യൂ പ്ലാൻറേഷന്റെ ഭാഗമായിക്കഴിഞ്ഞു. ചരിത്രകുതുകികൾ പുറത്തുകൊണ്ടുവരാൻ വിശദമായ പഠനം ആവശ്യമാണ്.

ജലപ്രകൃതി

കാറഡുക്ക പഞ്ചായത്തിലെ എല്ലാഭാഗങ്ങളിലും സാമാന്യം നല്ല മഴ ലഭിക്കുന്നു. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ കാലങ്ങളിൽ തൊട്ടുരുമ്മി ഒഴുകുന്ന പയസ്വിനി ഉഗ്രരൂപിണിയായി മാറുന്നു. എന്നാൽ മഴവെള്ളം മുഴുവൻ യാതൊരു തടസ്സവുമില്ലാത്തതിനാൽ സമുദ്രത്തിലേക്കൊഴുകുന്നു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ ഭാഗത്തും അനുഭവപ്പെടുന്നു. ദശകങ്ങൾക്കുമുമ്പേ കേട്ടിരുന്ന പയസ്വിനി പദ്ധതിയുടെ ബോർഡുകൾ പല സ്ഥലത്തും സ്ഥാപിക്കുകയും ദ്രവിച്ചുപോവുകയും ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി ഇപ്പോഴും കടലാസുപദ്ധതിയായി തുടരുന്നു. പ്രസ്തുത നദിക്ക് അണയോ തടയണയോ നിർമ്മിച്ചാൽ കാറടുക്ക പഞ്ചായത്തിലേയും കുടിവെള്ളപ്രശ്നവും ജലസേചനപ്രശ്നവും പരിഹരിക്കുവാൻ സാധിക്കും.

ജനപ്രകൃതി

വിവിധ മതക്കാരും ഭാഷക്കാരും ജീവിക്കുന്ന ഒരു പ്രദേശമാണ് കാറഡുക്ക പഞ്ചായത്ത്. മലയാളം, കന്നട, തുളു, കൊങ്ങിണി, മറാഠി എന്നീ ഭാഷകളുടെ സംഗമഭൂമിയാണിത്. ഏകദേശം 400 വർഷങ്ങൾക്കുമുമ്പുതന്നെ കുടിയേറിയവരാണ് ഇവിടെയുള്ള മുസ്ലീംങ്ങൾ. മതത്തിന്റെ പേരിലുള്ള സംഘർഷം ഇല്ലെന്നുതന്നെ പറയാം. മുഖ്യമായും ഒരു കാർഷികമേഖലയായ ഈ പഞ്ചായത്തുപ്രദേശത്തെ ജനങ്ങൾ പരമ്പരാഗതമായ തൊഴിലിൽ നിന്നും മാറിപ്പോകുന്നതായി കാണുന്നു. സ്ത്രീത്തൊഴിലാളികളിൽ കൂടുതലും കാർഷികവൃത്തിയിൽ നിന്നും ബീഡിവ്യവസായത്തിലേക്ക് നീങ്ങിയിരിക്കുന്നു. ബീഡിമേഖലയും പ്രതിസന്ധിയെ നേരിടുന്നത് തൊഴിലാളികളെ ആശങ്കാകുലരാക്കുന്നു. വസ്ത്രനിർമ്മാണത്തിലേക്ക് ധാരാളം പെൺകുട്ടികൾ ആകർഷിക്കപ്പെട്ടുകഴിഞ്ഞു. കാർഷികവൃത്തി ചെയ്യാനുള്ള വൈമുഖ്യം കാർഷികമേഖല നേരിടുന്ന ഒരു പ്രതിസന്ധിയാണ്.

മുൻകാലങ്ങളിൽ ആയുർവേദ ചികിത്സാരീതിയാണ് ജനങ്ങൾ സ്വീകരിച്ചിരുന്നത്. പാരമ്പര്യ വൈദ്യന്മാരായ ശ്രീ. കൃഷ്ണനായർ, ശ്രീ. കൊച്ചിമുത്തുനായർ, ശ്രീ. രാമകൃഷ്ണോജിറാവു തുടങ്ങിയവരുടെ സേവനം ജനങ്ങൾക്ക് ലഭിച്ചിരുന്നു. വിഷചികിത്സയിലും പാരമ്പര്യ വൈദ്യന്മാരുടെ സേവനം ലഭ്യമായിരുന്നു. ആദ്യകാലത്ത് കാറഡുക്ക സ്ക്കൂളിൽ അധ്യാപകനായിരുന്ന തളാപ്പ് മാഷ് എന്നറിയപ്പെട്ടിരുന്ന ശ്രീ. കൃഷ്ണമാസ്റ്ററുടെ പേര് വിഷചികിത്സയിൽ പ്രത്യേകം പ്രസ്താവയോഗ്യമാണ്. കാടകം ശ്രീ. കെ.എൻ. കുഞ്ഞമ്പുനമ്പ്യാർ, ബേർളം ശ്രീ. ടി. നാരായണൻ എന്നിവരും വിഷചികിത്സ നടത്തിയിരുന്നെങ്കിലും ആശുപത്രികളിൽ ഫലപ്രദമായ ചികിത്സ ലഭ്യമായതോടെ അവർ ഈ രംഗത്ത് നിന്നും പിൻവാങ്ങിയിരിക്കുന്നു.

★ ★ ★

"വിജയം മുൻകൂട്ടിയുള്ള തയ്യാറെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു. അങ്ങിനെ ഒരു തയ്യാറെടുപ്പില്ലെങ്കിൽ പരിപൂർണ്ണപരാജയമായിരിക്കും ഫലം"

- കൺഫ്യൂഷ്യസ്

4

കൃഷിയും ജലസേചനവും

കാറഡുക്ക പഞ്ചായത്തിന് കാർഷികമേഖലയിൽ സമൃദ്ധിയുടെ ഒരു ചരിത്രകാലവും പ്രതിസന്ധിയുടെ ഒരു വർത്തമാനകാലവുമാണുള്ളത്. 1950-ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതിനുമുമ്പ് തന്നെ കൃഷി ഒരു പാഠ്യവിഷയമായി പഠിപ്പിക്കുകയും കുട്ടികൾക്ക് പ്രായോഗിക പരിശീലനം നടത്തുന്നതിന് ഉച്ചക്കുശേഷം അവധി നൽകുകയും ചെയ്തിരുന്നു. കുട്ടികളുടെ കാർഷികപ്രവർത്തനങ്ങൾ അധ്യാപകർ നേരിട്ടു വിലയിരുത്തുക പതിവായിരുന്നു. ശാസ്ത്രീയമായി ഇന്നു തെളിയിക്കപ്പെട്ട വിളപര്യയം സമീപകാലം വരെ പ്രയോഗത്തിലുണ്ടായിരുന്നു. ഇന്ന് തുടച്ചുമാറ്റപ്പെട്ട കരിമ്പ് സമൃദ്ധമായി അന്ന് വിളയിക്കപ്പെട്ടു. നെല്ല്, പയറുവർഗ്ഗങ്ങൾ, കന്നുകാലിവളർത്തൽ ഇവ ചേർന്ന അന്നത്തെ ചാക്രികകൃഷിരീതി മണ്ണിന്റെ ഫലപുഷ്ടി സംരക്ഷിക്കുന്നതിൽ ഏറെ സഹായകരമായിരുന്നു.

നൂറ്റാണ്ടുകൾക്കുമുമ്പ് ബല്ലാക്കന്മാരുടെയും പിന്നീട് മധ്യവർത്തികളായ ജന്മിമാരുടെയും ചൂഷണത്തിന് കർഷകർ വിധേയരായിരുന്നുവെന്നാണ് നാട്ടറിവ്. കുടിയാന്മാരിൽ നിന്നും പാട്ടം തത്വദീക്ഷയില്ലാതെ പിരിക്കൽ, പാട്ടബാക്കി വരും വർഷങ്ങളിൽ നൽകൽ, അനുസരിക്കാത്തവരുടെ വീട്ടിൽ ഒടികെട്ടൽ ഇവ അന്നത്തെ ചില ശിക്ഷാസമ്പ്രദായങ്ങളായിരുന്നു. ഇത്തരം അനീതികളെ എതിർത്തുകൊണ്ട് ഒരു സംഘടിത സമരമെങ്കിലും ഈ പഞ്ചായത്തിലെങ്ങും നടന്നതായറിവില്ല.

ഭൂപ്രകൃതി:- കിഴക്കുനിന്നും പടിഞ്ഞാറ് ഇടവിട്ട് ചാഞ്ഞിറങ്ങുന്ന കുന്നുകളും താഴ്വരകളും നിറഞ്ഞ പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള കുന്ന് മിഞ്ചിപ്പദവിന് സമീപമുള്ള 'മാവിലൻ കോട്ട'യാണ്. പൊതുവെ ഊഷ്മളമായ വരണ്ട കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. പഞ്ചായത്തിലെ 5, 9 വാർഡുകളിൽ പകുതിയോളം വനങ്ങളാണ്.

മണ്ണിനങ്ങൾ:- പൊതുവെ ചെങ്കൽമണ്ണ് കാണപ്പെടുന്ന ഈ പ്രദേശത്ത് പയസ്വിനി പുഴയുടെ തീരത്തായി എക്കൽമണ്ണുണ്ട്. പഞ്ചായത്തിൽ ചെങ്കല്ലിന്റേയും ആഗ്നേയശിലയുടെയും ശേഖരമുണ്ട്.

ജലവിഭവം:- പഞ്ചായത്തിലെ ഏകപുഴയായ പയസ്വിനി 4,5,6,8,9 വാർഡുകളെ സ്പർശിച്ചുകൊണ്ട് പോകുന്നു.

ജലവിഭവങ്ങളുടെ പട്ടിക

വാർഡ് നമ്പർ	1	2	3	4	5	6	7	8	9
തോടുകൾ	3	3	1	1	3	1	4	5	5
കുളങ്ങൾ				1			1		

അവലംബം : സെക്രട്ടറി ഡാറ്റ

ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ ഏക്കറിൽ

വില്ലേജ്	നഞ്ച	പുഞ്ച	തോട്ടം	തരിശ്	പുറമ്പോക്ക്	ആകെ വിസ്തീർണ്ണം (ഏക്കറിൽ)
ആദൂർ	861.60	616.15	179.32	3696.27	248.98	5607.44
കാറഡുക്ക	248.98	506.01	288.46	3452.38	122.04	4617.87

അവലംബം : വില്ലേജ് ഓഫീസ് കാറഡുക്ക

പഞ്ചായത്തിന്റെ കിടപ്പ് മണ്ണൊലിപ്പിനെ ത്വരിതപ്പെടുത്തുന്ന രീതിയാണ്. ശരാശരി ഫലപുഷ്ടി മാത്രമാണ് മണ്ണിനുള്ളത്. എന്നാൽ മിക്കവിളകളും ഉൽപാദിപ്പിക്കുവാൻ കഴിയുമെന്നാണ് അനുഭവസമ്പന്നരായ കർഷകരുടെ അഭിപ്രായം.

വാർഡ്	നാമമാത്രകർഷകർ	ചെറുകിട കർഷകൻ	വൻകിട കർഷകർ
1	400	407	80
2	232	137	55
3	246	144	34
4	258	224	76
5	226	308	68
6	207	197	38
7	323	246	15
8	358	297	22
9	193	103	-
ആകെ	2443	2063	388

അവലംബം : കൃഷിഭവൻ

വിളവിസ്തീർണ്ണവും ഉൽപാദനക്ഷമതയും

ക്രമനമ്പർ	വിള	വിസ്തീർണ്ണം	ഉൽപാദനക്ഷമത
1	കവുങ്ങ്	520 ഹെ.	11/2 ടൺ
2	നെല്ല്	150 ഹെ.(ഒന്നാംവിള) 80 ഹെ (രണ്ടാം വിള)	2200 കി. 260 കി.
3	കശുമാവ്	800 ഹെ.	-
4	തെങ്ങ്	280 ഹെ.	60 എണ്ണം
5	കുരുമുളക്	40 ഹെ.	2500 കി.

അവലംബം : കൃഷിഭവൻ

മുഖ്യവിളകൾ

കവുങ്ങ് :

പഞ്ചായത്തിലെ മുഖ്യവിളയാണിത്. 1995ലെ ഒരുവർഷം കാംകോവിന്റെ മുള്ളേരിയ ശാഖ നടത്തിയ 23918204 രൂപയുടെ ഇടപാട് ഈ മേഖലയുടെ പ്രാധാന്യം എടുത്തുകാട്ടുന്നു. സഹകാര്യമേഖലയുടെ ഇടപാടും ഇത്രതന്നെ വരുമെന്നാണ് നിഗമനം. കർഷകരുടെ സമ്പദ്ഘടനയെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഇന്നത്തെ വിലയിൽ കർഷകർ പൊതുവെ സംതൃപ്തരാണ്. കാംകോ അടക്കവില പിടിച്ചുനിർത്തുന്നതിൽ വളരെയധികം സഹായിക്കുന്നുണ്ട്. കവുങ്ങുകൃഷി കൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. വയലുകൾ നികത്തി കവുങ്ങ് കൃഷിചെയ്യുന്ന ഒരു പ്രവണത കൂടിവരുന്നതായി കാണാം. ഈ മേഖലയിൽ പരിമിത കർഷകർ മുതൽ വൻ

കിട കർഷകരെ വരെ കാണാം. നാടൻ ഇനങ്ങൾ മുതൽ അത്യുൽപാദനശേഷിയുള്ള മംഗള വരെയുള്ള അടക്ക വിത്തുകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. ശാസ്ത്രീയമായ കൃഷിരീതികൾ സ്വീകരിക്കുന്നതിൽ കർഷകർ ഒട്ടുംതന്നെ വിമുഖത പ്രകടിപ്പിക്കുന്നില്ല. ജന്മിമാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന വയലുകളിൽ കവുങ്ങ് കൃഷിചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. എന്നാൽ മാറിവന്ന ഭൂവുടമസ്ഥ സമ്പ്രദായം വയലുകളെ കവുങ്ങിൻ തോട്ടങ്ങളായി മാറ്റുന്നതിന് പ്രേരണ നൽകി. കവുങ്ങ് കൃഷിക്ക് ജലസേചനം അത്യാവശ്യമാണ്. മിക്കപ്രദേശങ്ങളിലും വൈദ്യുതി ലഭ്യമല്ല. ഇത്തരം പ്രദേശങ്ങളിൽ മണ്ണെണ്ണയും ഡീസലും ഉപയോഗിക്കുന്നു. വൈദ്യുതി ഏറ്റവും ആവശ്യമായി വരുന്ന വേനൽക്കാലത്ത് രൂക്ഷമായി വൈദ്യുതിക്ഷാമം അനുഭവപ്പെടുന്നു. ഈ ഘട്ടത്തിൽത്തന്നെ പല സ്ഥലങ്ങളിലും ജലദൗർബല്യവും അനുഭവപ്പെടുന്നു. പ്രകൃതിക്ഷോഭം എല്ലാവർഷങ്ങളിലും ഈ കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. മുഖ്യവിളയായ കവുങ്ങിന്റെ സംരക്ഷണത്തിനും കൂട്ടായ യത്നം ആവശ്യമാണ്.

കശുമാവ് :

കേരളത്തിന്റെ മൊത്തം വിസ്തൃതിയിൽ കശുമാവ് കൃഷി കേവലം 4% മാത്രമാണ്. എന്നാൽ മൊത്തം വിസ്തൃതിയുടെ 20%ത്തോളം പഞ്ചായത്തിൽ വ്യാപിച്ചിരിക്കുന്നു. ഈ വിള കർഷകരുടെ രണ്ടാമത്തെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗമാണ്. സർക്കാർ തോട്ടങ്ങളൊഴിച്ച് ഒരിടത്തും ശാസ്ത്രീയമായി കൃഷി ചെയ്യുന്നില്ല. നാടൻവിത്തുകളും തൈകളും കൃഷിചെയ്യുന്നതിലാണ് കർഷകർ പൊതുവെ താൽപര്യം പ്രകടിപ്പിക്കുന്നത്. സങ്കരയിനം തൈകൾ ഉപയോഗിക്കുന്നതിൽ അവർ വിമുഖത പ്രകടിപ്പിക്കുന്നത് ഇത്തരം തൈകൾക്ക് രോഗപ്രതിരോധശക്തി കുറവായതുകൊണ്ടാണ്. എന്നാൽ നാടൻ ഇനങ്ങൾക്കും രോഗബോധ ഏൽക്കുന്നു. സർക്കാറിന്റെ കശുവണ്ടി സംഭരണം മെച്ചപ്പെട്ട വില ലഭ്യമാക്കുന്നുണ്ടെങ്കിലും സംഭരണകേന്ദ്രങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗാളിമുഖത്ത് സ്ഥിതിചെയ്യുന്ന കാഷ്യൂ പ്രൊജനി ഓർച്ചാഡിന്റെ പരിധിയിൽ മാത്രം 44500 ടൺ കശുമാങ്ങ പാഴായിപ്പോകുമ്പോൾ പഞ്ചായത്തിലെ മൊത്തം പാഴായിപ്പോകുന്ന പഴത്തിന്റെ കണക്ക് ഊഹിക്കാവുന്നതേയുള്ളു. പഞ്ചായത്തിലെ കശുമാവ് തോട്ടങ്ങളുടെ മൊത്തം വിസ്തൃതി, ഉൽപാദനക്ഷമത, ആദായം ഇവയെ സംബന്ധിച്ച കണക്കുകളൊന്നും ലഭ്യമല്ല.

ഗാളിമുഖം കശുമാവ് പ്രൊജനി ഓർച്ചാഡ് - പ്രവർത്തനം ഒറ്റനോട്ടത്തിൽ

ക്രമ നമ്പർ	വർഷം	വിത്തുതൈ		ഒട്ടുതൈ		വിത്ത്	
		ഉൽപാദനം	വിതരണം	ഉൽപാദനം	വിതരണം	ഉൽപാദനം	വിതരണം
1	1991-92	8750 Nos	8759 Nos	687 Nos	687 Nos	2314Kg	2314Nos
2.	1992-93	50129 Nos	50192 Nos	6632 Nos	6632 Nos	2210 Kg	2219 Nos
3.	1993-94	-	-	21060 Nos	21060 Nos	1960 Kg	1969
4.	1994-95	-	-	68500 Nos	68500	1671 Kg	1671 Kg
5.	1995-96	-	-	113825 Nos	113825 Nos	1655 Kg	1431 Kg

അവലംബം : കാഷ്യൂ പ്രൊജനി ഓഫീസ്, ഗാളിമുഖം

നെല്ല്

നെൽകൃഷി പഞ്ചായത്തിൽ 150 ഹെക്ടർ സ്ഥലത്തായി വ്യാപിച്ചുകിടക്കുന്നു. കയമ, തവളക്കണ്ണൻ, തൊണ്ണൂറൻ, അരിക്കിരായി എന്നിവ വർഷങ്ങൾക്കുമുമ്പ് ഉപയോഗിച്ചിരുന്ന ചിലയിനം വിത്തുകളായിരുന്നു. ഇതിൽ തൊണ്ണൂറൻ കരകൃഷിക്ക് ഏറ്റവും അനുയോജ്യമായ ഒരു വിത്തിനമായിരുന്നു.

ഇന്ന് ശരാശരി ഹെക്ടറിൽ 1800 കി. മാത്രമാണ് ലഭിക്കുന്നതെന്നാണ് കർഷകരുടെ അനുഭവം. ഉൽപാദനക്ഷമത വർഷം കഴിയുന്തോറും കുറഞ്ഞുവരുന്നു. ആദൂർ, കുണ്ടാർ, കാനക്കോട്, പണിയ, അയർക്കാട്, കാടകം, കൊട്ടങ്കുഴി, ബേർളം ഇവയാണ് പ്രധാനവയലുകൾ. ഇന്ന് വയലുകളുടെ വിസ്തൃതി യഥാർത്ഥ വിസ്തൃതിയുടെ 65% മാത്രമേയുള്ളൂ.

പ്രധാന തോടുകളുടെ എണ്ണം

വാർഡ്നമ്പർ	1	2	3	4	5	6	7	8	9
തോട്ടങ്ങളുടെ എണ്ണം	4	4	1	1	5	1	6	5	4

അവലംബം : സെക്കൻറി ഡാറ്റ

ജലസേചനസംവിധാനം

വാർഡ് നമ്പർ	കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആയക്കെട്ട്
1	-	-	-	1	25 ഹെ.
2	-	-	-	1	26 ഹെ.
3	-	-	-	1	
4	-	-	-	-	
5	-	-	-	-	
6	-	-	-	2	
7	-	-	-	-	
8	-	-	-	-	
9	-	-	-	-	

അവലംബം : കൃഷിഭവൻ

കുരുമുളക്

കുരുമുളക് കൃഷി മൊത്തം വിസ്തൃതിയുടെ ഒരു ശതമാനം മാത്രമാണ്. 40 ഹെക്ടറോളം വരുന്ന ഈ വിളവിൻെറ ഉൽപാദനക്ഷമത ഹെക്ടറിൽ 2500 കി.ഗ്രാം. ആണ്.

പച്ചക്കറി:

പച്ചക്കറി 15 ഹെക്ടറിലായി വ്യാപിച്ചുകിടക്കുന്നു. പാടശേഖരങ്ങളിൽ ഒന്നാംവിളക്ക് ശേഷം ഭൂരിഭാഗം വയലുകളും തരിശായിടുകയാണ് പതിവ്. പഞ്ചായത്തിനാവശ്യമായ പച്ചക്കറിയുടെ സിംഹഭാഗവും കർണ്ണാടകത്തിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. ജലസേചനസൗകര്യം വർദ്ധിപ്പിക്കുക, മികച്ചയിനം ഫലപ്രദമായ രീതിയിൽ ലഭ്യമാക്കുക - ഇത്തരം പ്രവർത്തനങ്ങളിലൂടെ പച്ചക്കറികൃഷി വർദ്ധിപ്പിക്കാം എന്നാണ് കർഷകരുടെ അഭിപ്രായം.

വാഴ, ചേമ്പ്, ചേന, മധുരക്കിഴങ്ങ് മുതലായവ വീട്ടുപറമ്പുകളിൽ കൃഷിചെയ്യുന്നു.

സമീപകാലത്തായി റബ്ബർകൃഷിയോട് പഞ്ചായത്തിലെ കർഷകർക്ക് അഭിനിവേശം തുടങ്ങിയിട്ടുണ്ട്.

കാർഷികവായ്പ സംബന്ധിച്ച വിവരങ്ങൾ 1995-96

ക്രമനമ്പർ	വർഷം	ബാങ്കിന്റെ പേര്	രൂപ
1	1995-96	നോർത്ത് മലബാർ ഗ്രാമീണ ബാങ്ക്, കോട്ടൂർ	468580/-
2.	1995-96	സിൻഡിക്കേറ്റ് ബാങ്ക് മുള്ളേരിയ	2820000/-
3.	1995-96	കാടകം സർവ്വീസ് സഹകരണ ബാങ്ക്	132200/-
4.	1995-96 1-8-96 to 31-10-96	കാർഷിക വികസന ബാങ്ക് മുള്ളേരിയ	13,16,800/-
5.	1995-96	സിൻഡിക്കേറ്റ് ബാങ്ക് കുണ്ടാർ	917000/-

രാസവള-കീടനാശിനി വിവരപ്പട്ടിക 1995-96

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	വർഷം	രാസവളം	കീടനാശിനി	
				ദ്രവം	ഖരം
1	സഹകരണം	1995-96	190276 Kg	116 Litr.	3462 Kg
2	സ്വകാര്യം	1995-96	168177 Kg	471 Litr.	3707Kg

അവലംബം : കൃഷിഭവൻ

കവുങ്ങുകൃഷിയുടെ വികസനത്തിനാവശ്യമായ സർക്കാർതലത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല. മണ്ണുപരിശോധന, ജലസേചന സൗകര്യം മെച്ചപ്പെടുത്തുക, വളം-കീടനാശിനി എന്നിവ കൃത്യസമയത്ത് വിതരണം ചെയ്യുക - ഇവ അടിയന്തിര ശ്രദ്ധ അർഹിക്കുന്നു.

കവുങ്ങ് കർഷകർ അസംഘടിതരാണ്. കവുങ്ങിനെ ബാധിക്കുന്ന മഹാളി, മഞ്ഞളിപ്പ് രോഗങ്ങൾ തടയുന്നതിൽ ഫലപ്രദമായ നടപടികളൊന്നും നടത്തുന്നില്ല.

കശുമാവിനെ ആക്രമിക്കുന്ന തണ്ടുതുരപ്പൻ, തേയിലക്കൊതുക് മുതലായവ ഉൽപാദനത്തെ സാരമായി ബാധിക്കുന്നു.

പഞ്ചായത്തിലെ കൂലിനിരക്ക്

വർഷം	ശരാശരി ദിവസക്കൂലി	
	പുരുഷൻ	സ്ത്രീ
1991-92	40	25
1992-93	50	25
1993-94	60	35
1994-95	75	40

അവലംബം : നാട്ടറിവ്

കാർഷികമേഖലയിൽ ഏറ്റവും രൂക്ഷമായ പ്രതിസന്ധി അനുഭവപ്പെടുന്നത് നെൽകൃഷിയിലാണ്. കൃഷി ഇറക്കുന്നതുമുതൽ കൊയ്യുന്നതുവരെ എല്ലാ മേഖലകളിലും പ്രശ്നങ്ങൾ മാത്രം. തൊഴിലാളികളുടെ അഭാവം, ജലദൗർല്ലഭ്യം, ഫലപുഷ്ടി കുറയുന്ന മണ്ണും, ഉൽപാദനക്ഷമത കുറഞ്ഞ വിത്തിനങ്ങൾ, പരമ്പരാഗത കൃഷിരീതി, ജൈവരാസവളത്തിന്റെ അഭാവം, ലൈദ്യുതി, മണ്ണെണ്ണ, ഡീസൽ മുതലായവയുടെ വിതരണത്തിലുണ്ടാകുന്ന കാര്യശേഷിയില്ലായ്മ, കുലവാട്ടം പോലുള്ള രോഗങ്ങൾ, പാടശേഖര സമിതികളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലുമുണ്ടാകുന്ന പാളിച്ചകൾ, വർദ്ധിച്ചുവരുന്ന കാർഷികച്ചെലവ് എന്നിവയാണ് ഈ രംഗത്ത് അനുഭവപ്പെടുന്ന മുഖ്യപ്രശ്നങ്ങൾ.

കുരുമുളക് :

കുരുമുളക് കൃഷി ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ദ്രുതവാട്ടം, സാവധാനവാട്ടം എന്നീ രോഗങ്ങളാണ് ഇതിന് പ്രധാന കാരണം. രോഗപ്രതിരോധശക്തിയുള്ള നാടൻ ഇനങ്ങൾ വളർത്തുന്നതിനാലാണ് കർഷകർ പൊതുവെ താല്പര്യം പ്രകടിപ്പിക്കുന്നത്.

പച്ചക്കറി

പച്ചക്കറിക്കൃഷിയുടെ ഉൽപാദനം ക്രമാതീതമായി കുറഞ്ഞുവരുന്നു. രോഗബാധയേക്കാൾ ഈ മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നം ഉൽപാദക്ഷമത കുറയുന്നതാണ്. ജൈവവളത്തിന്റെ അഭാവം, ജലദൗർല്ലഭ്യം ഇവ മുഖ്യപ്രശ്നങ്ങളാണ്. ഈ ഗ്രാമങ്ങൾക്കാവശ്യമായ പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ കഴിഞ്ഞിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. സമ്പദ്ഘടനയിലും സാമൂഹ്യവിക്ഷണത്തിനും വന്ന മാറ്റം പച്ചക്കറിക്കൃഷിയെ സാരമായി ബാധിക്കുന്നു.

പയസ്വിനി പുഴയിലെ പാഴായിപ്പോകുന്ന ജലം പ്രയോജനപ്പെടുത്തണം, നഗരകുരി-കരിംബളപ്പ്, മല്ലാവരം, ബേർളം, നെക്കാർളം, കോരിക്കണ്ടം, ബൈച്ചപ്പാടി-ബണ്ണത്താപ്പാടി, ആലന്തടുക്ക, ബളക്ക-തോട്, പൂത്തപ്പലം, കൊട്ടങ്കുഴി-നാവുങ്കാൽ എന്നിവിടങ്ങളിൽ ക്രോസ്ബാർ നിർമ്മിക്കണം. ആലന്തടുക്ക, ബളക്ക, കുക്കങ്കൈമൂല, ബേർലം, കൊയക്കുടിൽ, ഇളയത്തടുത്ത, കരിങ്കടുക്ക, കുണ്ടടുക്ക, കുണ്ടല, കളത്തിൽ, മൂഢമണ്ടമി, ചള്ളങ്കോട്, മിഞ്ചിപ്പഭവ്, കട്ടത്തുവയൽ, മായിലങ്കോട്ട, വെള്ളൂരടുക്ക, എരിക്കളം, ഉയ്ത്തടുക്ക, കൈത്തോട്, പട്ടളത്തുമൂല, ഒയക്കോൽ, കൊട്ടങ്കുഴി, ബെള്ളിഗെ എന്നിവിടങ്ങളിൽ പൊതുകുളങ്ങൾ നിർമ്മിക്കണം. ചേടിക്കുണ്ട് കുളത്തിന്റെ ആഴം വർദ്ധിപ്പിക്കുക. കടപ്പ്-ആളക്കണ്ടം തോടിന്റെ ആഴം കൂട്ടുക.

കാർള്യ, പിണ്ടിക്കായ്, ബീരങ്കോൾ, കാനക്കോട്, മല്ലാവരം, കാർള്യ-അയർക്കാട്, കോളിക്കജ, മുണ്ടോൾമൂല, നെക്കാർളം-ചെന്നാങ്കോട്, അയർക്കാട്-കല്ലിംഗോൾ, ബൈലപ്പാടി-വണ്ണത്തംപാടി, ചവർത്തൊടി, പൂത്തപ്പലം, ആലംന്തടുക്ക, തോട്, ബളക്കാതോട്, കുക്കംങ്കയ, കുണ്ടാർ, കുണ്ടല, ചള്ളങ്കോട്, ചേടിക്കുണ്ട്, എരിക്കുളം, പാമ്പാട്ടി, നാവുങ്കാൽ, ചവർത്തൊടി, ഉയ്ത്തടുക്ക, കൈത്തോട് എന്നീ തോടുകൾക്ക് ഭിത്തി നിർമ്മിക്കുക.

മണ്ണ് പരിപാലനം: മണ്ണൊലിപ്പ് തടയുന്നതിനോ മണ്ണ് പരിശോധിക്കുന്നതിനോ കാര്യക്ഷമായ നടപടികളൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. അശാസ്ത്രീയമായ മണ്ണ് പരിപാലനം, മണ്ണിന്റെ ഉൽപാദനക്ഷമതയെ മാത്രമല്ല മറിച്ച് മണ്ണൊലിപ്പിനും ഉരുൾപൊട്ടലിനും കാരണമായിത്തീരുന്നുണ്ട്. ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ കാർള്യത്തോട് പദ്ധതി മാത്രമാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്. സി.എ. നഗർ-മഞ്ഞംപാറ പദ്ധതിയുടെ പ്രവർത്തനം തുടരുന്നു.

പ്രശ്നങ്ങളും പരിഹാരങ്ങളും

പ്രശ്നങ്ങൾ;

1. കവുങ്ങുകൃഷിയെ ബാധിക്കുന്ന മഹാളിരോഗം, കൃഷിയും വിളവെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
2. നെൽവയലുകളുടെ ദ്രുതഗതിയിലുള്ള അപ്രത്യക്ഷമാകൽ, നെല്ലുകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി.
3. മഴക്കാലത്ത് അനുഭവപ്പെടുന്ന നീർകെട്ട്, തുടർന്ന് അനുഭവപ്പെടുന്ന മണ്ണിന്റെ ആഗിരണശേഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
4. കൃഷിഭവന്റെ അപര്യാപ്തമായ സേവനം.
5. വിളകൾ വിപണനം ചെയ്യുന്നതിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ.
6. ജനങ്ങൾ കാർഷികരംഗത്ത് കാണിക്കുന്ന വിമുഖത.
7. മറ്റു മേഘലകളിലേക്കുള്ള ആളുകളുടെ ചേക്കേറൽ.
8. വിത്തിനങ്ങളുടെ ഉൽപാദനശേഷി ഇല്ലായ്മ.
9. നടീൽ വസ്തുക്കൾ കൃത്യസമയത്ത് ലഭിക്കായ്മ.
10. രോഗം പിടിപെട്ടാൽ സമയത്തിന് പരിഹാരം നിർദ്ദേശിക്കുന്നതിനുള്ള വീഴ്ച.
11. രാസവളം, ജൈവവളം, ജൈവ-കീടനാശിനികൾ ഇവയുടെ അഭാവം.

12. കർഷകർക്ക് ആധുനിക കൃഷിസമ്പ്രദായത്തെപ്പറ്റിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കായ്മ.
13. യന്ത്രവൽക്കരണത്തിന്റെ അഭാവം.
14. പാടശേഖരസമിതികളുടെ അഭാവം.

സാദ്ധ്യതകൾ

1. പയസ്വിനി പുഴയിൽ ഡാം നിർമ്മിക്കുക.
2. അടക്കയുമായി ബന്ധപ്പെട്ട ഒരു വ്യവസായശാലയുടെ സ്ഥാപനം.
3. കൃഷിക്കാവശ്യമായ വൈദ്യുതി യുദ്ധകാലാടിസ്ഥാനത്തിൽ ഏർപ്പെടുത്തൽ.
4. അടക്കാച്ചെപ്പുപയോഗിച്ച് കൂൺനിർമ്മാണം സാദ്ധ്യതകൾ പരിശോധിക്കൽ.
5. നെൽകൃഷി, പച്ചക്കറികൃഷി എന്നിവ വർദ്ധിപ്പിക്കുന്നിന് വയലുകളിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
6. ഓരോ പ്രദേശത്തേയും പാടശേഖര കമ്മിറ്റികളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
7. മണ്ണ് പരിശോധന കാര്യക്ഷമമാക്കുക.
8. എല്ലാ പാടശേഖരക്കമ്മറ്റികൾക്കും യന്ത്രവൽകൃത കൃഷിക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
9. രാസവളവും കീടനാശിനികളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
10. കൃഷിഭവൻ പഞ്ചായത്തിന്റെ ആസ്ഥാനമായ മുള്ളേരിയയിലേക്ക് മാറ്റുക.
11. ജൈവവളത്തെക്കുറിച്ച് ബോധവാന്മാരാക്കുക.
12. ഉദാരമായി ബാങ്ക് വായ്പ അനുവദിക്കുക.
13. മാതൃകാകൃഷിത്തോട്ടങ്ങൾ തെരഞ്ഞെടുത്ത് ബന്ധപ്പെട്ട കർഷകനെ ആദരിക്കുക.
14. വാർഡുകൾതോറും നഴ്സറികൾ ആരംഭിക്കുക.
15. അതാത് പ്രദേശത്തിനിണങ്ങുന്ന വിത്തിനങ്ങൾ വിതരണം ചെയ്യുക.
16. വാർഡ് 2ൽ എം.ഐ. സ്കീം പ്രകാരം രണ്ട് ക്രോസ് ബാർ ലഭിച്ചിട്ടുണ്ട്. ഒന്നാം വാർഡിൽ മുച്ചിലോട്, കോളാടി എന്നീ സ്ഥലങ്ങളിൽ ക്രോസ് ബാർ നിർമ്മിക്കുക.
17. നാർളം കടപ്പ് തോടിനും മുള്ളേരിയ വാളക്കണ്ടം തോടിനും ആഴം കൂട്ടി കരകെട്ടി, കരയിടിച്ചിൽ തടയുക.
18. അലഞ്ഞുതിരിയുന്ന കന്നുകാലിശല്യം തടയാനുള്ള പദ്ധതി തയ്യാറാക്കുക.

പ്രശ്നങ്ങൾ അനേകമുണ്ട്. പരിഹാരമാർഗങ്ങളോ? ഭരണകൂടത്തിന്റേയും കർഷകരുടേയും കൂട്ടായ്മയിലൂടെ പരിഹാരം കാണാം.

5

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പഞ്ചായത്തിൽ മിക്കവാറും എല്ലാ വീടുകളിലും കന്നുകാലികളെ വളർത്തുന്നു. ഏകദേശം 19% സങ്കരയിനങ്ങളും ബാക്കിയുള്ളവ നാടൻ ഇനങ്ങളുമാണ്. കാർഷികരംഗത്തെ യന്ത്രവത്ക്കരണം മൂലം ഉഴവുകാളകൾ അപ്രത്യക്ഷമായി തുടങ്ങിയെങ്കിലും ചില സ്ഥലങ്ങളിൽ ഉഴവുകാളകളെ വളർത്തിവരുന്നു. ആട്, കോഴി എന്നീ വളർത്തുമൃഗങ്ങളും ചെറിയതോതിൽ കണ്ടുവരുന്നു. മേച്ചിൽ സ്ഥലങ്ങൾ കുറവായതാണ് കന്നുകാലി സമ്പത്ത് കുറയാനുള്ള ഒരു പ്രധാനകാരണം. പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തുമുള്ള മൃഗസംരക്ഷണത്തിനുവേണ്ടി മുള്ളേരിയ ആസ്ഥാനമായി ഒരു മൃഗാശുപത്രി സ്ഥിതിചെയ്യുന്നു. പട്ടിക എ-യിൽ നിന്നും പഞ്ചായത്തിലെ വളർത്തുജന്തുക്കളെയും പാൽ/മുട്ട ഇവയുടെ ഉൽപാദനത്തെയും പറ്റി മനസ്സിലാക്കാവുന്നതാണ്.

പട്ടിക 5-എ
വളർത്തുജന്തുക്കളും പാൽ/മുട്ട ഉൽപാദനവും

ഇനം	നാടൻ	സങ്കരം	ഉൽപാദനം പ്രതിമാസം/ലിറ്റർ
പശു	1662	340	3600
എരുമ	150	50	9000
ആട്	1210	30	1400
കോഴി	2700	2200	-
താറാവ്	-	-	-

പശു, എരുമ, ആട്, കോഴി എന്നിവയാണ് പ്രധാന വളർത്തുജന്തുക്കൾ. പഞ്ചായത്തിൽ സങ്കരയിനം വളർത്തുജന്തുക്കളുടെ എണ്ണം വളരെ കുറവാണ്. അതുകൊണ്ടുതന്നെ പാൽ, മുട്ട ഇവയുടെ ഉൽപാദനവും വളരെ കുറവാണ്. മുൻകാലങ്ങളിൽ കോഴി വളരെ കൂടുതലായിരുന്നു. പക്ഷെ, ഇപ്പോൾ ആവശ്യത്തിനുള്ള കോഴി ഇറക്കുമതി ചെയ്യുകയാണ് പതിവ്. കോഴികൾക്കുണ്ടാവുന്ന രോഗമാണ് ഈ രംഗത്ത് പിടിച്ചുനിൽക്കാൻ സാധിക്കാത്തതിന്റെ പ്രധാനകാരണം. എങ്കിലും കുണ്ടാർ, കൊട്ടച്ചാൽ, സി.എ. നഗർ, മഞ്ഞംപാറ, അത്തനടി, പതിമൂന്നാം മൈൽ എന്നിവിടങ്ങളിൽ കോഴിവളർത്തുകേന്ദ്രങ്ങൾ ഉണ്ട്.

കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യത കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപത്ത മുതലായവയാണ് കാലിവളർത്തലിനെ നിരുൽസാഹപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ. കൂടാതെ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ യഥാസമയത്ത് വിപണനം ചെയ്യാനും സാധിക്കുന്നില്ല. മുള്ളേരിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന മിൽക്ക് സൊസൈറ്റി ശേഖരിക്കപ്പെടുന്ന പാൽ 78 ലിറ്റർ മാത്രമാണ്. അർഹമായ പ്രാധാന്യത്തോടെ പ്രോൽസാഹനം നൽകുകയാണെങ്കിൽ ഈ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് സാദ്ധ്യതയുണ്ട്.

പട്ടിക - 5 ബി
കന്നുകാലികളുടെ എണ്ണം

ഇനം	നാടൻ	സങ്കരം	ആകെ
പശു	2655	600	3255
എരുമ	200	50	250
മറ്റുമൃഗങ്ങൾ	2695	-	2695

പട്ടിക - 5 സി

കന്നുകാലികളുടെ രോഗവിവരം

രോഗം	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച
ദഹനസംബന്ധം	1200	200	240	-	50	2000	-	-
ശ്വാസകോശം	40	20	60	-	20	1000	-	-
ഉപായവ	84	12	10	-	-	-	-	–
ത്വക്രോഗം	300	15	20	-	50	500	-	–
ധാതുലവണ അഭാവം	100	40	12	-	50	1000	-	-
പരാദരോഗം	300	50	50	-	50	1000	-	-
പ്രത്യുൽപാദന വ്യവസ്ഥ സംബന്ധമായ	300	60	24	-	10	-	-	-
വന്ധ്യത	15	5	5	-	-	-	-	
അകിടുവീക്കം	120	12	12	-	-	-	-	-
മുടന്തൻപനി	300	15	30	-	-	-	-	-
പകർച്ചവ്യാധി	-	-	-	-	-	-	-	—

കന്നുകാലിവളർത്തലിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്ന ഒരു പ്രധാനഘടകം അവയ്ക്കുണ്ടാകുന്ന രോഗമാണ്. ദഹനസംബന്ധമായ രോഗമാണ് പ്രധാനമായും പിടിപെടുന്നത്. കൂടാതെ ശ്വാസകോശരോഗം, ധാതുലവണങ്ങളുടെ അഭാവം മൂലമുണ്ടാകുന്ന രോഗം, അകിടുവീക്കം മുതലായവയും കുറവല്ല. ചികിത്സാ സൗകര്യങ്ങളുടെ അഭാവം രോഗശമനത്തിന് കാലതാമസം നേരിടാൻ കാരണമാവുന്നു. മുള്ളേരിയയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണെങ്കിൽ ഇതിന് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്.

പട്ടിക - 5 ഡി

കൃത്രിബീജസങ്കലവിവരം

മൃഗം	കൃത്രിബീജസങ്കലനം 2-ൽ അധികം നടത്തിയവ	ഗർഭധാരണത്തിന് ബീജസങ്കലനം നടത്തിയവ
പശു	60	660
എരുമ	10	48

ക്ഷീരോൽപാദന രംഗത്ത് ഉടൻ മാറ്റങ്ങളുണ്ടാക്കാൻ കൃത്രിമബീജസങ്കലനം ഒരു പ്രധാന ഘടകമായി വർത്തിക്കുന്നു. മൊത്തം പശുക്കളുടെ 20%ത്തിലും കൃത്രിമ ബീജസങ്കലനം നടത്തിയാണ് ഗർഭധാരണം സാധ്യമാക്കുന്നത്. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാൻ നടപടി എടുക്കേണ്ടത് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. ചെറിയൊരു ശതമാനം പട്ടികൾക്ക് മാത്രമേ പേവിഷബാധക്കെതിരെയുള്ള കുത്തിവെപ്പ് നടത്തിയിട്ടുള്ളൂ.

പട്ടിക 5 ഇ

പേവിഷ ബാധക്ക് ചികിത്സ നൽകിയ വിവരം

ഇനം	പശു	എരുമ	ആട്	നായ	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നടത്തിയവ	-	-	-	200	1
പേവിഷബാധയ്ക്ക് മറ്റു മരുന്നു നൽകിയവ	12	-	8	10	-

പഞ്ചായത്തിൽ ഏകദേശം 20ഓളം ഗോബർ ഗ്യാസ് പ്ലാൻറുകൾ ഉണ്ട്. കന്നുകാലി വളർത്തൽ മെച്ചപ്പെടുത്തിയാൽ ഗോബർ ഗ്യാസ് പ്ലാൻറുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും അതുവഴി ഇന്ധന ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാനും സാധിക്കും. മാത്രമല്ല ഈ പ്ലാൻറുകളിൽ നിന്നും പുറത്തുവിടുന്ന അവശിഷ്ടം കൂടുതൽ ആഗിരണശേഷിയുള്ള ജൈവവളമായും ഉപയോഗിക്കാവുന്നതാണ്.

സാധ്യതകൾ

1. സങ്കരയിനം പശുക്കളെ വളർത്താനുള്ള സൗകര്യം ഏർപ്പെടുത്തണം.
2. പാൽ വിപണനത്തിന് നിലവിലുള്ള സൗകര്യം വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്.
3. പാൽസംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കണം.
4. കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
5. പുൽകൃഷി പ്രചരിപ്പിക്കുന്നതിന്റെറ ഭാഗമായി കൃഷിഭവൻ മുഖേന ഒരു പുൽകൃഷി തോട്ടം സ്ഥാപിക്കണം.
6. മുള്ളേരിയയിലുള്ള മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം അനുവദിക്കണം. കൂടാതെ മതിയായ ജീവനക്കാരെ നിയമിക്കുകയും വേണം.
7. ശാസ്ത്രീയമായ കന്നുകാലി വളർത്തൽ സംബന്ധിച്ച് ബോധവൽക്കരണം നടത്തണം.

മത്സ്യബന്ധനം

പഞ്ചായത്തിൽ മത്സ്യം വളർത്തൽ പ്രചാരത്തിലില്ലെങ്കിലും ചില സ്ഥലങ്ങളിൽ അതിനുള്ള സാധ്യത ധാരാളം തന്നെ ഉണ്ട്. ചേടിക്കുണ്ട് പോലുള്ള സ്ഥലങ്ങളിൽ പ്രോത്സാഹനം നൽകുകയാണെങ്കിൽ ശുദ്ധജല മത്സ്യകൃഷി വളരെ ലാഭകരമായിത്തന്നെ നടത്താവുന്നതാണ്.

ഉൽപാദരംഗത്ത് ഉടൻ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നത് കൃഷി അനുബന്ധമേഖലകളിലാണെന്ന് പരക്കെ അംഗീകരിക്കപ്പെടുന്നു. ഇതിൽ തന്നെ പെട്ടെന്നൊരു കുതിച്ചുചാട്ടത്തിന് കൂടുതൽ സാദ്ധ്യത നൽകുന്നത് മൃഗസംരക്ഷണമേഘലയത്രെ. അതുകൊണ്ടുതന്നെ ഈ മേഖല പുഷ്ടിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

☆ ☆ ☆

6

വ്യവസായം

കാർഷികമേഖലക്ക് മുൻതൂക്കമുള്ള കാറഡുക്ക പഞ്ചായത്തിൽ വ്യാവസായികമേഖല ശൈശവാവസ്ഥയിലാണ്. പേരിനുമാത്രം നിലവിലുള്ള പരമ്പരാഗത കൈത്തൊഴിലുകളായ നെയ്ത്ത്, തഴപ്പായനിർമ്മാണം, ചെങ്കൽവെട്ട് എന്നിവയൊഴികെ ആധുനിക ജീവിതത്തിലെ മറ്റു മേഖലകളൊന്നും തന്നെ ഈ പഞ്ചായത്തിനെ വരിച്ചിട്ടില്ല. പരമ്പരാഗത മേഖലകൾതന്നെ നിലനിൽപ്പിനുവേണ്ടി പൊരുതുന്ന അവസ്ഥയിലാണ്. ഈ പഞ്ചായത്തിന്റെ ആസ്ഥാനമായ മുള്ളേരിയയിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന എണ്ണയാട്ടുമില്ലുകളും, പ്രിന്റിംഗ് പ്രസ്സുകൾ, കൂൾബാറുകൾ എന്നിവ മാത്രമാണ് വ്യാവസായിക ഭൂപടത്തിലെ മഷിപ്പാടുകൾ. ബീഡി തെറുപ്പ് ഉപജീവനമാക്കിക്കഴിയുന്ന കുടുംബങ്ങൾ (25%) ഇരുപത്തഞ്ചു ശതമാനം വരുമെങ്കിലും ഈ മേഖല കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ ഒരു നെയ്ത്തു സൊസൈറ്റി രൂപീകരിച്ചുവെങ്കിലും അതിന്റെ പ്രവർത്തനം ഇനിയും തുടങ്ങിയിട്ടില്ല. അതുപോലെ സഹകരണ ബേക്കറി ആരംഭിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനം ഇതുവരെ ഉണ്ടായിട്ടില്ല. അസംസ്കൃത വസ്തുക്കൾ (കാർഷികോൽപ്പന്നങ്ങൾ) യഥേഷ്ടം ലഭ്യമായ ഈ പ്രദേശത്തിന്റെ വ്യാവസായിക വളർച്ച പരിതാപകരമാണ്. വിപണന സാദ്ധ്യതയില്ലാത്തതുകാരണം സിമന്റ് കട്ട നിർമ്മാണ ശാലയുടെ പ്രവർത്തനവും നിലച്ചിരിക്കുന്നു. എന്നാൽ ഉള്ള വിപണന സാധ്യതകൾ ചൂഷണം ചെയ്യാൻ പറ്റുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങിയും ശാസ്ത്രീയമായബോധവൽക്കരണത്തിലൂടെയും ഈ പഞ്ചായത്തിന്റെ വ്യാവസായിക മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാക്കാൻ സാധിക്കും.

പട്ടിക 6 എ
നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പുരുഷൻ	സ്ത്രീ	ആകെ
1.	കാടകം നെയ്ത്ത് സഹകരണസംഘം	പ്രവൃത്തി തുടങ്ങിയിട്ടില്ല		
2.	കാടകം സഹകരണബേക്കറി	4	-	4
3.	കാസാഗോഡ് താലൂക്ക് ഷെഡ്യൂൾ സഹകരണസംഘം (മുള്ളേരിയ)			
4.	കേരള ദിനേശ് ബീഡി സഹകരണസംഘം (2 ശാഖകൾ)	6	172	178

പട്ടിക 6 ബി
നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		
		പുരുഷൻ	സ്ത്രീ	ആകെ
1.	നെയ്ത്ത്	11	3	14
2.	തഴപ്പായ നെയ്ത്ത്	30	57	87
3.	കൊട്ടനിർമ്മാണം	21	13	34
4.	ഇരുമ്പ് പണിയായുധം	9	-	9
5.	സ്വർണപണി	12	-	12
6.	പാളത്തൊപ്പി നിർമ്മാണം	8	8	16
7.	ആയുർവേദ ഔഷധ നിർമ്മാണം	5	-	5
	ആകെ	94	81	175

പട്ടിക 6 സി
മറ്റു ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		
		പുരുഷൻ	സ്ത്രീ	ആകെ
1	വസ്ത്രനിർമ്മാണം	97	52	149
2	ഭക്ഷ്യസംസ്ക്കരണം (ചെറുകിട ഹോട്ടൽ)	69	10	79
3	പ്രിൻറിംഗ് പ്രസ്	6	9	15
4	എൻജിനീയറിംഗ് വർക്ക്ഷോപ്പ്	15	-	15
5	ടയർ റീട്രേഡിംഗ്	6	-	6
6	കൂൾബാർ	10	-	10
7	കൊപ്രസംസ്ക്കരണം	10	-	10
8	സോഡാ നിർമ്മാണം	8	-	8
9	കോഴിവളർത്തൽ	16	-	16
10	ചെങ്കൽവെട്ട് (യന്ത്രവൽകൃതം ഉൾപ്പെടെ)	170	10	180

മേൽപ്പറഞ്ഞ യൂണിറ്റുകൾക്ക് പുറമെ ബീഡി നിർമ്മാണ രംഗത്ത് ഒരു നല്ല ശതമാനം ആളുകൾ ജോലി ചെയ്യുന്നു. വ്യക്തമായ കണക്ക് ലഭ്യമല്ല. കാരണം കൂടുതൽ ആളുകളും ദിനേശ് സഹകരണസംഘം, മറ്റു സഹകാര്യബീഡി ഏജൻസികൾ എന്നിവയുടെ കുടിൽ ബീഡി തുറുപ്പ് നടത്തുന്നു. എങ്കിലും ഏകദേശം ഇത്രതന്നെ

ആളുകൾ പഞ്ചായത്തിന് പുറത്തുള്ള ദിനേശ് സംഘങ്ങളിലും അതുപോലെ സ്വകാര്യ ഏജൻസികളുടെ കീഴിലും ബീഡിതുറുപ്പ് നടത്തുന്നു. ഏകദേശം 12 സ്വകാര്യ ബീഡിയൂണിറ്റുകൾ പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീപങ്കാളിത്തം വ്യാവസായികമേഖലയിൽ

വ്യാവസായികമേഖലയിലെ സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്. ഇത് ടൈലറിംഗ്, ബീഡിതെറുപ്പ് എന്നിവയിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഈ മേഖലകൾതന്നെ മറ്റു പോംവഴികൾ ഇല്ലാതെ ആശ്രയിക്കപ്പെട്ടവയാണ്. ടൈലറിംഗ് രംഗം പൊതുവെ പുരുഷാധിപത്യത്തിലാണ്. അനാകർഷകമായ വരുമാനം ഈ രംഗത്തെ അനാരോഗ്യകരമായപ്രവണതയാണ്. പുരുഷമേധാവിത്വം ഈ ഉൾനാടൻ പഞ്ചായത്തിന്റെറ മുഖമുദ്രയായ പശ്ചാത്തലത്തിൽ, വ്യാവസായി സംരംഭങ്ങളിലെ സ്ത്രീ പങ്കാളിത്തത്തിന്റെറ അഭാവം അതിശയോക്തിക്ക് അവകാശമില്ലാത്തതാണ്. എന്നാൽ ബഹുഭൂരിഭാഗം യുവതികളും ടൈലറിംഗ് അഭ്യസിച്ചവരും അഭ്യസിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

ഊർജിതമായ ബോധവൽക്കരണം കൊണ്ടുമാത്രമേ വ്യാവസായികമേഖലയിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കൂ. വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ മുഖാന്തിരം സംരംഭകരെ നിദ്രാവസ്ഥയിൽ നിന്നും തൊട്ടുണർത്താൻ വസ്തുനിർമ്മാണം, പോലുള്ള ചെറുകിട മേഖലകൾ അസംഖ്യം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. സ്ത്രീപങ്കാളിത്തം കൂടുതലുള്ള ബീഡി വ്യവസായ മേഖല അനിശ്ചിതത്വത്തിലായ ഈ കാലഘട്ടത്തിൽ കൂൺകൃഷി, കന്നുകാലിവളർത്തൽ, പഴം, പച്ചക്കറി സംസ്ക്കരണം തുടങ്ങിയ മേഖലകളിലേക്ക് തിരിച്ചുവിടുന്ന കാര്യം പരിശോധിക്കണം. അതുപോലെ പഞ്ചായത്തിലെ അസംസ്കൃതപദാർത്ഥങ്ങളായ നാളികേരം, കശുമാങ്ങ, കശുവണ്ടി എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ പ്രായോഗികമായ സാധ്യതകളുടെ അടിസ്ഥാനത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം.

ചുരുങ്ങിയ ചിലവിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

1. കോഴിവളർത്തൽ
2. മരംകൊണ്ടുള്ള ഫർണ്ണീച്ചർ നിർമ്മാണം
3. ഉന്നതനിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ
4. അലക്ക്സോപ്പ്, കുളിസോപ്പ് നിർമ്മാണം
5. റെക്സിൻ ബാഗ് നിർമ്മാണം
6. പഴം, ജാമുകൾ
7. നോട്ട്ബുക്ക് നിർമ്മാണം
8. പുഷ്പകൃഷി

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ.

1. ചിരട്ടപ്പൊടി
2. ചിരട്ടകൊണ്ടുള്ള കരകൗശലവസ്തുക്കൾ
3. ചിപ്സ് നിർമ്മാണം
4. പഴം ജാമുകൾ
5. പേപ്പർപൾപ്പ് കൊണ്ടുള്ള കട്ടിക്കടലാസുകൾ, മറ്റുകരകൗശല ഉൽപന്നങ്ങൾ.
6. കശുമാങ്ങ കൊണ്ടുള്ള ഉൽപന്നങ്ങൾ.
7. മറ്റുപഴങ്ങൾ കൊണ്ടുള്ള ശീതളപാനീയങ്ങൾ.
8. ക്ഷീരോത്പന്നങ്ങൾ.

വ്യാവസായിക വളർച്ച കൈവരിക്കാൻ കഴിയാത്തതിന്റെ മുഖ്യകാരണങ്ങൾ

1. കാർഷികമേഖലയിലെ ഉൽപന്നങ്ങളെ വ്യാവസായിരംഗത്തേക്ക് കൊണ്ടുവരാനുള്ള ശ്രമം ഉണ്ടായില്ല.
2. വ്യവസായത്തിന് ആവശ്യമായ വൈദ്യുതിലഭ്യതയിലുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു.
3. സാങ്കേതിക പരിജ്ഞാനത്തിന്റെ അപര്യാപ്തത. ഉൽപന്നങ്ങളുടെ വിപണനത്തിന് വേദികൾ ഇല്ലാത്തത്.
4. പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിലാളികൾക്ക് പരിശീലനം നൽകാനുള്ള വേദികൾ ഇല്ലാത്തത്.
5. വ്യാവസായിക മേഖലകളുമായുള്ള സമ്പർക്കക്കുറവ്.
6. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയബോധവൽക്കരണത്തിന്റെ കുറവ്.
7. ഒരു തൊഴിലിനും ഏകീകരിച്ച കൂലിസമ്പ്രദായം ഇല്ലാത്തത്.

പട്ടിക 6 എഫ്
വിവിധമേഖലകളിലെ കൂലിനിരക്ക് (ശരാശരിയിൽ)

		പുരുഷൻ	സ്ത്രീ
1	നെയ്ത്ത്	50	39
2.	ബീഡിനിർമ്മാണം	38	38
3.	വസ്ത്രനിർമ്മാണം (റെഡിമെയ്ഡ്)	60	30
4.	ഇരുമ്പ് പണിയായുധം	80	-
5.	ആയുർവേദമരുന്ന് നിർമ്മാണം	60	-
6.	ചെങ്കൽ മേഖല	75	50
7.	പ്രിൻറിംഗ് പ്രസ്	60	40
8.	കൂൾബാർ	30	-
9.	സോഡാനിർമ്മാണം	40	-
10.	ഓയിൽ ചിപ്പ്		60

ഒരേയിനത്തിൽപ്പെട്ട വ്യവസായ യൂണിറ്റുകളിൽ പലവിധത്തിലുള്ള കൂലിനിരക്കാണ് നിലവിലുള്ളത്.

കാർഷികമേഖലയായ പഞ്ചായത്തിലെ പ്രധാന കാർഷിക ഉൽപന്നങ്ങളാണ് കശുവണ്ടി, നാളികേരം, അടക്ക, കൊക്കോ എന്നിവ. ഇവയിൽ മുക്കാൽ ഭാഗവും കർണ്ണാടകയിലെ വൻകിട സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കളാണ്. കശുവണ്ടി സംസ്ക്കരണം കൊക്കോ ഉപയോഗിച്ചു തുടങ്ങാവുന്ന അസംഖ്യം ഉൽപന്നങ്ങൾ എന്നിവ സഹകരണ മേഖലക്കോ, പൊതുമേഖലക്കോ അപ്രാപ്യങ്ങളല്ല. തൊഴിലില്ലാത്ത യുവാക്കളുടെ സാന്നിദ്ധ്യം പ്രസ്തുത സംരംഭങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ്. മേൽകാണിച്ച രണ്ടാം [illegible]ൽ ചൂണ്ടുന്നത് പരമ്പരാഗത വ്യവസായത്തിന്റെ ശുഷ്ക്കാവസ്ഥയിലെക്കാണ്. പട്ടികയിൽ [illegible] നെയ്ത്ത്, കുട്ടനിർമ്മാണം, ആയുർവേദ മരുന്നുനിർമ്മാണം എന്നിവ ഈ പ്രദേശത്തെ സംബ[illegible]ടത്തോളം അനന്തസാദ്ധ്യതകളുള്ളതാണ്. ലോകസമൂഹം ആരോഗ്യപരമായ കാരണങ്ങളാൽ വസ്ത്രത്തിന്റെ കാര്യത്തിൽ പരുത്തിത്തുണിയിലേക്ക് തിരിച്ചു വരുകയാണ്. ആയതിനാൽ ഇത്തരം കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും നിലവിലുള്ള തൊഴിലാളികൾക്ക് സാങ്കേതിക പരിശീലനം നൽകുകയും ശാസ്ത്രീയ ബോധവൽക്കരണം ഉണ്ടാക്കുകയും വേണം. പ്രസ്തുത രംഗങ്ങളിൽ സഹകരണമേഖല സജീവമായ പങ്കാളിത്തം വഹിക്കേണ്ടിയിരിക്കുന്നു. കുലത്തൊഴിൽ എന്ന നില

യിൽനിന്നും കുടിൽവ്യവസായങ്ങളെ മോചിപ്പിച്ച് വർദ്ധിച്ചുവരുന്ന ആവശ്യവുമായി പൊരുത്തപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

നൂതന പരിശീലനം വഴി നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ജന്മം നൽകാൻ പരമ്പരാഗത തൊഴിലിന് സാധിക്കും. ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനോ അവ പരിപോഷിപ്പിക്കുന്നതിനോ യാതൊരു പദ്ധതിയും നിലവിലില്ല. പരിസ്ഥിതി പ്രശ്നങ്ങളിൽനിന്നും തികച്ചും മുക്തമായ ഈ മേഖലക്ക് കാറഡുക്ക പഞ്ചായത്ത് തികച്ചും അനുയോജ്യമാണ്. നോട്ടുബുക്ക് നിർമ്മാണം, പാൽ ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം എന്നിവ ഇനിയും ചൂഷണം ചെയ്യപ്പെടാത്ത മേഖലകളാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കാർഷികോൽപ്പന്നമായ കശുവണ്ടി സംസ്ക്കരണത്തിനായി ഒരു സംസ്ക്കരണശാല സ്ഥാപിക്കുക.
2. അടക്ക സംസ്ക്കരണത്തിനാവശ്യമായ സംവിധാനം ഉണ്ടാക്കുക. അതുപോലെ കൊപ്ര സംഭരണത്തിനും വിപണനത്തിനും സംസ്ക്കരണത്തിനും ആവശ്യമായ സംരംഭങ്ങൾ രൂപീകരിക്കിക. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക.
3. പട്ടുനൂൽ വ്യവസായം സഹകരണമേഖലയിൽ ആരംഭിക്കുക.
4. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ പരിശീലനം നൽകുകയും ചെയ്യുക.
5. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. വ്യവസായസംരഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങാനും അവ നല്ല രീതിയിൽ പ്രാവർത്തികമാക്കാനുമുള്ള സാഹചര്യം ഉണ്ടാക്കുക.

മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു മുൻഗണനാപട്ടിക തയ്യാറാക്കുക എന്നത് പഞ്ചായത്തിന്റെ വ്യാവസായികവികസനത്തിനും തത്വാരാ ഗ്രാമീണ തൊഴിൽ ലഭ്യതക്കും അത്യന്താപേക്ഷിതമാണ്.

7

വിദ്യാഭ്യാസം

'മോചനമരുളുന്നതെന്തോ, അതാണ് വിദ്യാഭ്യാസം' എന്ന ആപ്തവാക്യം പണ്ടെന്നപോലെ ഇന്നും അർത്ഥവത്താണ്. വിദ്യാഭ്യാസം എന്നതിന് ഇവിടെ വെറും ആത്മീയ വിദ്യാഭ്യാസം എന്നോ മോചനമെന്നതിന് മരണാനന്തരമുള്ള ആത്മീയ മുക്തി എന്നോ അർത്ഥമാക്കേണ്ടതില്ല. അറിവെന്നത് മനുഷ്യവർഗ്ഗത്തിന്റെ സേവനത്തിന് ഉപയുക്തമായ എല്ലാ ശിക്ഷണവും ഉൾക്കൊള്ളുന്ന ഒന്നാണ്. മോചനമെന്നതിന് ഇന്നത്തെ ജീവിതത്തിലേതുൾപ്പെടെ എല്ലാതരം ദാസ്യത്തിൽ നിന്നുമുള്ള മോചനമെന്നാണർത്ഥം. ഈ ആദർശം സാക്ഷാൽക്കരിക്കുന്നതിനുള്ള അന്വേഷണത്തിൽനിന്ന് സിദ്ധിക്കുന്ന വിജ്ഞാനം മാത്രമാണ് ശരിയായ പഠിപ്പ്.

കാറഡുക്ക പഞ്ചായത്തിൽ ഔപചാരികമായ വിദ്യാഭ്യാസം ആരംഭിച്ചത് 1906ലാണ്. ആദൂരിൽ ആരംഭിച്ച ഈ പ്രാഥമിക വിദ്യാഭ്യാസസ്ഥാപനം ഇന്നും നിലവിലുണ്ട്. ഏതാണ്ട് അതേ കാലത്തുതന്നെ കാടകത്തിനടുത്തുള്ള വടക്കേക്കരയിലും ഒരു സ്ക്കൂൾ ആരംഭിച്ചിരുന്നു എന്നാണ് ലഭ്യമായ വിവരം. പഠിതാക്കളില്ലാത്ത കാരണത്താൽ പിന്നീടവ അടച്ചുപൂട്ടി. ഇന്ന് ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസസ്ഥാപനമായ കാറഡുക്ക ഗവ: ഹൈസ്ക്കൂളിന്റെ തുടക്കം 1927ൽ ആണ്. 1957ൽ യു. പി. ആവുകയും '74ൽ ഹൈസ്ക്കൂളാവുകയും '84ൽ വൊക്കേഷണൽ ഹയർ സെക്കൻറിറി ആയി ഉയർത്തപ്പെടുകയും ചെയ്ത ഈ സ്ഥാപനം ഇനിയും ഒരുപാട് മെച്ചപ്പെടുത്തേണ്ടതുണ്ട്.

ജാതീയമായ വേർതിരിവ് വളരെ ശക്തമായിരുന്ന ഒരു സാമൂഹ്യചുറ്റുപാടിൽ അധഃസ്ഥിതരുടെ എണ്ണം വളരെ കൂടുതലായിരുന്നു. ഗ്രാമത്തിലെ സമ്പത്തുമുഴുവൻ സവർണ്ണരായ ജന്മിമാരുടെ കൈകളിലായതുകൊണ്ട് അവരുടെ കീഴിൽ പണിയാളരായിരുന്ന വലിയൊരു വിഭാഗം താഴ്ന്ന ജാതിക്കാർക്ക് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടേയും സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടേയും അയിത്തോച്ചാടന പ്രവർത്തനങ്ങളുടേയും ഭാഗമായി അവർണ്ണനും വിദ്യ അഭ്യസിക്കാനുള്ള ഒരു സാഹചര്യം പിൽക്കാലത്തുണ്ടായി. കർണ്ണാടകയോട് തൊട്ടുകിടക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ കന്നട, മലയാളം, തുളു എന്നീ ഭാഷകളുടെ തുല്യവ്യാപനമാണ് ഇവിടെ ഉണ്ടായത്. മലയാളവും കന്നടയും ഒരേപോലെ പഠിപ്പിക്കാനുള്ള സംവിധാനം മിക്കസ്ക്കൂളുകളിലുമുണ്ട്. ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നതിനുമുമ്പുതന്നെ ഗുരുകുലരീതിയിലുള്ള പഠനം പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലുമുണ്ടായിരുന്നു. പുരാണങ്ങളുടേയും ഇതിഹാസങ്ങളുടെയും പാരായണത്തിലൂടെ അറിവിന്റെ പുതിയ മേഖലകളിലേക്ക് എത്തിച്ചേരുവാനുള്ള സമാന്തരപ്രവർത്തനം ഉണ്ടായിരുന്നു. വാമൊഴിയായി കിട്ടിയ നിരവധി നാടോടിക്കഥകൾ വിദ്യാഭ്യാസത്തിന് ആക്കംകൂട്ടി. നാം ഇന്ന് എത്തിച്ചേർന്നിരിക്കുന്ന സാമൂഹ്യചുറ്റുപാടുകൾക്ക് ഈടുറ്റ സംഭാവനകൾ നൽകാൻ കഴിഞ്ഞകാല വിദ്യാഭ്യാസ പ്രവർത്തകരുടെ ത്യാഗപൂർണ്ണമായ ജീവിതത്തിനു കഴിഞ്ഞിട്ടുണ്ട്. വരുംകാല പ്രവർത്തനങ്ങൾക്ക് ഇത് മാർഗ്ഗനിർദ്ദേശകമായിരിക്കും.

പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒമ്പതെണ്ണമാണ്. ജനസംഖ്യാനുപാതികമായി 95%ത്തോളം കുട്ടികൾ സ്ക്കൂളിലെത്തുന്നുണ്ട്. സ്ക്കൂളുകളിൽ നിന്നും ലഭിച്ച വിവരപ്പട്ടികയനുസരിച്ച് ആകെ 4558 വിദ്യാർത്ഥികളാണ് ഉള്ളത്. ഇതിൽ 2372 ആൺകുട്ടികളും 2186 പെൺകുട്ടികളുമാണ്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ആകെ കുട്ടികളുടെ എണ്ണം 492 ആണ്. സ്ക്കൂൾ തിരിച്ചുള്ള വിദ്യാർത്ഥികളുടെ കണക്കുകൾ പട്ടികയിൽ കാണിച്ചിരിക്കുന്നു. (പട്ടിക 7എ)

അനുവദിക്കപ്പെട്ട അധ്യാപകതസ്തികകൾ ഏറെക്കുറെ നികത്തപ്പെട്ടിട്ടുണ്ട്. മൊത്തം സ്ക്കൂളുകളിൽ മൂന്നെണ്ണം ഗവൺമെൻറ് ഉടമസ്ഥതയിലുള്ളതാണ്. ഈ സ്ക്കൂളുകളിൽ പൊതുവെ അധ്യാപകനിയമനങ്ങളിൽ കാലതാമസമെടുക്കാറുണ്ട്. പഞ്ചായത്ത് നടത്തുന്ന കൊട്ടംകുഴി സ്ക്കൂളിൽ ആകെ അമ്പത്തഞ്ചു കുട്ടികൾ മാത്രമേ ഉള്ളൂവെങ്കിലും നാലു അധ്യാപകതസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇവിടെ അധ്യാപക വിദ്യാർത്ഥി അനുപാതം വളരെ താഴ്ന്നതാണ്.

ആൺകുട്ടികളും പെൺകുട്ടികളും ഏതാണ്ട് ഒപ്പത്തിനൊപ്പംതന്നെ സ്ക്കൂളുകളിൽ ചേർക്കപ്പെടുന്നുണ്ട്. കൊഴിഞ്ഞുപോക്കിന്റെ തോത് പെൺകുട്ടികളിൽ താരതമ്യേന കൂടുതലാണ്. കൂടുതൽ സ്ക്കൂളുകളിലും കന്നടയും മലയാളവും പഠിപ്പിക്കപ്പെടുന്നുണ്ട്.

ഭൗതിക സാഹചര്യം

വിദ്യാഭ്യാസനിലവാരത്തിന്റെ തകർച്ചക്ക് അടിസ്ഥാനപരമായ കാരണങ്ങളിലൊന്ന് സ്ക്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയാണ്. സ്ക്കൂളുകളിലെ അടിസ്ഥാന സാഹചര്യങ്ങളുടെ അപര്യാപ്തതയെ തരണംചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. മിക്കവാറും എല്ലാ വിദ്യാലയങ്ങളിലും അവശ്യം ആവശ്യമായ കുടിവെള്ള സൗകര്യം, ആവശ്യത്തിന് ക്ലാസ്സ്മുറികൾ, മൂത്രപ്പുര, കക്കൂസ് മുതലായവയില്ല. ഇത് പഠനനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു. സ്ക്കൂളുകളിൽ നിന്ന് ലഭ്യമായ ഭൗതിക സാഹചര്യങ്ങളുടെ പട്ടിക പിന്നിൽ കൊടുത്തിരിക്കുന്നു. (പട്ടിക 7ബി)

വിദ്യാഭ്യാസനിലവാരം-പട്ടികജാതി/വർഗ്ഗം

ഈ വിഭാഗം ജനങ്ങളുടെ പ്രാതിനിധ്യ സ്വഭാവമനുസരിച്ച് സ്ക്കൂളിൽ ചേർക്കപ്പെടുന്ന കുട്ടികളുടെ എണ്ണം തുലോം കുറവാണ്. ഇടയ്ക്ക്വച്ച് പഠനം നിർത്തുന്ന കുട്ടികളുടെ എണ്ണം കൂടുതലുമാണ്. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി പഞ്ചായത്തിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ കാറഡുക്ക ഗവ: ഹൈസ്ക്കൂളിനോടനുബന്ധിച്ച് നിലവിലുണ്ട്. പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി നിരവധി സൗജന്യങ്ങൾ ഗവ: അനുവദിച്ചുകൊടുക്കുന്നുവെങ്കിലും അത് മുഴുവനുമായി ഉപയോഗപ്പെടുത്തുന്ന സാഹചര്യമല്ല നിലവിലുള്ളത്. പൊതുവെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ, ബോധവൽക്കരണത്തിന്റെ അഭാവം കുട്ടികളുടെ നിലവാരതകർച്ചയ്ക്ക് കാരണമാകാറുണ്ട്.പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്കുള്ളത് ആദൂർ ഗവ: ഹൈസ്ക്കൂളിലാണ്. ലംപ്സം ഗ്രാൻറ് വിതരണം എല്ലാ സ്ക്കൂളുകളിലും നടക്കുന്നുണ്ട്. വിശദ വിവരങ്ങൾക്ക് പട്ടിക 7.7 എ നോക്കുക.

പഠനനിലവാരം

പഠനനിലവാരത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ സംസ്ഥാനശരാശരിയേക്കാൾ വളരെ താഴ്ന്ന നിലയിലാണ്. ബോധനനിലവാരം ഒരുപാട് വൈകല്യങ്ങളുള്ളതാണ്. ഓരോ പരിമിതിയും ദൂരീകരിച്ച് സമഗ്രവും പരിവർത്തനോൻമുഖവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളായി മുഴുവൻ സ്ക്കൂളുകളേയും മാറ്റിയെടുക്കേണ്ടതുണ്ട്. രക്ഷിതാക്കളുടെ ദാരിദ്ര്യവും മദ്യപാനാസക്തിയും മൊത്തത്തിൽ ബാധിക്കുന്നുണ്ട്. ഭവനാന്തരീക്ഷവും സ്ക്കൂളന്തരീക്ഷവും പ്രസന്നമാക്കാനുള്ള അന്വേഷണം നടത്തേണ്ടിയിരിക്കുന്നു. എസ്.എസ്.എൽ.സി വിജയശതമാനം വർഷം കഴിയുന്തോറും കുറഞ്ഞുവരുന്ന പ്രവണതയാണ് കാണിക്കുന്നത്. ഒന്നാം ക്ലാസ്സുമുതൽ കുട്ടികളുടെ പഠന നിലവാരം നോക്കാതെ മഹാഭൂരിപക്ഷവും അടുത്ത ക്ലാസ്സിലേക്ക് കയറ്റം കൊടുക്കുന്ന ഇന്നത്തെ പ്രൊമോഷൻ രീതി മാറേണ്ടതാണ്. മൂന്ന് ഹൈസ്ക്കൂളുകളിൽ അൽപം മെച്ചപ്പെട്ട ഫലം കാണിക്കുന്നത് മുള്ളേരിയ ഗവ: ഹൈസ്ക്കൂളാണ്. ആദൂർ ഗവ: ഹൈസ്ക്കൂൾ വളരെ പിന്നിലും. കാറഡുക്ക ഗവ: ഹൈസ്ക്കൂളിന്റെ സ്ഥിതിയും ആശാവഹമല്ല. ഹൈസ്ക്കൂൾ ക്ലാസ്സുകളിലെത്തുമ്പോൾ ഉണ്ടായിരിക്കേണ്ട സാമാന്യജ്ഞാനം പോലും ഭൂരിപക്ഷം കുട്ടികളും ആർജിക്കുന്നില്ല എന്നതാണ് സത്യം. എൽ.പി., യു.പി., ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ പഠനനിലവാരത്തെ സംബന്ധിക്കുന്ന പട്ടിക കാണുക. 50%നുമേൽ മാർക്കുനേടുന്ന കുട്ടികൾ 20%ൽ താഴെയാണുള്ളത്. ഇതുതന്നെ ഹൈസ്ക്കൂൾ വിഭാഗത്തിൽ 7% മാത്രമാണെണുള്ളത് നില കൂടുതൽ വഷളാക്കുന്നു. (പട്ടിക 7 ഡി)

അക്കാദമിക് സൗകര്യങ്ങൾ

എല്ലാ സ്ക്കൂളുകളിലും ഏറെക്കുറെ അധ്യാപകതസ്തികകൾ നികത്തപ്പെട്ടിട്ടുണ്ട്. ഹൈസ്ക്കൂളുകളിൽ ലൈബ്രറികളുണ്ടെങ്കിലും ഒന്നുപോലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മുഴുവൻ സമയ ലൈബ്രേറിയൻ തസ്തിക ഇല്ലാത്തത് ഒരു കാരണമാണ്. വായനാശീലത്തിലേക്ക് കുട്ടികളെ ഉയർത്തിക്കൊണ്ടുവരേണ്ട അധ്യാപകർ തന്നെ വായനാശീലം തീരെ ഇല്ലാത്തവരായി മാറുന്ന സാഹചര്യമാണ് നിലവിലുള്ളത്. വിദ്യാഭ്യാസനിലവാരത്തിന്റെ അടിസ്ഥാനശില തന്നെ അറിവ് നേടുന്നതിനുള്ള അഭിവാൻഛയാണ്. ചെറുപ്രായത്തിൽത്തന്നെ ഇത് കുട്ടികളിൽ വളർത്തിയെടുക്കേണ്ട ഉത്തരവാദിത്വം രക്ഷിതാക്കളോ അധ്യാപകരോ ഏറ്റെടുക്കുന്നില്ല. പഠനോപകരണങ്ങൾ ഉപയോഗിച്ചുള്ള അധ്യാപനം ഇന്ന് മറന്ന സ്ഥിതിയാണുള്ളത്. ആവശ്യത്തിന് ഉപകരണങ്ങൾ ഇല്ലായെന്നുള്ളതും കാരണമാണ്. താഴ്ന്ന ക്ലാസ്സുകളിൽ ടീച്ചിംഗ് എയിഡ്സ് ഉപയോഗിച്ചുള്ള പഠിപ്പിക്കൽ നിർബ്ബന്ധമാക്കണം. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, അതായത് റേഡിയോ, ടേപ്പ് റിക്കോർഡർ, ടി.വി. സെറ്റ്, വി.സി.ആർ, സിനിമാ പ്രൊജക്ടുകൾ, സ്ലൈഡ് പ്രൊജക്ടുകൾ, കമ്പ്യൂട്ടർ തുടങ്ങിയവ സ്ക്കൂളുകളിൽ ലഭ്യമാക്കുന്നതോടൊപ്പം പഠനത്തിന്റെ ഭാഗമാക്കുകകൂടി വേണം. DPEP ബോധനരീതി ഒരു പരിധിവരെ ഈ പോരായ്മ നീക്കുന്നതാണ്.

പെൺകുട്ടികളുടെ പഠനനിലവാരം ആൺകുട്ടികളെ അപേക്ഷിച്ച് പിന്നിലല്ല എന്നുള്ളത് ആശാവഹമായ ഒരു കാര്യമാണ്. പൊതുവേ സ്ത്രീകളുടെ സാമൂഹ്യാവസ്ഥ പിന്നോക്കമാണെങ്കിലും സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്നില്ല. ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നവരുടെ കണക്കിൽ അവ: അൽപം മുമ്പിലാണ്. ഇത് മാറ്റിയെടുക്കാവുന്നതേയുള്ളൂ.

മേൽവിവരിച്ച വിദ്യാഭ്യാസ സംബന്ധമായിട്ടുള്ള വിവരപ്പട്ടികയിൽനിന്നും, അതിൽനിന്ന് കണ്ടെത്തിയ വിവിധ പ്രശ്നങ്ങളിൽ നിന്നും ഗ്രാമസഭകളുടെ സജീവമായ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ പ്രശ്നങ്ങളും സാധ്യതകളും ചുവടെ ചേർക്കുന്നു. ഈ പ്രശ്നങ്ങളേയും സാധ്യതകളെയും വിലയിരുത്തി നമ്മുടെ പഠനനിലവാരം മെച്ചപ്പെടുത്താനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് വികസനസെമിനാറിൽ നടത്തപ്പെടുന്ന സമഗ്രമായ ചർച്ചയിൽ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരുമെന്ന് പ്രതീക്ഷിക്കാം.

പ്രശ്നങ്ങൾ

1. പ്രീപ്രൈമറി കോഴ്സുകളുടെ അഭാവം.
2. വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ അംഗൺവാടികളുടെ അപര്യാപ്തത.
3. ആവശ്യത്തിന് പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.
4. ഹൈസ്ക്കൂളികൾ വെറും മൂന്നെണ്ണം മാത്രമേ ഉള്ളൂ. ആവശ്യം കണക്കിലെടുക്കുമ്പോൾ ഇത് വളരെകുറവാണ്.
5. ഹൈസ്ക്കൂളിലേക്കുള്ള യാത്രാദൂരം ശരാശരി 3-4 കി.മീ. ആണ്.
6. ഉപരിപഠനത്തിനുള്ള സൗകര്യം വളരെ പരിമിതമാണ്.
7. കുറഞ്ഞ സാക്ഷരതാനിരക്കും പൊതു അവബോധത്തിന്റെ കുറവും.
8. ശക്തമായ പി.ടി.എ.കളുടെയും മദർ പി.ടി.എ.കളുടേയും അഭാവം.
9. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
10. യഥാസമയങ്ങളിലുള്ള അധ്യാപകനിയമനങ്ങളുടെ വീഴ്ച.
11. അധ്യാപകർക്കുള്ള പുനർ പരിശീലനത്തിന്റെ അഭാവം.
12. പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം.
13. സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനമില്ലായ്മ.
14. അധ്യാപകരിലെ സാമൂഹികപ്രതിബദ്ധതയുടെ കുറവ്.
15. പാഠ്യേതരവിഷയങ്ങളിലുള്ള അധ്യാപകരുടെ താല്പര്യക്കുറവ്.
16. ഊഷ്മളമായ അധ്യാപക-വിദ്യാർത്ഥിബന്ധത്തിന്റെ ശൈഥില്യം.
17. പ്രൊമോഷൻ രീതിയിലുള്ള അശാസ്ത്രീയത.
18. കാലാഹരണപ്പെട്ട പരീക്ഷാരീതി.
19. ലബോറട്ടറി, ലൈബ്രറി, പഠനോപകരണങ്ങൾ എന്നിവ ഉപയോഗപ്പെടുത്തപ്പെടുത്താത്ത സാഹചര്യം.
20. സയൻസ് ക്ലബ്ബ്, സാഹിത്യസമാജം മുതലായവയുടെ നിഷ്ക്രിയത്വം.
21. ഓരോ ക്ലാസ്സിലും പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തഴയപ്പെടുന്ന സാഹചര്യം.
22. കുട്ടികളിലെ പാഠ്യേതരവിഷയങ്ങളിലുള്ള താൽപര്യങ്ങൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കുന്നതിലുള്ള വീഴ്ച.
23. ഓരോ സ്ക്കൂളിനോടനുബന്ധിച്ചും വേണ്ട ഗൈഡൻസ് സെൻററുകളുടെ കുറവ്.
24. ക്ലാസ്സുകളിലെ കുട്ടികളുടെ ബാഹുല്യം.
25. അനാവശ്യമായിട്ടുള്ള വിദ്യാർത്ഥിസമരങ്ങൾ.
26. P.E.T, പ്രവർത്തനപരിചയം, ചിത്രകല, സംഗീതം എന്നീ വിഷയങ്ങൾക്ക് നീക്കിവെച്ച സമയം ഉപയോഗിക്കുന്നതിലുള്ള ശുഷ്കാന്തിയില്ലായ്മയും അധ്യാപകക്കുറവും.
27. ഉച്ചക്കഞ്ഞി വിതരണത്തിലെ കാര്യക്ഷമതയില്ലായ്മ.
28. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെയും ഇലക്ട്രോണിക്സ് മാധ്യമങ്ങളുടേയും സ്വാധീനം.
29. മാതൃഭാഷയിലുള്ള പഠനത്തിൽ ഇടത്തരം രക്ഷിതാക്കൾക്കുള്ള താല്പര്യക്കുറവ്.
30. താഴ്ന്നവരുമാനക്കാരുടെ വീടുകളിലെ ദാരിദ്ര്യം.
31. A.E.O, D.E.O, D.D.E. തലത്തിലുള്ള സ്ക്കൂൾ പരിശോധനയുടെ കുറവ്.
32. കുട്ടികളിലെ പൊതുവായനാശീലത്തിന്റെ അപര്യാപ്തത.
33. കാലഹരണപ്പെട്ടുപോയ ബോധനരീതി.

വിദ്യാഭ്യാസ മേഖല നേരിടുന്ന മേൽവിവരിച്ച പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വിവിധ സാധ്യതകളാണ് ഇനി പരാമർശിക്കാനുള്ളത്.

സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ശരിയായ വിദ്യാഭ്യാസം ലഭിക്കത്തക്കരീതിയിൽ കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കപ്പെടേണ്ടതാണ്. ഗ്രാമസഭകളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളും സ്ക്കൂളുകളും ചുവടെ ചേർക്കുന്നു.

എൽ.പി. സ്ക്കൂളുകൾ

- ഗാന്ധിശുഡ്ഡ (1-ാം വാർഡ്)
- പൂവടുക്ക (4-ാം വാർഡ്)
- ആലംന്തടുക്ക, പയങ്ങായി, കുക്കംകൈ (5-ാം വാർഡ്)
- മഞ്ഞംപാറ, അത്തനടി (6-ാം വാർഡ്)
- മിഞ്ചിപദവ് (8-ാം വാർഡ്)
- അരയാലിങ്കാൽ (9-ാം വാർഡ്)

യു.പി. സ്ക്കൂളുകൾ

- പണിയ എൽ.പി.സ്ക്കൂൾ യു.പി. ആയി ഉയർത്തുക.
- മഞ്ഞംപാറ (6-ാം വാർഡ്)
- എ.യു.പി. സ്ക്കൂൾ കുണ്ടാറിൽ മലയാളം മധ്യമം തുടങ്ങണം.
- കൊട്ടംകുഴി എൽ.പി. സ്ക്കൂൾ യു.പി. ആയി ഉയർത്തേണ്ടതാണ്.
- ഹൈസ്ക്കൂളുകൾ
- കുണ്ടാറിൽ മലയാളം-കന്നട മീഡിയം ഹൈസ്ക്കൂൾ ആരംഭിക്കേണ്ടതാണ്.
- ആദൂർ ഗവ: ഹൈസ്ക്കൂൾ +2 ആരംഭിക്കേണ്ടതാണ്.
- കുണ്ടാറിലെ നിർദ്ദിഷ്ട ഹൈസ്ക്കൂളിൽ +2 ആരംഭിക്കാവുന്നതാണ്.
- മുള്ളേരിയ കാറഡുക്ക VHSE-കളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം.
- മുള്ളേരിയയിൽ ഒരു I.T.I സെൻറർ തുടങ്ങണം.
- ആദൂരിനും കുണ്ടാറിനുമിടയിലുള്ള പടിയത്തടുക്ക കേന്ദ്രീകരിച്ച് ഒരു പോളിടെക്നിക് ആരംഭിക്കേണ്ടതാണ്.
- മുള്ളേരിയ കാറഡുക്ക പ്രദേശങ്ങളെ കേന്ദ്രീകരിച്ച് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളോടുകൂടിയുള്ള കോളേജ് ആരംഭിക്കുവാൻ സ്ഥലവും സൗകര്യവും മറ്റു ഭൗതിക സാഹചര്യങ്ങളും നിലവിലുണ്ട്. മുൻഗണനാക്രമത്തിൽ ഒരു ബൃഹത്വിദ്യാഭ്യാസ സമുച്ചയം ഉയർന്നുവരേണ്ടതാണ്.
- പഞ്ചായത്തിലെ മുഴുവൻ പ്രൈമറി സ്ക്കൂളുകളോടനുബന്ധിച്ച് എല്ലാവിധ സൗകര്യങ്ങളോടുകൂടിയ പ്രീപ്രൈമറിക്ലാസ്സുകൾ ആരംഭിക്കണം.
- പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതുതായി അംഗൺവാടികൾ അനുവദിക്കണം.

അയർക്കാട്, പണിയ	-	2ാം വാർഡ്
പയ്യനടുക്കം	-	3-ാം വാർഡ്
അടുക്കത്തൊട്ടി	-	4-ാം വാർഡ്
കൊയക്കുടലു, പയങ്ങായി, കുക്കംകൈ	-	5-ാം വാർഡ്
അത്തനടി, ഉണിസിയടുക്കം, മേപ്പുംങ്കാൽ	-	6-ാം വാർഡ്
മഞ്ഞംപാറ, പടിയത്തടുക്ക, പൂത്തപ്പലം	-	7-ാം വാർഡ്
അരയാലിങ്കാൽ, കൂളികുണ്ട്, കണ്ടടുക്കം	-	9-ാം വാർഡ്

2. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വിദ്യാഭ്യാസം കൂടുതൽ സൗകര്യപ്രദമാക്കേണ്ടതാണ്.
   - → ആവശ്യതതിന് കെട്ടിടങ്ങൾ
   - → കളിസ്ഥലം
   - → മൂത്രപ്പുരകൾ
   - → കക്കൂസുകൾ
   - → കുടിവെള്ളം
   - → വൈദ്യുതി
   - → ഫർണ്ണീച്ചറുകൾ
   - → ചുറ്റുമതിൽ
   - → പൂന്തോട്ടം
   - → ഓഡിറ്റോറിയം

   മുതലായവ മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കേണ്ടതാണ്.

   സ്ക്കൂൾ അന്തരീക്ഷം കൂടുതൽ ആകർഷകമാക്കുന്ന തരത്തിൽ വനവത്ക്കരണം, സയൻസ് ഗാർഡൻ എന്നിവ നിർമ്മിക്കുക.

3. ജനങ്ങളുടെ പിന്നോക്കാവസ്ഥയും അറിവില്ലായ്മയും വിദ്യാഭ്യാസം കുറയുവാനുള്ള പ്രധാനകാരണമാണ്. തുടർ സാക്ഷരതാ പ്രവർത്തനവും വ്യാപകമായ ബോധവൽക്കരണവും

കൊണ്ട് ഈ പരിമിതി മറികടക്കാനുള്ള പദ്ധതികൾ ആസൂക്രണം ചെയ്യേണ്ടതാണ്.

4. അധ്യാപകർക്കുള്ള പുനർപരിശീലനം കാലാകാലങ്ങളിൽ നടത്തി ബോധനനിലവാരത്തകർച്ച മറികടക്കേണ്ടതാണ്.

5. നമ്മുടേത് പോലുള്ള ഒരു ഉപഭോക്തൃ സമൂഹത്തിൽ വിദ്യഭ്യാസം കച്ചവടമായിമാറുന്ന പരിതോവസ്ഥയിൽ അധ്യാപകരുടെ സാമൂഹ്യപ്രതിബദ്ധത ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അതിനെ മാറ്റിയെടുക്കാവുന്ന സാംസ്ക്കാരിക പ്രവർത്തനം പഞ്ചായത്തിൽത്തന്നെ ആരംഭിക്കേണ്ടതാണ്.

6. സ്ക്കൂൾ തലത്തിലുള്ള അക്കാദമിക് സൗകര്യങ്ങൾ-ലൈബ്രറി, ലബോറട്ടറി പഠനോപകരണങ്ങൾ എന്നിവ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

7. പ്രൈമറി തലത്തിലുള്ള കുട്ടികൾക്ക് പഠനം രസകരവും ആയാസരഹിതവുമാക്കാനുള്ള ബോധനരീതി രൂപപ്പെടുത്തേണ്ടതാണ്.

8. ശക്തമായ പി.ടി.എ, മദർ പി.ടി.എ. പ്രവർത്തനം എല്ലാ സ്ക്കൂളുകളിലും നിർബന്ധമാക്കുകയും രക്ഷാകർത്തൃ-അധ്യാപക ബന്ധം കൂടുതൽ ദൃഢമാക്കുകയും അധ്യാപകർ ഗൃഹസന്ദർശനപരിപാടി ആരംഭിക്കുകയും വേണം.

9. പാഠ്യേതര വിഷയങ്ങളിൽ കുട്ടികളുടെ കഴിവുകണ്ടെത്തി, പ്രോത്സാഹിപ്പിക്കുവാനുള്ള സംവിധാനം നിലവിലുണ്ടെങ്കിലും ശരിയായി ഉപയോഗപ്പെടുത്താറില്ല. ഈ സ്ഥിതി മാറ്റിയെടുക്കണം.

10. ഗവൺമെൻറ് സ്ക്കൂളുകളോടു രക്ഷിതാക്കൾക്കുള്ള താല്പര്യമില്ലായ്മ വിലയിരുത്തി അത്തരം സ്ക്കൂളുകളുടെ പ്രവർത്തനവൈകല്യങ്ങൾ കാലാകാലങ്ങളിൽ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

11. സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ചു കാര്യക്ഷമമാക്കുക.

12. പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളിലേയും അധ്യാപകർ എല്ലാ സ്ക്കൂളുകളിലും മാറിമാറി സന്ദർശിച്ചു അധ്യാപനരീതിയിലെ നിലവാരത്തെക്കുറിച്ചു ആശയവിനിമയം നടത്തേണ്ടതാണ്.

13. ക്ലാസുകളിലെ മുഴുവൻ കുട്ടികളും പഠിപ്പിച്ചേടത്തോളം പാഠഭാഗങ്ങൾ ഏറെക്കുറെ മനസ്സിലാക്കി എന്നു (Minimum level of learning) ഉറപ്പുവരുത്തുക.

15. മാതൃഭാഷയിലുള്ള പഠനമാണ് ശരിയായ വിദ്യാഭ്യാസ രീതി എന്ന ബോധം ജനങ്ങളിലെത്തിക്കാനുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

15. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വ്യാപകമായ സ്വാധീനം മൂലമുണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ചു അവബോധമുണ്ടാക്കുക. അതുപോലെത്തന്നെ ടി.വി.യിലും റേഡിയോവിലുമുള്ള നല്ല പരിപാടികൾ ആസ്വദിക്കാനുള്ള പ്രചോദനം കൊടുക്കുക.

16. കുട്ടികളിൽ വായനാശീലം ഉണ്ടാക്കുവാൻ നിലവാരമുള്ള ബാലസാഹിത്യപുസ്തകങ്ങളും കുട്ടികളുടെ അറിവിനുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങളുടെ പ്രചരണം ശക്തമാക്കുകയും ചെയ്യുക.

17. നിലവാരമില്ലാത്ത, ഉപരിപ്ലവങ്ങളായ സാഹിത്യാഭാസങ്ങളുടെ വ്യാപനം തടയുക.

18. അനാവശ്യമായ വിദ്യാർത്ഥി സമരം നിരുത്സാഹപ്പെടുത്തുക. രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ ക്രിയാത്മകമാക്കാനുള്ള സാഹചര്യം ഒരുക്കുക.

19. പഞ്ചായത്തുതലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മൂല്യനിർണ്ണയം ചെയ്യാനും, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും പഞ്ചായത്തിലെ പ്രമുഖ വിദ്യാഭ്യാസപ്രവർത്തകർ, സന്നദ്ധസംഘടനാപ്രവർത്തകർ, പ്രധാന രാഷ്ട്രീയ പ്രവർത്തകർ, പഞ്ചായത്ത് ഭരണസമിതിഅംഗങ്ങൾ, പ്രധാന അധ്യാപകർ, പൊതുപ്രവർത്തകർ, എന്നിവരെ ചേർത്തുകൊണ്ട് ഒരു വിദ്യാഭ്യാസ സംരക്ഷണ സമിതിക്കു രൂപം കൊടുക്കുക.

20. ഏറ്റവും ഉയർന്ന വിജയശതമാനം നേടുന്ന സ്ക്കൂളിന് പ്രത്യേക സൗകര്യങ്ങൾ സമ്മാനങ്ങളായി പ്രഖ്യാപിക്കുക. കൂടാതെ ഏറ്റവും നല്ല അധ്യാപകന് പഞ്ചായത്തുതല അവാർഡ് ഏർപ്പെടുത്തുക.

21. സന്നദ്ധസംഘടനകളിലൂടെ അതതു പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി ട്യൂഷൻ കൊടുക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.

22. വിവിധ മത്സരപ്പരീക്ഷകളിൽ വിജയം വരിക്കാനുള്ള കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

23. പഠനോപകരണങ്ങൾ ഉപയോഗിക്കുവാനുള്ള പ്രായോഗിക പരിശീലനം പഞ്ചായത്ത് തലത്തിൽ നൽകുക.

24. പാഠ്യപദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും കുട്ടികൾക്കുള്ള യൂണിറ്റ് പരീക്ഷ, മാസ

പ്പരീക്ഷ എന്നിവ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

25. എല്ലാ സ്ക്കൂളുകളിലും സയൻസ് ക്ലബ്ബുകളുടെയും സാഹിത്യസമാജങ്ങളുടെയും പ്രവർത്തനം ഊർജ്ജിതമാക്കി കുട്ടികളിലെ നൈസർഗ്ഗിക വാസനകളെ പരിപോഷിപ്പിക്കേണ്ടതാണ്.

26. കായിക പരിശീലനം മെച്ചപ്പെടുത്തുകയും അതിനുള്ള കളിസ്ഥലം എല്ലാ സ്ക്കൂളുകളിലും നിർബ്ബന്ധമാക്കുകയും വേണം.

27. DPEP പാഠ്യപദ്ധതി പഞ്ചായത്തിലെ എല്ലാ പ്രൈമറിസ്ക്കൂളുകളിലും നടപ്പിലാക്കുക.

28. ഉച്ചക്കഞ്ഞി വിതരണത്തിലെ അപാകതകൾ പരിഹരിക്കുക.

29. അധ്യാപക-വിദ്യാർത്ഥി അനുപാതം ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.

30. വിദ്യാർത്ഥികളുടെ പഠനനിലവാരം നോക്കാതെയുള്ള ക്ലാസ് കയറ്റം നൽകുന്നത് നിർബന്ധമായും നിർത്തലാക്കുക.

31. വൊക്കേഷണൽ ഹയർസെക്കൻററി സ്ക്കൂളിൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനം നിർത്തലാക്കി സ്ഥിരം തസ്തികകൾ ഉണ്ടാക്കുക. ഈ സ്ക്കൂളുകളിൽ +2 കോഴ്സുകളും ആരംഭിക്കേണ്ടതാണ്.

32. ഹൈസ്ക്കൂളുകളിൽ നിന്ന് ലോവർ പ്രൈമറി ക്ലാസ്സുകൾ വേർപെടുത്തി പ്രത്യേകം അഡ്മിനിസ്ട്രേഷൻ ഏർപ്പെടുത്തുക.

33. വൊക്കേഷണൽ ഹയർ സെക്കൻററിക്ക് പ്രത്യേകം കെട്ടിടം അനുവദിക്കുക.

"അഗ്നി അതിന്റെ ഇന്ധനത്തെ എങ്ങിനെ ചാരമാക്കുന്നുവോ അതുപോലെ ജ്ഞാനമാകുന്നു, അഗ്നി എല്ലാ പാപങ്ങളേയും ചാരമാക്കുന്നു."

- ഭഗവദ്ഗീത

8

ആരോഗ്യം

ആരോഗ്യമുള്ള ജനത ഏതൊരു രാഷ്ട്രത്തിന്റെയും അമൂല്യസമ്പത്തായിരിക്കും. രണ്ടായിരമാണ്ടോടെ ഏവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കാൻ നാം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആരോഗ്യപരിപാലനം ശരിയായ രീതിയിൽ നിർവ്വഹിക്കുവാൻ സഹായിക്കുന്ന മുഖ്യഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധജലം, ശുചിയായ പരിസരം, പോഷകാഹാരം എന്നിവ. ശക്തമായ ബോധവൽക്കരണത്തിന്റെ അഭാവം ആരോഗ്യപരിപാലനരംഗത്ത് പ്രകടമാണ്.

1942 മുതൽ തന്നെ ഒരു അലോപ്പതി ഡോക്ടർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നുവെങ്കിലും പാരമ്പര്യവൈദ്യന്മാരായിരുന്ന കൂടുതൽ. 1955-ൽ ക്യാപ്റ്റൻ കെ.എ. ഷെട്ടി എത്തിയതോടെയാണ്ആദ്യമായി ഒരു M.B.B.S. ബിരുദമുള്ള ഡോക്ടറുടെ സേവനം നമുക്ക് ലഭ്യമായത്. ഇന്ന്അലോപ്പതി, ആയുർവേദം എന്നീ വിഭാഗങ്ങളിലുള്ള ചികിത്സാ കേന്ദ്രങ്ങൾ ഇവിടെയുണ്ടെങ്കിലും പല രോഗങ്ങളുടെയും ചികിത്സയ്ക്ക് 30 കി.മി. അധികം യാത്ര ചെയ്ത് ജില്ലാ ആസ്ഥാനങ്ങളിലേക്ക് പോകേണ്ടിവരുന്നു. അതിനാൽ മുള്ളേരിയയിൽ സ്ഥിതി ചെയ്യുന്ന P.H.C.യിൽ രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സ്ഥലം (3 ഏക്കർ) കൈവശമുണ്ടെങ്കിലും മതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ കയ്യേറ്റ ഭീഷണിയിലാണ്.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	കെട്ടിടം	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനത്തിലെ പ്രശ്നങ്ങൾ
1	പ്രാഥമിക ആരോഗ്യ കേന്ദ്രം, മുള്ളേരിയ	സ്വന്തം കെട്ടിടം	വേണ്ടത് 13 ഉള്ളത് 12	14-3-60	കോമ്പൗണ്ട് വാൾ ഇല്ല, സ്ഥല സൗകര്യം ഇല്ല, മരുന്നുകളില്ല, സീപ്പർ പോസ്റ്റ് ഇല്ല, ക്വാർട്ടേഴ്സ് ഇല്ല, കിടത്തിചികിത്സിക്കാൻ സൗകര്യമില്ല (കെട്ടിടമില്ല).
2	കുടുംബക്ഷേമ ഉപകേന്ദ്രം കർമ്മംത്തോടി	സ്വന്തം കെട്ടിടം	വേണ്ടത് 2 ഉള്ളത് 2		കിണർ ഉപയോഗ്യമല്ല, ഫർണ്ണീച്ചർ ഇല്ല, അവശ്യം വേണ്ടുന്ന മരുന്നുകൾ ഇല്ല.
3	കുടുംബക്ഷേമ ഉപകേന്ദ്രം ആദൂർ	സ്വന്തം കെട്ടിടം	വേണ്ടത് 2 ഉള്ളത് 1		ഇലക്ട്രിസിറ്റി ഇല്ല, ഫർണ്ണീച്ചർ ഇല്ല
4.	കുടുംബക്ഷേമ ഉപകേന്ദ്രം മഞ്ഞംപാറ	സ്വന്തം കെട്ടിടം	വേണ്ടത് 1 ഉള്ളത് 1		വൈദ്യുതി ഇല്ല, കിണറിൽ വെള്ളമില്ല, ഫർണ്ണീച്ചർ ഇല്ല
5	കുടുംബക്ഷേമ ഉപകേന്ദ്രം മിൻചിപദവ്	വാടക കെട്ടിടം	വേണ്ടത് 1 ഉള്ളത് 1		സ്വന്തം കെട്ടിടമില്ല, ഫർണ്ണീച്ചർ ഇല്ല, ഡോക്ടർ ഇല്ല
6.	ഗവ: ആയുർവേദിക് ഡിസ്പെൻസറി, ആദൂർ	വാടക കെട്ടിടം	വേണ്ടത് 3 ഉള്ളത് 2		വൈദ്യുതി ഇല്ല, ഡോക്ടർ ഇല്ല, മരുന്നുകൾ ആവശ്യത്തിന് തികയുന്നില്ല.
7.	ഗവ: ആയുർവ്വേദിക് ഡിസ്പെൻസറി, ബെള്ളിഗെ	വാടക കെട്ടിടം	വേണ്ടത് 4 ഉള്ളത് 2		വൈദ്യുതി ഇല്ല, ഡോക്ടർ ഇല്ല, മരുന്നുകൾ ആവശ്യത്തിന് തികയുന്നില്ല.

സ്വകാര്യ ആരോഗ്യകേന്ദ്രങ്ങൾ പട്ടിക 8 ബി

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഉദ്യോഗസ്ഥൻമാരുടെ എണ്ണം	O.P	I.P
1	ശ്രീകൃഷ്ണ വെറ്റർനിറ്റി & നഴ്സിംഗ് ഹോം മുള്ളേരിയ	9	8000	1106
2	പത്മ ക്ലിനിക്ക്, മുള്ളേരിയ	2	10,000	ഇല്ല
3	കൊല്ലംപാറ നഴ്സിംഗ് ഹോം	5	3600	180
4	അശ്വതി ക്ലിനിക്ക്, മുള്ളേരിയ	2	3200	ഇല്ല
5	ഗണേഷ് ക്ലിനിക്ക്, മുള്ളേരിയ	2	4118	ഇല്ല
6	അശ്വതി ക്ലിനിക്ക്, മുള്ളേരിയ	2	2314	ഇല്ല
7	ശ്രീ ദുർഗ്ഗാ ആയുർ വേദിക്ക് ഡിസ്പെൻസറി	2	4816	ഇല്ല

പത്തൊൻപതിനായിരത്തോളം വരുന്ന നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾക്ക് പുറമെ ചികിത്സാ സൗകര്യം കുറവായതിനാൽ തൊട്ടടുത്ത ഗ്രാമത്തിലെ ജനങ്ങളും അയൽ സംസ്ഥാനമായ കർണ്ണാടകത്തിന്റെ അതിർത്തി പ്രദേശത്തെ ജനങ്ങളും ഈ കേന്ദ്രങ്ങളെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ കൂടുതൽ ആരോഗ്യകേന്ദ്രങ്ങൾ ആവശ്യമായിത്തീർന്നിരിക്കുന്നു. എണ്ണം വർദ്ധിക്കുന്നതോടൊപ്പം സേവനക്ഷമതയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ നമ്മുടെ പഞ്ചായത്തിലെ വളരെയധികം ജനങ്ങൾക്ക് ആരോഗ്യകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു.

രാത്രിസമയങ്ങളിൽ രോഗാസ്വാസ്ഥ്യം അനുഭവപ്പെടുന്നവർക്ക് ഡോക്ടറുടെ സേവനം ലഭ്യമാകുന്നവിധത്തിൽ മുഴുവൻ സമയ ഡോക്ടർമാർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഇല്ല എന്നത്, യാത്രാസൗകര്യം കുറവായ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഉഷ്ണകാലാരംഭത്തോടെ വർദ്ധിച്ചുവരുന്ന പാമ്പുശല്യം ഒരു വിഷചികിത്സാകേന്ദ്രത്തിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഒരു വയസ്സിൽത്താഴെയുള്ള കുട്ടികളിൽ പ്രതിരോധ കുത്തിവെയ്പ് നടത്താത്ത 21 പേരുണ്ട്. 10ൽ കൂടുതൽ കുട്ടികൾ ഉണ്ടായിട്ടും സ്ഥായിയായ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിക്കാതെ പ്രസവിച്ചുകൊണ്ടിരിക്കുന്ന ധാരാളം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ രണ്ടു വസ്തുതകളും ശക്തമായ ബോധവൽക്കരണത്തിന്റെ അഭാവം ഉണ്ടെന്നാണ് വ്യക്തമാക്കുന്നത്.

വിഭാഗം	അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം
ഒരു കുട്ടിയുള്ള അമ്മമാർ	376	313
രണ്ടുകുട്ടികളുള്ള അമ്മമാർ	520	408
രണ്ടിലധികം കുട്ടികളുള്ള അമ്മമാർ	1004	832
ആകെ	1900	1553

പട്ടിക 8സി
ദമ്പതിമാരുടെ എണ്ണം

സ്ത്രീകളുടെ പ്രായക്രമം	എണ്ണം
15-19	105
20-27	459
25-29	625
35-39	292
40-44	145

പട്ടിക 8 ഡി
ശിശുക്കളുടെ ജനനമരണവിവരം

വർഷം	ജനനനിരക്ക് ആയിരത്തിൽ	മരണനിരക്ക് ആയിരത്തിൽ
1993	2086	2.98
1994	19.81	3.87
1995	21.36	4.36

4897 വീടുകളിൽ 394 വീടുകളിൽ മാത്രമാണ് സെപ്റ്റിക്ക് ടാങ്കുകളോടുകൂടിയ കക്കൂസ് ഉള്ളത്. 419 വീടുകളിൽ E.S.P കക്കൂസുകളും 162 വീടുകളിൽ മറ്റുവിധത്തിലുള്ള കക്കൂസുമാണ് ഉള്ളത്.

ആരോഗ്യകരമായ മലവിസർജ്ജനസൗകര്യം ഇത്രയേറെ ജനങ്ങൾക്ക് ഇല്ലാത്തതിന് കാരണം എന്താണെന്ന് നോക്കാം.

1. തുറന്ന സ്ഥലത്ത് മലവിസർജ്ജനത്തിനുള്ള സൗകര്യമുണ്ട്.
2. ഇതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ
3. സാമ്പത്തികശേഷിയില്ലായ്മ

ആരോഗ്യകരമായ മലവിസർജ്ജനസൗകര്യത്തിന്റെ അഭാവം പലതരത്തിലുള്ള സാംക്രമിക രോഗങ്ങൾക്ക് ഇടക്കുന്നു.

പകർച്ചവ്യാധികൾ (P.H.C.) പട്ടിക - 8 ഇ

വർഷം	ജലജന്യം	വായുജന്യം	പ്രാണിജന്യം	മറ്റുള്ളവ
1993-94	524	210	12	2135
1994-95	840	345	21	3130
1995-96	252	318	16	6828

P.H.C.യിൽ ചികിത്സക്കെത്തിയ രോഗികൾ പട്ടിക - 8 എഫ്

വർഷം	ഔട്ട് പേഷ്യന്റ്	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	മറ്റു രോഗങ്ങൾ	ആകെ
92-93	3312	209	11	2014	1078	3312
93-94	2881	325	4	1041	1370	2881
94-95	4336	450	6	1915	1965	4336
95-96	18103	1359	24	7319	9260	18103

പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് എന്ന ലക്ഷ്യത്തോടെ, സാമ്പത്തിക സഹായം നൽകി മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ജലജന്യരോഗങ്ങൾ മുഴുവൻ ഇല്ലായ്മ ചെയ്യാൻ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ പ്രവർത്തനം പതിവായി ചെയ്യുവാനുള്ള നടപടി സ്വീകരിക്കണം. പരിസരശുചിത്വം ഉറപ്പുവരുത്താൻ ബോധവൽക്കരണവും അത്യാവശ്യമാണ്. ഡി.ഡി.റ്റി. ഉപയോഗിച്ചുള്ള കൊതുക് നശീകരണം പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾക്കും ഇടയാക്കും എന്നതിനാൽ ഫോഗിങ്ങ് മെഷിൻ ഉപയോഗിച്ചുള്ള കൊതുക് നശീകരണവും, മറ്റ് സുരക്ഷിതമായ മാർഗ്ഗങ്ങളും സ്വീകരിക്കാവുന്നതാണ്. P.H.C.യിൽ ഫോഗിങ്ങ് മെഷിൻ ലഭ്യമാക്കണം. സാംക്രമിക രോഗങ്ങൾ

ക്കെതിരെയുള്ള പ്രതിരോധപ്രവർത്തനം പലപ്പോഴും വൈകിയാണ് ആരംഭിക്കുക. ഇത് യഥാസമയം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിന് ആവശ്യമായ സൗകര്യങ്ങൾ P.H.C. യിൽ ലഭ്യമാക്കണം.

മലമ്പനി, അനീമിയ, കരൾരോഗം, നിശാന്ധത, കുഷ്ഠം, മുതലായ മാരകങ്ങളായ രോഗങ്ങൾ കൂടുതലായി കാണപ്പെടുന്നു. (സെക്കൻററി ഡാറ്റ)

ടൗൺ വികസനത്തിന്റെ ഫലമായി മുള്ളേരിയയിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകൾ, ഹോട്ടൽ മുതലായ സ്ഥാപനങ്ങളിലെ മാലിന്യങ്ങളും താമസിയാതെ ആരോഗ്യത്തിന് വൻഭീഷണിയായിത്തീരും. അതുകൊണ്ടുതന്നെ മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ മുള്ളേരിയ ടൗണിന്റെ വിവിധ ഭാഗങ്ങളിലായി വെയ്സ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും, മാലിന്യങ്ങൾ നീക്കം ചെയ്യുകയും വേണം. ടൗണിൽ ഒരു അഴുക്ക് ചാലിന്റെ നിർമ്മാണം അത്യന്താപേക്ഷിതമാണ്. റോഡരുകിൽ വച്ചുള്ള മത്സ്യവിപണനം, മാംസ്യവിപണനം എന്നിവ ഒഴിവാക്കുന്നതിന് ഒരു പൊതുമത്സ്യമാർക്കറ്റും, അറവുശാലയും ആവശ്യമാണ്. മുള്ളേരിയ ടൗൺ അടിച്ചുവാരി വൃത്തിയായി സൂക്ഷിക്കുവാനും പഞ്ചായത്തിന്റെ ഭാഗത്തനിന്ന് ശ്രമം ഉണ്ടാകണം.

ഡോക്ടർമാരുടെയും സന്നദ്ധസംഘടകളുടെയും, ക്ലബ്ബുകളുടയും സേവനം ഉപയോഗപ്പെടുത്തി ആരോഗ്യ പരിശോധനാക്യാമ്പുകൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് മാത്രമല്ല പ്രാവർത്തികമാക്കേണ്ടതുമാണ്. സ്ക്കൂളിലെ ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം ശക്തമാക്കി വിദ്യാർത്ഥികൾക്കിടയിൽ ആരോഗ്യബോധവൽക്കരണം നടത്താവുന്നതാണ്.

അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിച്ചും വീടുകളിൽ വളർത്തുന്ന പട്ടികൾക്ക് പ്രതിരോധകുത്തിവെയ്പ്പ് നിർബ്ബന്ധമായും നടപ്പിലാക്കിയും പേവിഷബാധയ്ക്കെതിരായ പ്രവർത്തനം നടത്തേണ്ടത് ആവശ്യമാണ്.

ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ നിലവാരം ഉറപ്പുവരുത്തുവാനും, പലചരക്കുകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിലും, സൊസൈറ്റികളിലൂടെയും അല്ലാതെയും വിതരണം നടത്തപ്പെടുന്ന പാലിലും മായം കലരുന്നില്ല എന്ന് ഉറപഉവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി സർക്കാർ മേഖലയിലെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം, ഉപഭോക്തൃ സൊസൈറ്റികളുടെ രൂപീകരണവും, ആവശ്യമാണ്. ഒത്തൊരുമയോടും ദൃഡനിശ്ചയത്തോട് കൂടിയും പ്രവർത്തിക്കുകയാണെങ്കിൽ രണ്ടായിരമാണ്ടോടെ ഏവർക്കും ആരോഗ്യം എന്ന ലക്ഷ്യം നമ്മുടെ പഞ്ചായത്തിൽ അപ്രാപ്യമല്ല.

ആരോഗ്യപ്രശ്നങ്ങൾക്ക്പരിഹാരമായി പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന

നിർദ്ദേശങ്ങൾ

1. കോളിയടുക്കം, പൂവടുക്കം, ഊഹിത്തടുക്ക എന്നീ സ്ഥലങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
2. ഹോട്ടൽ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തുക.
3. ശ്മശാനം വൈദ്യുതീകരിക്കുക.
4. വളർത്തുപട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
5. മുള്ളേരിയ ടൗണിൽ അഴുക്കുചാൽ നിർമ്മിച്ച് മലിനജലം സംസ്ക്കരിക്കുക.
6. ടൗൺ വൃത്തിയാക്കുവാൻ ഫുൾടൈമിൽ ജീവനക്കാരെ നിയമിക്കുക.
7. ആരോഗ്യബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
8. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടഞ്ഞ് ഉപഭോക്തൃ സംഘടന രൂപീകരിക്കുക.
9. വാർഡ് തലത്തിൽ വിദഗ്ദ ഡോക്ടർമാരുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
10. ആഴ്ചയിൽ ഒരിക്കൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ ഹോട്ടൽ പരിശോധന കർശനമാക്കുക.
11. മത്സ്യം, മാംസം, പച്ചക്കറികൾ എന്നിവയുടെ വിൽപനയ്ക്ക് പ്രത്യേകം മാർക്കറ്റുകൾ സ്ഥാപിക്കുക.
12. മാസത്തിലൊരിക്കൽ എല്ലാ വീടുകളും സന്ദർശിച്ച് ആവശ്യമുള്ള വീടുകളിലും കാലിത്തൊഴുത്തുകളിലും കീടനാശിനി തളിക്കുക.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പ്രശ്നങ്ങൾ

വാർഡ് 1 ഈ വാർഡിൽ പൊതുജനാരോഗ്യപ്രവർത്തനത്തിനുവേണ്ടി P.H.C. നിലവിൽ ഉണ്ടെങ്കിലുംചർദ്ദി, അതിസാരം, മലേറിയ, ചെങ്കണ്ണ്, ക്ഷയം മുതലായ സാംക്രമിക രോഗങ്ങൾ കാണപ്പെടുന്നു. 90% വീടുകളിലും കക്കൂസുകളില്ല.

വാർഡ് 2 ഈ വാർഡിൽ P.H.C.യോ കുടുംബക്ഷേമ പ്രവർത്തനകേന്ദ്രമോ ഇല്ല. ഗവ: ആയുർവേദ ഡിസ്പെൻസറി ഉണ്ടെങ്കിലും സ്ഥിരമായി ഡോക്ടറോ വേണ്ടത്ര ഉദ്യോഗസ്ഥരോ ഇല്ല. ഇവിടെ സ്വകാര്യ ആശുപത്രികളോ ക്ലിനിക്കുകളോ പ്രവർത്തിക്കുന്നില്ല. 90% അധികം വീടുകളിലും കക്കൂസ് ഇല്ല.

വാർഡ് 3 ഈ വാർഡിൽ പൊതുജനാരോഗ്യകേന്ദ്രമോ, സ്വകാര്യ ആശുപത്രികളോ ഇല്ല. 95% വീടുകളിലും കക്കൂസ് സൗകര്യം ഇല്ല. കൊതുക് ശല്യം രൂക്ഷമാതിനാൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാറുണ്ട്. കോളിയടുക്കം, പയ്യനടുക്കം എന്നീ ഹരിജൻകോളനികളിൽ താമസിക്കുന്ന ജനങ്ങൾക്ക് പോഷകാഹാരക്കുറവ് അനുഭവപ്പെടാറുണ്ട്.

വാർഡ് 4 കുടുംബക്ഷേമ ഉപകേന്ദ്രം ഉണ്ടെങ്കിലും ആവശ്യത്തിന് മരുന്നുകളോ ഫീൽഡ് സ്റ്റാഫോ ഇല്ല. കുട്ടികളിൽ പോഷകാഹാരക്കുറവ് കാണപ്പെടുന്നു.

വാർഡ് 5 ആദൂർ ചെക്ക്പോസ്റ്റിന് സമീപം ആയുർവേദഡിസ്പെൻസറിയും ആദൂർ പള്ളം എന്ന സ്ഥലത്ത് ഒരു കുടുംബക്ഷേഉപകേന്ദ്രവും ഉണ്ട്. ഡോക്ടറോ ജീവനക്കാരോ, ആവശ്യത്തിന് മരുന്നുകളോ ഇല്ലാത്തതിനാൽ ഇവയുടെ പ്രവർത്തനം ശോചനീയമാണ്. മലമ്പനി ഇവിടെ ധാരാളമായി കാണപ്പെടുന്നു. ചികിത്സാ സൗകര്യത്തിനായി ഈ വാർഡിന്റെ ഉൾപ്രദേശങ്ങളിലുള്ളവർക്ക് 5 കിലോമീറ്റർ നടക്കേണ്ടിവരുന്നു.

വാർഡ് 6 ഒരു കുടുംബക്ഷേമ ഉപകേന്ദ്രം ഉണ്ടെങ്കിലും സ്ഥിരമായി ഡോക്ടറോ ജീവനക്കാരോ ഇല്ലാത്തതിനാൽ ചികിത്സയ്ക്കായി 8 കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നു. 99% വീടുകളിലും കക്കൂസില്ല.

വാർഡ് 7 ഈ വാർഡിൽ പൊതുജനാരോഗ്യകേനദ്രങ്ങൾ ഒന്നുംതന്നെയില്ല. 95% വീടുകളിലും കക്കൂസ് സൗകര്യം ഇല്ല. മലമ്പനി, ക്ഷയരോഗം, ത്വക്ക്രോഗങ്ങൾ, പോളിയോ തുടങ്ങിയ രോഗങ്ങൾക്ക് പുറമേ മദ്യപാനത്തോടനുബന്ധിച്ചുള്ള രോഗങ്ങളും ഇവിടെ സാധാരണമാണ്. പേപ്പട്ടി ശല്യം ഉണ്ട്.

വാർഡ് 8 പൊതുജനാരോഗ്യകേന്ദ്രങ്ങൾ ഇല്ല. മഞ്ഞപ്പിത്തം, മലമ്പനി, ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു. 95% വീടുകളിലും കക്കൂസ് സൗകര്യം ഇല്ല. പാണൂർ കൊട്ടംകുഴി ഹരിജൻ കോളനി എന്നീയിടങ്ങളിൽ പരിസരമാലിന്യമുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

1. പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ആരോഗ്യപരിപാലനക്ലാസ്സുകൾ നടത്തുകയും വേണം.
2. കൊതുക് നശീകരണത്തിനായി എല്ലാ വീടുകളിലും കീടനാശിനി തളിക്കുകയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും വേണം.
3. സാമ്പത്തിക സഹായവും ബോധവൽക്കരണവും നടത്തി എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കണം.
4. 2 കിലോമീറ്ററിനുള്ളിൽ ചികിത്സാസൗകര്യം ലഭ്യമാകുന്ന വിധത്തിൽ ആരോഗ്യക്ഷേമകേന്ദ്രങ്ങൾ ആരംഭിക്കണം.
5. മലമ്പനി, ക്ഷയം മുതലായ രോഗങ്ങളുടെ ഭീഷണി നേരിടാൻ മുൻകൂട്ടി പ്രതിരോധപ്രവർത്തനങ്ങൾ നടത്തണം.
6. ലഹരിപദാർത്ഥങ്ങളുടെ വിൽപനയിൽ ഉപഭോഗവും നിയന്ത്രിക്കണം.

7. പോഷകാഹാരക്കുറവ് പരിഹരിക്കാൻ അംഗൻവാടികൾ മുഖേന കാര്യക്ഷമമായ പ്രവർത്തനം നടത്തണം.
8. P.H.Cയിൽ രോഗികളെ കിടത്തിച്ചികിത്സിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.
9. പബ്ലിക്ക് ടാപ്പുകളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളം നിത്യേനെ ക്ലോറിനേറ്റ് ചെയ്തുവെന്ന് ഉറപ്പുവരുത്തണം.
10. മത്സ്യമാംസാദികളുടെ വിൽപനയ്ക്ക് പ്രത്യേക മാർക്കറ്റ് സ്ഥാപിക്കണം.
11. അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ കൊല്ലുവാനുള്ള സംവിധാനം ഉണ്ടാക്കണം. ഇത് രണ്ടോ മൂന്നോ മാസത്തിലൊരിക്കൽ ആവർത്തിക്കണം. ഗ്രാമസഭകളിലെ ചർച്ചകളിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നു എന്നുള്ളത് ആശാവഹമാണ്.
12. പ്രകൃതിചികിത്സാ രീതിയ്ക്ക് ആവശ്യമായ പ്രാധാന്യവും സഹായവും നൽകണം.
13. ഹരിജൻ കോളനികളിൽ കുളിമുറി/മൂത്രപ്പുര എന്നിവ നിർമ്മിക്കണം.
14. ഓഫീസുകളിലും പൊതുസ്ഥലങ്ങളിലുമുള്ള പുകവലിക്ക് നിരോധനം ഏർപ്പെടുത്തി, നിരോധനം കർശ്ശനമായി നടപ്പാക്കുക.
15. വിദ്യാലയങ്ങളക്ക് സമീപത്ത് പാൻ, ഐസ് എന്നിവയുടെ വിൽപന നിരോധിക്കുക.
16. പുകയില കൂട്ടിയുള്ള മുറുക്കലിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

കൂട്ടായ ചർച്ചകളിലൂടെ കണ്ടെത്തിയ പരിഹാരമാർഗ്ഗങ്ങൾ ആത്മാർത്ഥതയോടെ നടപ്പാക്കിയാൽ തീർച്ചയായും പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ മിക്കവാറും പരിഹരിക്കപ്പെടുകതന്നെ ചെയ്യും.

9

കുടിവെള്ളം

ശുദ്ധമായ കുടിവെള്ളം ഏതൊരു ജീവിയുടേയും ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഘടകമാണ്. നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങിൽ സ്ഥിരമായി ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കുടിവെള്ളത്തിന് നാം പൊതുവെ ആശ്രയിക്കുന്നത് കിണറുകളെത്തന്നെയാണ്.

K.W.A ജലവിതരണ സംവിധാനം പട്ടിക 9 എ

ക്രമ നമ്പർ	ഇനം	എണ്ണം
1.	കുഴൽക്കിണർ, ഹാൻഡ് പമ്പോടുകൂടിയത്	24
2.	കുഴൽക്കിണർ, മോട്ടോറോടു കൂടിയത്	3
3.	R.W.S.S	1
4.	T.W.S.S	2
5.	പൊതുടാപ്പുകൾ	47
6.	ഗാർഹിക കണക്ഷൻ	100
7.	ഗാർഹികേതര കണക്ഷൻ	25

പഞ്ചായത്ത് ജലവികരണ സംവിധാനം പട്ടിക - 9 ബി

ക്രമ നമ്പർ	ഇനം	എണ്ണം
1.	കുഴൽക്കിണറുകൾ	30
2.	കിണറുകൾ	25
3.	പൊതുടാപ്പുകൾ	10

പഞ്ചായത്തിലെ നിലവിലുള്ള ശുദ്ധജലവിതരണസംവിധാനം അപര്യാപ്തമാണ്. മുള്ളേരിയയിലുള്ള ഓവർ ഹെഡ് ടാങ്കിന്റെ നില ഭദ്രമല്ല. മുള്ളേരിയയിലുള്ള ഓവർഹെഡ് ടാങ്കിന്റെ നില ഭദ്രമല്ല. മുള്ളേരിയയിലുള്ള പ്രധാന പമ്പിംഗ് സ്റ്റേഷന്റെ പ്രവർത്തനം വൈദ്യുതിയുടെ അഭാവം കാരണം പലപ്പോഴും തടസ്സപ്പെടുന്നു. വേനൽക്കാലത്ത് പമ്പിംഗിനാവശ്യമായ വെള്ളം ഇവിടെയില്ല. പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കുവാനാവശ്യമായ വെള്ളം ഈ സ്റ്റേഷനിൽ ഇല്ല. ജലവികരണം കൂടുതൽ ഭാഗങ്ങളിലേക്ക് നീട്ടുവാനും, കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുവാനും സാധിക്കണമെങ്കിൽ കൂടുതൽ ജലലഭ്യതയുള്ള പയസ്വിനിപ്പുഴയെ ആശ്രയിക്കുന്നതായിരിക്കും ഉത്തമം. പുഴയിൽ നിന്ന് പമ്പ് ചെയ്യുന്ന വെള്ളം ഉയർന്ന പ്രദേശത്ത് ഒരു ഓവർഹെഡ് ടാങ്ക് സ്ഥാപിച്ച് സംഭരിക്കുകയാണെങ്കിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടാനും കൂടുതൽ പൊതുടാപ്പുകളും സ്വകാര്യടാപ്പുകളും അനുവദിക്കുവാനും സാധിക്കും. K.W.A. ജലവിതരണം നടത്തുന്നതിന് ഉപയോഗിക്കുന്ന ലോഹപൈപ്പുകൾ 24 വർഷം പഴക്കമുള്ളവയാണ്. തുരുമ്പിച്ച പൈപ്പുകൾ പല ഭാഗങ്ങളിലും പൊട്ടി ജലം നഷ്ടമാകുന്നുണ്ട്.

ജലസ്രോതസ്സുകൾ - പട്ടിക - 9 സി

സ്രോതസ്സ്	കുടുംബം
സാനിറ്ററി വെൽ	397
സാധാരണ കിണർ	1464

കുളങ്ങൾ	45
നദി	111
പൈപ്പ്	47
പൊതുവിതരണം	284

വേനൽക്കാലങ്ങളിൽ അര കിലോമീറ്റർ മുതൽ 2 കി.മീ വരെ വെള്ളത്തിനായി സഞ്ചരിക്കേണ്ട അവസ്ഥയാണ് മിക്ക വാർഡുകളിലുമുള്ളത്.

ജലദൗർലഭ്യം പരിഹരിക്കുന്നതിന് ചെയ്യാവുന്ന കാര്യങ്ങൾ

1. ജലം പാഴാക്കാതെ, അശുദ്ധമാക്കാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.
2. ശാശ്വതമായ ജലക്ഷാമം പരിഹരിക്കുന്നതിന് പയസ്വിനിപ്പുഴയിൽ അടുക്കത്തൊട്ടിയിലും, മഞ്ഞംപാറയിലും രണ്ട് പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ച് രണ്ടിടങ്ങളിലും അനുയോജ്യമായ സ്ഥലത്ത് ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വിതരണ ശൃംഖല വിപുലപ്പെടുത്തേണ്ടതാണ്.
3. പൈപ്പ് വഴിയുള്ള ജലം എത്തിക്കുവാൻ തടസ്സമുള്ള സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം ചെയ്യുക.
4. കിണറുകൾ നിർമ്മിക്കുവാൻ ചെറിയ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക.
6. ജലസ്രോതസ്സുകളെ ദൂഷിതമാക്കാതെ സംരക്ഷിക്കാൻ ദേശവാസികളുടെ സമിതി രൂപീകരിക്കുക.
7. പൊതുവിതരണം നടത്തുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക.

ഒൻപതുവാർഡുകളിലെ ഗ്രാമസഭകളിലും ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ ഐകൃരൂപമുള്ളവയാണ്.

എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങളിലും ഐകൃരൂപമുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. സാമ്പത്തികശേഷി ഇല്ലാത്തതിനാൽ 30% അധികം വീടുകളിലും കിണറോ, പൈപ്പുകണക്ഷനോ ഇല്ല. ഇവർക്ക് കുടിവെള്ളത്തിനായി പുഴ, അയൽവീടുകളിലെ കിണറുകൾ തുടങ്ങിയ ജലസ്രോതസ്സുകളെ ആശ്രയിക്കേണ്ടിവരുന്നു.
3. സ്വന്തമായി കിണറുള്ളവർക്ക് വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
4. വാട്ടർ അതോറിട്ടിയുടെയോ പഞ്ചായത്ത് ജലവിതരണ സംവിധാനത്തിന്റെയോ പൈപ്പ് കണക്ഷനുള്ളവർക്കും ഗാർഹികാവശ്യത്തിന് വേണ്ടത്ര ജലം ലഭ്യമാകുന്നില്ല.
5. പൊതുകിണറുകളിൽ ചിലത് ഉപയോഗശൂന്യമായിത്തീർന്നിരിക്കുന്നു.
6. ഏതാനും പൊതുകുഴൽക്കിണറുകൾ പ്രവർത്തനരഹിതമാണ്.
7. പൈപ്പുവെള്ളത്തിന്റെയും, കുഴൽക്കിണറുകളിലെ വെള്ളത്തിന്റെയും സാമ്പിളുകൾ എടുത്ത് യഥാസമയം ഗുണമേന്മാ പരിശോധന വിധേയമാക്കുന്നില്ല.
8. തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നതും പൊതുജലസ്രോതസ്സുകളുടെ സമീപത്തുവെച്ച് വാഹനങ്ങൾ കഴുകുന്നതുമൂലവും കുടിവെള്ളം മലിനമാക്കപ്പെടുന്നു.
9. ജലസംരക്ഷണത്തെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്.
10. നെച്ചിപ്പടപ്പ്, കോളിയടുക്കം, പയ്യനുടുക്കം, ശക്തിനഗർ എന്നീ സ്ഥലങ്ങളിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി കുടിവെള്ളം വീടുകളിൽ എത്തിക്കുക.
11. മിക്ക കിണറുകൾക്കും ചുറ്റുമതിൽ ഇല്ലാത്തതിനാൽ ജലമലിനീകരണം.
12. വൈദ്യുതി സ്തംഭനം, വോൾട്ടേജില്ലായ്മ എന്നീ കാരണങ്ങളാലും ജലവിതരണം തടസ്സപ്പെടുന്നു.

കിണറുകളും കുഴൽക്കിണറുകളും നിർമ്മിക്കേണ്ട സ്ഥലങ്ങൾ പട്ടിക 9 എഫ്

വാർഡ് : 1

കിണർ	മുള്ളേരിയ ടൗൺ, ലക്ഷം വീട് കോളനി, മുണ്ടോൾ, കാർളെ പിണ്ടിക്കൈ, പതികാലമൂല, ഗാഡിഗുഡ്ഡ ഹരിജൻ കോളനി, അംബികാനഗരം, ബേങ്ങത്തടുക്കം, ആദൂർ, ജയനഗർ, പുട്ടണമൂല, ചേതമൂല
കുഴൽക്കിണർ	ബേങ്ങത്തടുക്കം നഗരകുറി
പൈപ്പ്ലൈൻ	നീരുള്ളിപ്പാറ, ബേഡറ മൂല, ഗാഡിഗുഡ്ഡ, മൈത്രിനഗർ

വാർഡ് : 2

കിണർ	
കുഴൽക്കിണർ	
പൈപ്പ്ലൈൻ	അയർക്കാട്, കോളിയടുക്കം, ബെള്ളിഗ, കാർള്യ കല്ലുംഗോൾ

വാർഡ് : 3

കിണർ	വണ്ണാചടവ്, ബേർളം ഗാന്ധിനഗർ, നെക്കാർളം കോളിയടുക്കം
കുഴൽക്കിണർ	
പൈപ്പ്ലൈൻ	മുള്ളേരിയ മുതൽ പയ്യനടുക്കം ഹരിജൻകോളനി വരെ. കോളിയടുക്കം ഹരിജൻ കോളനി വരെ.

വാർഡ് : 4

കിണർ	അടുക്കാത്തൊടി, പൂവടുക്ക, കൊണലമൂടാകുളം, പണവളക്കം, പെരിയടുക്ക
കുഴൽക്കിണർ	അടുക്കത്തൊട്ടി, പൂവടുക്ക, കൊണലമൂടാകുളം, പണവളക്കം, പെരിയടുക്ക, കാറഡുക്ക G.H.S.
പൈപ്പ്ലൈൻ	എല്ലാഭാഗങ്ങളിലും

വാർഡ് : 5

കിണർ	
കുഴൽക്കിണർ	പുട്ടണ്ണമൂല, ആലംന്തടുക്ക, ആദൂർ, മല്ലാവരം
പൈപ്പ്ലൈൻ	കുക്കംകൈ, തട്ടിൻമൂല, കൊളുത്തുങ്കരമൂല, ചോളമ്പളം, കൊട്ടച്ചാൽ, മഞ്ഞവളപ്പ്, ബെയ്ച്ചുപ്പാടി കൊയക്കുട്ലു ഹരിജൻ കോളനി.

വാർഡ് : 6

കിണർ	മഞ്ഞംപാറ, സി.എച്ച്. നഗർ, ബിബുങ്കാൽമൂല, കുളനൂർ
കുഴൽക്കിണർ	ഊഹിത്തടുക്കം, പാറത്തോട്, കരിങ്ങടുക്കം, പടിയത്തടുക്കം
പൈപ്പ്ലൈൻ	

വാർഡ് : 7

കിണർ	
കുഴൽക്കിണർ	
പൈപ്പ്ലൈൻ	പുഞ്ചപ്പലം, സി.എ. നഗർ, കൈത്തോട്, ആദൂർ പാലം, മല്ലാവരം, മഞ്ഞംപാറ, കാനക്കോട്, വണ്ണത്തംപാടി, എരിക്കളം, പ്രിയദർശിനി നഗർ, ചേടിക്കുമ്ട്, കട്ടത്തവെളി.

വാർഡ് : 8

കിണർ	
കുഴൽക്കിണർ	എല്ലാ ഭാഗങ്ങളിലും
പൈപ്പ്ലൈൻ	എല്ലാ ഭാഗങ്ങളിലും

വാർഡ് : 9

കിണർ	കുണ്ടടുക്കം, അരയാലിങ്കാൽ, ഒയക്കോൽ
കുഴൽക്കിണർ	കുണ്ടടുക്കം, ഒയക്കോൽ, കൊട്ടംകുഴി, പാണൂർ
പൈപ്പ്ലൈൻ	

കുടിവെള്ള സൗകര്യം ഒരുക്കൽ സുപ്രധാനമായ സാമൂഹ്യപ്രശ്നമായി കണക്കാക്കി നാം പ്രവർത്തിക്കുകയാണെങ്കിൽ 9-ാം പഞ്ചവൽസരപദ്ധതി അവസാനിക്കുന്നതിനു മുമ്പുതന്നെ എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം നേടിയെടുക്കുവാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

10

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



ഗതാഗതം

വികസനവുമായി ബന്ധപ്പെട്ട് റോഡുകളുടെ പ്രാധാന്യം വളരെയേറെയാണ്. നാടിന്റെ വികസനവും ജനങ്ങളുടെ യാത്രാസൗകര്യവും റോഡുമായി അഭേദ്യമായ ബന്ധമുണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. റോഡിനുവേണ്ടി പഞ്ചായത്ത്, പി.ഡബ്ല്യു.ഡി. വകുപ്പുകൾ അനുവദിച്ച സ്ഥലം പല സ്വകാര്യവ്യക്തികളും കയ്യേറിയി രിക്കുന്നതുകൊണ്ട് റോഡുവികസനം ഇന്നും അപ്രാപ്യമാണ്. പഞ്ചായത്തിൽ മൊത്തം 129 കി.മീ. റോഡാണുള്ളത്.

കാറഡുക്ക പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാഷണൽ ഹൈവേ കടന്നുപോകുന്നില്ല. കേരളം കർണ്ണാടകം സ്റ്റേറ്റുകളെ ബന്ധിപ്പിച്ചുകൊണ്ടാണ് അവ കടന്നുപോകുന്നത്. പഞ്ചായത്തിൽ പൂർണ്ണമായും മെറ്റൽ ചെയ്ത റോഡുകളുടെ നീളം 30 കിലോമീറ്റർ ആണ്. പല ഇടവഴികളും മൺറോഡുകളായി മാറ്റിയതുകൊണ്ട് പഞ്ചായത്തിൽ റോഡുകളുടെ സ്ഥിതി മോശമല്ലാത്തതാണ്. എന്നിരുന്നാലും പല റോഡുകളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പൂർണ്ണമായും മെറ്റൽ ചെയ്യാത്തത്, പുതിയ റോഡുകളായി അനുവദിക്കേണ്ടത് എന്നിവയുടെ പ്രത്യേകം പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. മൺറോഡുകൾ പലതും ചില സ്വാർത്ഥമതികൾ റോഡിൽ വെള്ളം ഇറക്കിവിട്ടതുമൂലം റോഡുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ വിസ്തീർണ്ണത്തിനനുസരിച്ച് നിലവിൽ റോഡുകളുണ്ടെങ്കിലും പഞ്ചായത്ത് ബോർഡിലെ പ്ലാനിംഗ് തകരാറുമൂലം അപ്രധാന റോഡുകൾ മെറ്റൽ ചെയ്യുകയും പ്രധാന റോഡുകൾ പലതും മെറ്റൽ ചെയ്യാതെ ഗതാഗതയോഗ്യമല്ലാതെയും മാറിയിരിക്കുകയാണ്. സ്റ്റേറ്റ് ഹൈവേ കാസറഗോഡ് ജാൾസൂർ റോഡ് കടന്നുപോകുന്നത് ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ്. എന്നാൽ പ്രസ്തുതറോഡിൽ വളവ് തിരിവ് ഉള്ളതിനാൽ അപകടം ഏറെ കൂടുതലാണ്. 20ൽപ്പരം ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നുണ്ട്.

കാറഡുക്ക പഞ്ചായത്തിന്റെ ആസ്ഥാനമായ മുള്ളേരിയ 5- റോഡുകൾ കൂടിയ ജംഗ്ഷൻ ആണ്. മുള്ളേരിയ-ജാൾസൂർ, മുള്ളേരിയ-ബദിയടുക്ക, മുള്ളേരിയ-കാസറഗോഡ്, മുള്ളേരിയ-ബെള്ളൂർ, മുള്ളേരിയ-നെല്ലിക്കട്ട. ഉദ്ദേശം 50ൽപരം ബസ്സുകൾ പഞ്ചായത്ത് ആസ്ഥാനമായി ഓടുന്നുണ്ടെങ്കിലും നിലവിൽ8 ഒരു ബസ്സ് സ്റ്റാൻഡോ, ബസ്സുകൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലമോ ഇല്ല. 40ൽപരം പ്രൈവറ്റ് ജീപ്പുകളും അത്രയും തന്നെ ഓട്ടോറിക്ഷകളും വിവിധ റൂട്ടുകളിൽ വാടകയ്ക്കായി യാത്രക്കാരുടെ സൗകര്യാർത്ഥം ഓടുന്നുണ്ട്. അവയ്ക്കൊന്നുംതന്നെ പ്രത്യേക സ്റ്റാൻറുകളില്ല.

മുള്ളേരിയ ഇന്നനം വളരെ തിരക്കുള്ള ബസ്സ്സ്റ്റോപ്പാണെന്ന് മേലുദ്ധരിച്ച വാഹനങ്ങൾ കൊണ്ടുതന്നെ മനസ്സിലാകുമല്ലോ. യാത്രക്കാരുടെയും വാഹനങ്ങളുടേയും തിരക്കിനെ ഉൾക്കൊള്ളാൻ നിലവിലുള്ള മുള്ളേരിയ ടൗണിന് കഴിയുന്നില്ല. ബസ്സ് ഇറങ്ങാനും കയറാനും ജനങ്ങൾ ഏറെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ഗതാഗത തിരക്കുമൂലം വിദ്യാർത്ഥികളും യാത്രക്കാരും പലപ്പോഴും ഭീതിയോടെ മാത്രമേ ടൗണിൽ എത്താറുള്ളൂ. സമഗ്രവികസനം ലക്ഷ്യമാക്കി ഒരു വിപുലമായ ബസ് സ്റ്റാൻഡും ട്രാഫിക് നിയന്ത്രണവും എത്രയും വേഗം ഉണ്ടാക്കുക മാത്രമേ ഇതിന് ശാശ്വതമായ ഒരു പരിഹാരമുള്ളൂ. സ്വകാര്യ കച്ചവടക്കാർ മുള്ളേരിയയെ അതിവേഗത്തിൽ വളർന്നുവരുന്ന ടൗണാക്കി മാറ്റി- മാറ്റുന്നു എന്നുപറഞ്ഞാൽ അതിലൊട്ടും അതിശയോക്തിയില്ലെന്ന് വേണം പറയാൻ. എന്നാൽ അനധികൃതമായ പെട്ടിക്കട ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഗതാഗതസൗകര്യക്കുറവും മാലിന്യക്കൂമ്പാരവും പെട്ടിക്കടക്കാർ ചെയ്തുവെക്കുന്നത് ജനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. കാറഡുക്ക പഞ്ചായത്ത് സ്ഥിതിചെയ്യുന്ന മുള്ളേരിയ ടൗണിന്റെ തെക്കുഭാഗത്തും കിഴക്കുഭാഗത്തുമുള്ള പി.പി. സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുകയാണെങ്കിൽ (സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അളന്നുകൊടുത്ത്)ഗതാഗതത്തിരക്ക് ഒഴിവാക്കാനും ബസ് സ്റ്റാൻഡ് പണിയാനുമുള്ള സൗകര്യം ഈ പഞ്ചായത്തിനുണ്ട്.

കർണ്ണാടക സ്റ്റേറ്റിന്റെ 4 ബസ്സുകൾ ഈ ജംഗ്ഷനിൽക്കൂടി ഗതാഗതം നടത്തുന്നെണ്ടെങ്കിലുംകേരള ഗവൺമെൻറിന്റെ K.S.R.T.C. ബസ് ഒന്നുപോലും ഈ ടൗണിൽക്കൂടി കടന്നുപോകുന്നില്ലയെന്നത് ഈ പ്രദേശത്തോടുള്ള അവഗണന മാത്രമേ കാണാൻ കഴിയുകയുള്ളൂ. നേരത്തെ ഓടിക്കൊണ്ടിരിക്കുന്ന കാസറഗോഡ്-പഞ്ചിക്കൽ

K.S.R.T.C കഴിഞ്ഞ കുറേ വർഷങ്ങളായി റോഡ് അസൗകര്യത്തിന്റെ പേരുപറഞ്ഞ് നിർത്തിവെച്ചിരിക്കുകയാണ്. ആവശ്യമായ റോഡ് വീതിയില്ലായ്മയും പല കൾവർട്ടുകളും അപകടഭീഷണിയെ നേരിടുന്നതിനാലും പല റോഡുകളും ഗതാഗതയോഗ്യമല്ലാത്തതിനാലും പഞ്ചായത്തിലെ പല റൂട്ടുകളിലും ബസ്സോടിക്കാൻ ബസ് മുതലാളിമാർ വൈമുഖ്യം കാണിക്കുന്നു. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശമനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ മെറ്റൽ, റിപ്പയറിംഗ്, പുതിയ റോഡുകളുണ്ടാക്കൽ എന്നിവയുടെ പ്രവർത്തനം നടത്തുകയാണെങ്കിൽ ഗതാഗതത്തെ സംബന്ധിച്ച ഈ പഞ്ചായത്തിലെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ കഴിയും. ബസ് സർവ്വീസിനുള്ള സാദ്ധ്യതകളുള്ള റൂട്ടുകൾ, നടപ്പാത, ഇടവഴികൾ, പുതിയ റോഡുകൾ എന്നിവ അനുവദിക്കുമ്പോൾ ഗവൺമെൻറ് സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം കൊടുക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. നിലവിൽ ടാർ ചെയ്തതിലുള്ള (വീതിയിലും ഗുണത്തിലും) പോരായ്മ.
2. എല്ലാ വിഭാഗം റോഡുകളുടേയും വീതിക്കുറവ്.
3. റോഡിലേക്ക് ഇറങ്ങിച്ചെന്നിട്ടുള്ള മരങ്ങളുടേയും മരക്കൊമ്പുകളുടേയും അവസ്ഥ. പലപ്പോഴും ഇത് അപകടത്തെ ക്ഷണിച്ചുവരുത്തുന്നു.
4. കൾവർട്ടുകൾ, പാലങ്ങൾ എന്നിവ യഥാസ്ഥാനത്ത് നിർമ്മിക്കാത്തതുകൊണ്ടുള്ള റോഡുകളുടെ ശോച്യാവസ്ഥ.
5. റോഡുകളിൽ സ്വകാര്യവ്യക്തികളുടെ കയ്യേറ്റം.
6. ഡ്രൈനേജിന്റെ അഭാവം.
7. ടൗണുകളിലും റോഡുകളിലും സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക്ക്, ടെലഫോൺ പോസ്റ്റുകൾ.

സാദ്ധ്യതകൾ

1. ടാർ ചെയ്യുന്നതിനും റോഡുണ്ടാക്കുന്നതിനും വാർഡുതലത്തിലുള്ള ജനകീയ കമ്മിറ്റി.
2. സ്വകാര്യവ്യക്തികളുടേയും സ്ഥാപനങ്ങളുടേയും അനധികൃതമായ റോഡ് കയ്യേറ്റ ശ്രമം തടയൽ.
3. സമയാധിഷ്ഠിതമായി കാലാകാലങ്ങളിൽ റോഡിൽ തളളിനിൽക്കുന്ന മരങ്ങളും കൊമ്പുകളും വെട്ടിമാറ്റൽ.
4. പഠനവിധേയമായി കൾവർട്ടുകൾ, കലുങ്കുകൾ, പാലങ്ങൾ എന്നിവ സ്ഥാപിക്കൽ.
5. സ്വകാര്യവ്യക്തികൾ തങ്ങളുടെ സൗകര്യാർത്ഥം ഡ്രൈനേജ് നിരപ്പാക്കുന്നത് തടയൽ.
6. ടൗണുകളിലും റോഡുകളിലും വളവുകളിലും സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ് എന്നിവ മാറ്റി സ്ഥാപിക്കുകയാണെങ്കിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും ഗതാഗതസൗകര്യത്തിനും ഏറെ പ്രയോജനപ്പെടും.
7. റോഡരുകിൽ കെട്ടിടം പണിയുമ്പോൾ മുൻകൂട്ടിയുള്ള പഞ്ചായത്തിന്റെ അനുവാദം വാങ്ങേണ്ടതാണ്.
8. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം വെയിറ്റിംഗ് ഷെഡുകളും മൂത്രപ്പുരകളും പണിയുക.
9. വാഹനങ്ങൾക്ക് പ്രത്യേകം പാർക്കുചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കുക.
10. മുള്ളേരിയയിൽ ട്രാഫിക്ക് സർക്കിളും അതുപോലെ സമാധാനാന്തരീക്ഷം സ്ഥാപിക്കുന്നതിനായി പോലീസിന്റെ സേവനം.

ക്രമനം	റോഡ് കടന്നുപോകുന്ന പ്രദേശങ്ങൾ	ടാർ ചെയ്തിട്ടുള്ളത്	ടാർ ചെയ്യാനുള്ളത്	ദൂരം
1	13-ാം മൈൽ - കാവുങ്കര ഹൈസ്കൂൾ റോഡ്	✓		600മീ.
2	മൂന്നുമുറിയെഞ്ചിപ്പടവ് അടുക്കം വഴി	✓		3.200കി.മീ.
3.	നെഞ്ചിപ്പടവ് - മുണ്ടോൾ അമ്പലം		✓	800മീ.
4	അടുക്കം - മുണ്ടോൾ അമ്പലം	✓		400മീ.
5	മൂന്നുമുറിയ - സ്മിനം കോൾ		✓	1.200കി.മീ.
6	അമ്പാടൻ - തുക്കം കൈ	✓		1.200 "
7	" "		✓	400മീ.
8	17-മൈൽ മുതൽ 16 മൈൽ		✓	800മീ.
9	K.I റോഡ് (18 മൈൽ)		✓	600മീ.
10	തുക്കം തുടി യൂത്ത് ക്ലബ്ബ് അമ്പാടൻ പള്ളി	✓		1.200കി.മീ.
11	തുക്കം തുടി അടുക്കം - മിൻചിപദവ്		✓	2.400 "
12	തുണ്ടിപ്പാറ - മുക്കാവര		✓	3.200 "
13	തുക്കം തുടി — പടിഞ്ഞാറ്റുക്ക		✓	1.600 "
14	കാനന്തി — കിഴക്കേചിറ		✓	1.കി.മീ.
15	അമ്പുക്ക - മൂടാംതുരം		✓	1.200കി.മീ
16	തുണ്ടാൽ — മിൻചിപദവ്		✓	2കിമീ.
17	മുച്ചാൽ — പന്നിമ	✓		1.400 "
18	വെങ്ങാഞ്ഞുക്ക- വെള്ളച്ചാട്ടുക്ക		✓	1.200 "
19	നെഞ്ചിപ്പടവ് - നാനമ്പാടി	✓		3.200 "
20	കിൻമ്പംകൊടി - തെക്കുംതുടി		✓	1.200 "
21	അമ്പാടൻപെക്കപോസ്റ്റ്- പള്ളിക്കാൽ	✓		1 കി.മീ.
22	മൂന്നുമുറിയ - വെള്ളാട്ടൻ	✓		1.200 "
23	അമ്പാടൻ 17 മൈൽ അമ്പലപ്പടുക്ക		✓	800മീ.
24	റോബിൻപാടി - കിൻതു	✓		1.200കി.മീ
25	അമ്പിഞ്ഞി തൊട്ടി - കിഴക്കുംകോൾ		✓	1.600 "
26	തെക്കേക്കര - കിഴക്കുക്കരവെസ്കൂൾ		✓	600മീ.
27	കിഴക്കുംകോൾ — നാനമ്പാടി		✓	200മീ
28	തുണ്ടാൽ - അമ്പലപ്പടി കടവ്		✓	1.200കി.മീ
29	ആൽമൂട്ടിൽ റോഡ് 20/4 ൽനിന്ന് 20/7 വരെ		✓	400മീ.

30	മണ്ണം പാറ – മിൻനൊട്ടി	✓		1.200 കി.മീ
31	കുട്ടനവയൽ – മിൻചിപാടവ്		✓	1.200 "
32	കടലം കൊട് – പാപിനശ്ശേരി		✓	1.200 "
33	നടുക്കണ്ടം മുക്കോൽ – പിലാത്തിക്കായി		✓	800 മീ.
34	കൽമാംകോടി – കാനവയൽ H.S		✓	1.280 കിമീ
35	മുട്ടുപാറ – തെക്കുമുറിയേരുകണ്ടി		✓	1.200 "
36	മാനാട്ടി കുടി – മിൻചിപാടവ്		✓	1.600 "
37	മിൻചിപാടവ് – നടുവിലക്കണ്ടി		✓	1.600 "
38	നിരോത്തുപാറ – കൊത്തിക്കാട്ട		✓	1.600 "
39	വടക്കുമലയ് – കാന കോട്		✓	1.200 "
40	തൈക്കാം പാറ – മുട്ടുപാറ		✓	3.200 "
41	മുതുകുനിവ് – പാറക്കൊച്ചി		✓	3.200 "
42	തെക്കുമുറിയേരുകണ്ടി – നടുവിലക്കണ്ടി		✓	800 മീ.
43	12-ാമൈൽ നടുവിലക്കൊട്ടി		✓	3.200 കിമീ
44	വടക്കുചിടവ് — "		✓	1.200 "
45	വടുവഞ്ചാൽ – നടുക്കൈതക്കൊട്ടി		✓	4.560 "
46	കുട്ടനവയൽ – മിൻചിപാടവ്		✓	400 മീ.
47	മീനാക്കൈക – ചോനം പടവ്		✓	1.200 കി.മീ.
48	KI റോഡ് 16/2 to 17/2		✓	600 മീ.
49	മണ്ണം പാറ – നടുക്കൈതക്കൊട്ടി	2 കിമീ	500 മീ	2.500 കിമീ.
50	പൊലീസ് സ്റ്റേഷൻ – കാഷ്ഠിന		✓	1 കി. മീ.
51	തൊട്ടിപ്പടവ് – മുക്കോൽ		✓	1.200 "
52	മുഗത്തിപ്പയങ്കോടി – മുഗത്തി മസ്ജിദ്		✓	800 മീ.
53	13-ാമൈൽ – പാണ്ടൻ		✓	1.500 കിമീ.
54	മുതുകുനിവ് – മുട്ടുപാറ		✓	3 "
61	മണ്ണം പാറ – മുപ്പക്കണ്ടം		✓	2.500 "
62	മണ്ണം പാറ — ജുമാ		✓	2.500 "
63	വടിയനടുക്ക – മിൻനൊട്ടി	✓		2. "
64	കൽമാം കോടി – തൊഴിക്കുന്ന്	✓		6.400
65	16¼ മൈൽ KI റോഡ്		✓	300 മീ.

66	ആലപ്പുഴ മെ – കിഷനാകെ മൂട	✓		(70 മീ).
67	കിടങ്ങാമൂല – മുച്ചിലോട്	✓		690 "
68	കോഴുക്ക = തെക്കെ കാര	✓		(കി.മീ)
69	കിണർ – മാലിടം കൊട്ട	✓		540 മീ
70	നെല്ലിവിള – സർക്കാർ പള്ളിക്കാൽ	✓		740 "
71	കിരിക്കുടുക്ക – കൊച്ചുമിണ്ണ	✓		300 "
71	സാരസ്വതി നെല്ലിയടുക്ക	✓		500 "
72	സന്ധ്യാച്ചിടവ് – കൊല്ലിയടുക്ക	✓		600 "
73	കുവർന്നാടി – ചേട്ടിക്കുണ്ട്	✓		300 "
74	കൊല്ലന്നിക്കര – സന്ദീപ് റോഡ്	✓		300 "
75	നാരായണി കൊല്ലി – തെക്കെ കാര	✓		300 "
76	C.A നഗർ – കുടിക്കാവ്	✓		400 "
77	നാരിക്കുഴി – പാണ്ടാർ	✓		1 കി.മീ
78	പാറന്ന കൊച്ചി – കിഴവാടി	✓		1 "
79	കിടങ്ങ് കൊൾ – മുണ്ട	✓		800 മീ
80	വള്ളുന്നാംപാടി – സ്കൂൾ റോഡ്	✓		180 മീ
81	നടു വീടിക – പനിവ ടി സ്കൂൾ	✓		1.350 കി.മീ
82	നെല്ലി ചിടവ് – നാരായൻകാടി	✓		270 മീ
83	പുഞ്ചാര – പൊടു കുന്നൽ	✓		500 "
84	നടുക്കര – കിരിവ് പന്തുച്ച്	✓		520 "
85	നിലവിളർ ഗാന്ധി നഗർ – തെക്കേത്തോട്	✓		150 "
86	തൊടി – പാണ്ടാർ	✓		100 "
87	തെക്കേത്തോട് – പാതിരാൻ കൊല്ലന	✓		400 "
88	കിഴവൻ നാരായണൻകാട്	✓		450 "
89	പാക്കർ പരിസ്ഥിതം – മൂട്ട പന്തുച്ച്	✓		100 "
90	നെല്ലിച്ചുവട് – പരിന്തികാവ്	✓		200 "
91	പാറന്ന കൊച്ചി – നെല്ലിക്ക	✓		100 "
92	കിഴവർഗാന്ധി നഗർ – തെക്കേത്തോട്	✓		400 "
93	കിടുനാരായണൻ – കിൻചി പാടുവ്	✓		600 "

പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന PWD റോഡുകൾ

1	കാസർഗോഡ് - കൊൽസ്റ്റർ റോഡ് (S.H.) നീലം		10 കി.മീ.
2	മൂന്നാംമൈൽ - ബദിയടുക്ക	"	6 കി.മീ.
3	മൂന്നാംമൈൽ - നാർലവാർഡ്	"	5 കി.മീ.
4	കാർഡംതോട്ടി - നെല്ലിക്കട്ട	"	6.400 "
5	പ്രധാനപ്പെട്ട നടപ്പാതകൾ		
1	നാരാർവളപ്പ് - കൊഴക്കാട്ടുപുഴ സ്കൂൾവാടി	"	430 മീ.
2.	കാർഡ് - ബൈനൂർ	"	560 മീ.
3	നെല്ലിയടുക്ക ഹരിജൻ കോളനി മുതൽ മൂന്നാംമൈൽ വരെ	"	400 മീ.
4	നാക്കാൻ - നെല്ലിക്കുന്നു	"	1 കി.മീ.
5	പന്നിക്കുന്ന് - നെച്ചിപ്പടവ്	"	1 കി.മീ
6	കൈതക്കാട് - പേടിക്കുന്ന്	"	750 മീ.
7	കിണ്ടുംഗാൾ - കിടാവ്	"	140 മീ.

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ് I

പിന്നിക്കായി - കാർന്ന് വരെ	"	520 മീ.
വണ്ണമൂല - പൂന്തോപ്പ്		
നെച്ചിപ്പടവ് - നാഗമൂല		
ഉഗ്രാണി നടുക്കണം - ചോരമൂല		
മൂന്നാംമൈൽ - ലക്ഷംവീട്		
കാരിന്ന് വരെ - മൂന്നാംമൈൽ	"	1.500 കി.മീ.
ഗവൺമെന്റ് സ്കൂൾ		750 മീ.
ബീരം കൊൾ പിന്നിക്കായ് നെച്ചിപ്പടവ്		
വെങ്ങാനടുക്കം - ഒരുമുക്കുത		
വെങ്ങാനടുക്കം - നൊണ്ടിക്കാനഗർ		
ഗാന്ധിറോഡ് - കൊന്നുമൂല - പൂന്തോപ്പ്		

വാർഡ് II

ഗവൺമെന്റ് ആശുപത്രി - അയർക്കാട് 2 കി.മീ.

പൊതുമരാമത്ത് - കാർഷിക 1 ,,

സൂപ്രണ്ടന്റ് - വണ്ടിപ്പേട്ട 1 ,,

വാർഡ് III

പണിക്കരുന്ന് - പോസ്റ്റ് ഓഫീസ് പടക്കോണത്തറ 1.500 കി.മീ

പോസ്റ്റ് ഓഫീസ് - സാരസ്വതി 2.500 ,,

പെരുങ്കാൽ ഇറ - പെരുങ്കാൽ 500 മീ.

ശാന്തിനഗർ - പെരുങ്കാവ് കോട് 2.500 കി.മീ.

ആനാംപൊയ്ക - അരിഞ്ഞാലം 1 കി.മീ.

കിരണി - ശിവഗിരി 2 കി.മീ.

വാർഡ് IV

ആനന്ദപുരം - ആനാംപൊയ്ക അയ്യങ്കാളി സംസ്കാരം 1 കി.മീ.

കിൻഫ്രാ പാർക്ക് - പൊന്നാപുരം - പുതുക്കാട് 1.500 കി.മീ.

ആനാംപൊയ്ക - പാണ്ടി 500 കി.മീ.

വാർഡ് V

അയ്യൻകാവ് പുതുമ - പൊന്നാപുരം കോട്ട

വാർഡ് VI

പടിഞ്ഞാറേക്കര - അറുന്നൂറ്റിമംഗലം

ഗവൺമെന്റ് പ്രസ് - അറുന്നൂറ്റി

മുണ്ടൻപാറ - പൊന്നാപുരം.

കിഴക്കേക്കര - മുണ്ടൻപാറ

വാർഡ് VII

അയ്യൻകാവ് പോലീസ് സ്റ്റേഷൻ - ഭഗവതി ക്ഷേത്രം

പോസ്റ്റ് ഓഫീസ് പൊന്നാപുരം - പുതുമ പൊയ്ക

പുതുമ പൊയ്ക - ഹൈസ്കൂൾ - കിഴക്കേക്കര പുതുമ

പുതുമ കോട് - പുതുമ സ്കൂൾ

അയ്യൻകാവ് മിഷൻ - പൊയ്കമുക്ക്.

വാർഡ് VIII.

ചേടിക്കുണ്ട് - ചന്ദനംകൊട്

പോക്കാംകുന്ന - ചന്ദനക്കാട്

വാർഡ് IX

തിരുവുക്കം കോളനി - സുബ്രഹ്മണ്യക്ഷേത്രം - കാനത്തൂർ മൂല

നിലവിലുള്ള റോഡുകളിൽ സ്വാഭാവികമായ കാഴ്ചകൾ കണ്ടും കേട്ടും പോലങ്ങളുടെയും

പട്ടിക.

വാർഡ് I ചിരംകൊൾ, കാർച്ചു, പൊങ്ങുന്നുകുന്ന് അംഗനവാടികൾ, സുകുമാരൻ മൂല, നഗർകുടി, പിന്തിക്കായി, കൊളുവോടി, മേഗിനമന മുച്ചിലോട്ട്.

II. കോതിയുക്കം - വണ്ണിയറോഡ്, മുത്താർ കോതിക്കുന്ന് റോഡ് ഗവ. തിയുക്കം - മൂന്നോൾ, നെച്ചിപ്പടവ് - പണിയ

III പൊൻകൊൾ - പെണ്ണാച്ചിപ്പടവ്, ശാന്തിനഗർ - കോതിയുക്കം ശാന്തിനഗർ - ചെമ്പംകൊട്, കാരന്തി - ശിവഗിരി.

IV കാർമ്മംതൊടി - GHS കാസുക്കുന്ന്, സുഭാഷ്കുന്ന് - കൊണാല കൊണാല - കാർമ്മംതൊടി, മീത്തലുമ്പിയ - അരുകിണം

V. പാറന്നകൊച്ചി - പെരുങ്കുഴി, പടന്ന - അരുകിണംതെരുവ്, പഴയങ്ങാടി - ഫ്ലൈഓവർ ജംഗ്ഷൻ

VII നടുത്തൂർ - മുണ്ടയാവ, കൊക്കെന്നാട്

VIII - അന്നൂർ ചന്ദനം - കരുതലപ്പൻ, ചന്ദനംകൊട് - നടുത്തൂർ

IX. 13-ാംമൈൽ - അരയാൽ ടെമ്പിൾ, കൊക്കാടംകുണ്ട് - അരയാലുങ്കര. കാർമ്മംതൊടി - കടവ് കൊവൽ, കൊക്കാടംകുണ്ട് - ചന്ദനക്കാൽ കാർമ്മംതൊടി - സുബ്രഹ്മണ്യക്ഷേത്രം.

ഊർജ്ജം

കാറഡുക്ക പഞ്ചായത്തിലെ 90% വീടുകളിലും പാചകത്തിന് വിറകാണുപയോഗിക്കുന്നത്. പഞ്ചായത്തിലെ 4,5,6,7,8,9 വാർഡുകളിലെ ജനങ്ങൾക്ക് വിറക് ശേഖരിക്കുന്നതിന് ഫോറസ്റ്റിന്റെ സൗകര്യം ഇന്ന് ലഭ്യമാണെങ്കിലും കാലക്രമേണ അത് നടപ്പിലാകാത്ത സ്ഥിതിയാണുള്ളത്. എന്നാൽ 1,2,3 വാർഡുകളിലെ ജനങ്ങൾക്ക് മേൽപ്പറഞ്ഞ സൗകര്യം ഇല്ലാത്തതിനാൽ വിറക് വിലകൊടുത്ത് വാങ്ങിക്കേണ്ട അവസ്ഥയിലാണ്.

മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാകം ചെയ്യുന്നവരും മറ്റു കാര്യങ്ങൾക്കും ഉപയോഗിക്കുന്നവർ ഈ പഞ്ചായത്തിൽ 10%ൽ താഴെയാണ്. സൗരോർജ്ജ വിളക്കുകൾ വിരലിൽ എണ്ണാവുന്നവ മാത്രമാണ്.

വൈദ്യുതി

കാറഡുക്ക പഞ്ചായത്തിലെ എക ടൗൺ എന്നറിയപ്പെടുന്ന മുള്ളേരിയയിലും പരിസരപ്രദേശങ്ങളിലുമാണ് ആദ്യമായി വൈദ്യുതി എത്തിച്ചേർന്നത്. എന്നാൽ പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും പഞ്ചായത്തിലെ 3,9 വാർഡുകളിലെ പല ഭാഗങ്ങളിലും വൈദ്യുതി കിട്ടാക്കനിയായി ഇന്നും നിലനിൽക്കുന്നു. കവുങ്ങ്, നെല്ല്, തെങ്ങ് എന്നിവയുടെ ഉൽപാദനത്തിൽ വെള്ളം നൽകാൻ പോലും മണ്ണെണ്ണ ഉപയോഗിച്ചുള്ള പമ്പുസെറ്റുകളെയാണ് ആശ്രയിച്ചുവരുന്നത്. 30%ൽ താഴെയാണ് വൈദ്യുതീകരിച്ച വീടുകളും വൈദ്യുതി മോട്ടോറുകളും. നല്ലൊരു ശതമാനം കുടുംബവും വൈദ്യുതിക്കപെക്ഷിച്ച് വർഷങ്ങളായി കാത്തിരിക്കുന്നു.

കാസറഗോഡ് ജില്ലയിലെ വിദ്യാനഗർ 110 K.V. സബ്സ്റ്റേഷനിൽ നിന്നാണ് ബദിയടുക്ക സെക്ഷൻ ഓഫീസ് മുഖാന്തിരം ഈ പഞ്ചായത്തിലേക്ക് വൈദ്യുതി എത്തുന്നത്. എത്തുന്ന വൈദ്യുതിയിൽ 30%ത്തോളം കാർഷികാവശ്യങ്ങൾക്കും ബാക്കിയുള്ള 70% കച്ചവടസ്ഥാപനങ്ങൾ, വിവിധയിനം മില്ലുകൾ, കൂൾബാറുകൾ, ഗാർഹികാവശ്യംഎന്നിവയ്ക്കായി ഉപയോഗിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള 10ഓളം ട്രാൻസ്ഫോർമറുകൾ അധികഭാരം വഹിക്കുന്നതും അതുകൊണ്ടുതന്നെ തുടർച്ചയായ റിപ്പേയറുകൾക്ക് വിധേയമാകുന്നതുമാണ്.

പഞ്ചായത്തിലെ കർഷകർക്കും വിദ്യാർത്ഥികളുമാണ് ഇതുമൂലം ഏറെ വിഷമങ്ങൾ അനുഭവിക്കേണ്ടിവരുന്നത്. വോൾട്ടേജിന്റെ കുറവുമൂലം ഇടയ്ക്കിടെയുണ്ടാകുന്ന ട്രാൻസ്ഫോമറുകളുടെ അറ്റകുറ്റപ്പണികൾ കൊണ്ട് സമയത്തിന് വെള്ളം നൽകാൻ കഴിയാതെ കൃഷികൾ നശിച്ചുപോകുന്നതിന് കാരണമാവുനനു. അതുപോലെ സന്ധ്യ മയങ്ങിക്കഴിഞ്ഞാലുള്ള വോൾട്ടേജ് കമ്മിയും പവർകട്ടും വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിക്കുന്നുണ്ട്. ചിമ്മിണി വിളക്കിന്റെ അരണ്ട വെളിച്ചത്തിലുള്ള പഠനം കുട്ടികളുടെ ആരോഗ്യത്തെക്കൂടി ബാധിച്ചിരിക്കുന്നതായി മനസ്സിലാക്കാൻ കഴിയും. പഞ്ചായത്തിലെ ട്രാൻസ്ഫോമറുകളുടെ ശേഷിയും ഗുണഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ നിലവിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് ആർക്കും മനസ്സിലാകും.

പേഷണ വിതരണ രംഗത്തുള്ള നഷ്ടം കുറക്കുന്നതിന് ലൈനുകളിൽ തൊട്ടുകിടക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റുക, ട്രാൻസ്ഫോമറുകൾ പുനസ്ഥാപിക്കുക, എന്നിവ ചെയ്താൽ ഒരു പരിധിവരെ നഷ്ടത്തിന് പരിഹാരമുണ്ടാക്കാം. പല ഹരിജൻ കോളനികളും ഇന്നും വൈദ്യുതീകരിക്കാൻ വേണ്ടിയുള്ള നടപടി കൈക്കൊണ്ടിട്ടില്ലെന്നത് വസ്തുനിഷ്ടമായ ഒരു അനുഭവമാമ്.

ഈ പഞ്ചായത്തിൽ എവിടെയും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. തിരക്കേറിയ മുള്ളേരിയ, ആദൂർ, കർമ്മംതൊടി, പതിമൂന്നാംമൈൽ, മവ്വാർ, നാരംപാടി, കുണ്ടാർ എന്നിവിടെയെങ്കിലും അടിയന്തിരമായി തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. 1988ൽ മുള്ളേരിയയിൽ സ്ഥാപിച്ചിട്ടുള്ള 110 K.V. സബ് സ്റ്റേഷന്റെ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല. ബോർഡിന്റേയും ഗവൺമെൻറിന്റേയും അലംഭാവമാണ് പ്രധാന കാരണം. ഈ പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങൾ അടിയന്തിരമായും വൈദ്യുതീകരിക്കേണ്ടതാണ്.

വാർഡ് : 1	പിണ്ടിക്കായ്, അംബികാനഗർ, കാനക്കോട്, നാവുംകാൽ, ഒള്ളാടി, ഉഗ്രാണിയടുക്കം.
വാർഡ് : 2	അയർക്കാട്, കോളിക്കജെ, പുണ്ടൂർ, തെക്കെക്കര, പണിയ, പൊട്ടത്തല.
വാർഡ് : 3	നെച്ചപ്പടുപ്പ്, കോളിയടുക്കം, തെക്കെക്കര, മാളംങ്കെ, അരിത്തല.
വാർഡ് : 4	അടുക്കത്തൊട്ടി, പൂവടുക്ക ശ്മശാനം.
വാർഡ് : 5	വൈദ്യുതി എത്താത്ത സ്ഥലങ്ങൾ വൈദ്യുതീകരിക്കേണ്ടതാണ്.
വാർഡ് : 6	ഊത്തടുക്ക ഹരിജൻ കോളനി, കുണ്ടായ ഒയിത്തടുക്ക, അത്തിത്ത മൂല

വാർഡ് : 7	
വാർഡ് : 8	മിഞ്ചിപ്പദവ്, ചേടിക്കുണ്ട്, കൈത്തോട്, കട്ടത്തുബയർ, മാലുംകോട്ടെ, ചോക്കറടുക്ക, ഇടുവണ്ടെ, ബള്ളക്കാട്, ബെള്ളൂരടുക്ക
വാർഡ് : 9	വാർഡിൽ ഒരു സ്ഥലത്തും വൈദ്യുതീകരിച്ചിട്ടില്ല.

പ്രശ്നങ്ങൾ

1. കാറഡുക്ക പഞ്ചായത്തിലെ 70% വീടുകളും വൈദ്യുതീകരിക്കാത്തവയാണ്.
2. പഞ്ചായത്ത് പ്രദേശത്ത് മേജർ സെക്ഷൻ ഓഫീസോ, സെക്ഷൻ ഓഫീസോ പ്രവർത്തിക്കുന്നില്ല. അതു മൂലം 18 കിലോമീറ്റർ ദൂരമുള്ള ചെർക്കള സെക്ഷൻ ഓഫീസിനെ ആശ്രയിക്കേണ്ടിവരുന്നു.
3. അപകടകരവും അനിഷ്ടസംഭവങ്ങളും നടക്കാനിടയുള്ള സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.
4. സമൂഹത്തിലെ ഉന്നതന്മാരുടെ അമിതമായ സ്റ്റെപ്പ്അപ്പ് ഉപയോഗം സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നു.
5. വൈദ്യുത ജീവനക്കാരുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. സാധാരണക്കാരനെ ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നു.
6. കച്ചവടക്കാരുടെ വൈദ്യുതി ദുർവ്യയം വോൾട്ടേജ് കമ്മിയുണ്ടാക്കുന്നു.
9. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ ലഭിക്കുന്നതിന്റെ പ്രായോഗിക വിഷമതകൾ.
8. പുകയില്ലാത്ത അടുപ്പുകളുടെ ദൗർബല്യം. കേടുപാടുകൾ തീർക്കുന്നതിനായി വിദഗ്ദരുടെ അഭാവം.
9. ഊർജ്ജം സംബന്ധിച്ച ജനകീയ ബോധവൽക്കരണത്തിന്റെ പോരായ്മ.

നിർദ്ദേശങ്ങൾ

1. പ്രസരണ വിതരണ രംഗത്തെ നഷ്ടം കുറക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണം.
2. വൈദ്യുതിലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ മരങ്ങളും മരക്കൊമ്പുകളും വെട്ടിമാറ്റിയാൽ വൈദ്യുതി തടസ്സങ്ങൾ മാറ്റാൻ കഴിയും.
3. മുടങ്ങിക്കിടക്കുന്ന മുള്ളേരിയയിലുള്ള 110 K.V സബ് സ്റ്റേഷന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക വഴി വോൾട്ടേജ് കമ്മിയും പുതിയ കണക്ഷനുകളും നൽകാൻ കഴിയും.
4. മുള്ളേരിയ കേന്ദ്രീകരിച്ച് ഒരു മേജർ ഇലക്ട്രിസിറ്റി ഓഫീസ്.
5. മുള്ളേരിയയിൽ ഒരു സഹകരണവിറക് വിൽപന കേന്ദ്രം.
6. അനർട്ടിന്റെ സഹായത്തോടുകൂടി പുകയില്ലാത്ത അടുപ്പുകൾ, മറ്റു സഹായങ്ങൾ ലഭ്യമാക്കൽ.
7. അമിതമായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് സർചാർജ് ഈടാക്കണം.
8. സൂര്യപ്രകാശം, കാറ്റാടിയന്ത്രം എന്നിവയുടെ സാധ്യതിയിലൂടെയുള്ള ഊർജ്ജ സംഭരണം.
9. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന അനർട്ട് തുടങ്ങിയ സംഘടനകളുടെ ഏജൻസി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക.

മാർക്കറ്റ്

കശുവണ്ടി, അടക്ക, നാളികേരം, നെല്ല്, കുരുമുളക്, നേന്ത്രക്കായ, കിഴങ്ങുവർഗ്ഗങ്ങൾ, കൊപ്ര എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നങ്ങൾ.

കാംപ്കോയുടെ ഒരു ശാഖ മുള്ളേരിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒട്ടുമിക്ക കൃഷിക്കാരും സ്വകാര്യമേഖലയിലെ കച്ചവടസ്ഥാപനങ്ങളെയാണ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ ആശ്രയിച്ചു വരുന്നത്. മുള്ളേരിയ ബസാറിൽ തന്നെ 10ൽപ്പരം സ്വകാര്യ വ്യക്തികൾ ഉൽപന്നങ്ങൾ വാങ്ങിക്കുന്നതിനായി മത്സരിക്കുന്നതിനാൽ കാംപ്കോയുടെ പ്രവർത്തനവുമായി കർഷകർക്ക് തൃപ്തികരമല്ല.

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു ബസാർ എന്ന നിലയ്ക്ക് മുള്ളേരിയായിൽ നിന്നും ഗാർഹികാവശ്യങ്ങൾക്കും മറ്റും കാസറഗോഡിനെ ആശ്രയിക്കേണ്ടിവരുന്നില്ലെന്നത് ഈ പഞ്ചായത്തിനഭിമാനിക്കാം.

മത്സ്യമാർക്കറ്റ്, ഇറച്ചിവിൽപ്പനകേന്ദ്രം, പച്ചക്കറി മാർക്കറ്റ് എന്നിവ ഈ പഞ്ചായത്തിലില്ല. മത്സ്യവും പച്ചക്കറിയും യഥേഷ്ടം കിട്ടുമെങ്കിലും ഇതിനായി പ്രത്യേകം സഹകരണസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ബസ് സ്റ്റോപ്പിൽ നിന്നുള്ള ദൂരവും സാധനങ്ങളുടെ ദൗർലഭ്യവും മൂലം ജനങ്ങൾക്ക് സ്വകാര്യ കച്ചവടസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

പഞ്ചായത്തിൽ സ്വകാര്യമില്ലുകൾ 5 എണ്ണം പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ ഉൽപ്പന്നങ്ങളും വാങ്ങി സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന മില്ലുകൾ ഇല്ലാത്തതിനാലും ഇടയ്ക്കിടെയുണ്ടാകുന്ന പവർകട്ടും ജനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

കൊറഗ (പട്ടികജാതി) സമുദായത്തിൽപ്പെട്ട ഒരു വിഭാഗം ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വട്ടി, കുട്ട നിർമ്മാണമാണ് ഇവരുടെ ഉപജീവനമാർഗ്ഗം. ഫോറസ്റ്റ് ഈ പഞ്ചായത്തിൽ ഉള്ളതിനാൽ അത് നിർമ്മിക്കുന്നതിനാവശ്യമായ അംസംസ്കൃത സാധനങ്ങൾ വിറ്റഴിക്കാൻ ഒരു സഹകരണസ്ഥാപനം ഇല്ലാത്തതിനാൽ പലപ്പോഴും അവർ ചൂഷണം ചെയ്യപ്പെടുന്നു.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.

1. സ്വാശ്രയ സങ്കൽപം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി മുള്ളേരിയ ടൗണിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു സഹകരണസ്ഥാപനം ഉണ്ടാവേണ്ടിയിരിക്കുന്നു. കർഷകരുടെ പ്രധാന ഉൽപന്നങ്ങൾ ചൂഷണ വിധേയമാകാതെ വിറ്റഴിക്കുവാൻ ഇതുമൂലം സാദ്ധ്യമാകും.
2. പച്ചക്കറി, മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുക.
3. കശുവണ്ടി വിളവെടുപ്പോടുകൂടി ഒരു പ്രത്യേക സംഭരണകേന്ദ്രം തുറക്കുക. അതുവഴി അതിർത്തി പ്രദേശമായ കർണ്ണാടകയിലെക്കുള്ള വിൽപന തടയുവാൻ കഴിയും.
4. സഹകരണമേഖലയിൽ ഒരു മുഴുവൻ സമയ റൈസ് മിൽ, ഓയിൽ മിൽ എന്നിവ മുള്ളേരിയയിൽ സ്ഥാപിക്കുക.

11

ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

ഭവന നിർമ്മാണം

മൊത്തം ഭൂമിയുടെ ഭൂരിഭാഗവും ചരിവുള്ള ഭൂമികളും, പാറ പ്രദേശങ്ങളും, അല്പം മാത്രം സമതല പ്രദേശങ്ങളും അടങ്ങിയതാണ് നമ്മുടെ പഞ്ചായത്തിലെ ഭൂപ്രദേശം. ഈ പ്രത്യേകതകൾ ഭവന നിർമ്മാണത്തെ ചിലവേറിയതാക്കി മാറ്റുന്നു. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരായതുകൊണ്ട് തന്നെ വീടുകളിൽ 25%ൽ അധികം പുൽമേഞ്ഞ വീടുകളാണ്.

പട്ടിക - 1
വീടുകളുടെ എണ്ണം തരം തിരിച്ചിട്ടുള്ള പട്ടിക

വാർഡ്	ടെറസ്സ്	ഓട്	പുൽ മേഞ്ഞത്	മറ്റുള്ളവ	രണ്ട് നില
1	180	532	172	3	-
2	15	157	232	-	-
3	34	331	59	-	-
4	72	358	134	4	1
5	73	400	126	3	6
6	38	307	97	-	-
7	12	346	223	3	-
8	20	427	228	2	-
9	16	203	83	-	-

ഓടിട്ട വീടുകളും കോൺക്രീറ്റ് വീടുകളുമാണ് ഇപ്പോൾ കൂടുതലായി നിർമ്മിക്കപ്പെടുന്നത്. '94-95', '95-96' വർഷങ്ങളിൽ നിർമ്മിക്കപ്പെട്ട വിടുകളുടെ ഇനം തിരിച്ചുള്ള വിവരണമാണ് പട്ടിക - 2ൽ കൊടുത്തിരിക്കുന്നത്.

പട്ടിക - 2
94-95ൽ നിർമ്മിച്ച വീടുകൾ

വാർഡ്	ടെറസ്	ഓട്	ഓലമേഞ്ഞത്
1	4	5	1
2	3	6	3
3	2	10	-
4	5	1	2
5	1	9	-
6	3	9	-
7	1	6	1
8	1	5	1
9	-	1	-
Total	20	52	8

95-96 ൽ നിർമ്മിച്ച വീടുകൾ

വാർഡ്	ടെറസ്	ഓട്	ഓലമേഞ്ഞത്
1	6	5	
2	1	1	
3	2	8	3
4	3	3	
5	7	6	
6	1	1	1
7	1	3	
8	2	5	
9	1	2	
ആകെ	24	34	4

ഈ പട്ടികകൾ ശ്രദ്ധിച്ചാൽ ഗൃഹ നിർമ്മാണം കുറഞ്ഞു വരുന്നതോടൊപ്പം കോൺക്രീറ്റ് വീടുകളുടെ എണ്ണം വർദ്ധിക്കുന്നതായും കാണാം. 94- 95 ൽ ആകെ നിർമ്മിക്കപ്പെട്ട വീടുകളുടെ 25% ശതമാനം മാത്രമായിരുന്നു കോൺക്രീറ്റ് വീടുകളെങ്കിൽ 95-96 വർഷത്തിൽ അത് 39% ശതമാനമായി ഉയർന്നു. മണിമാളികകൾ നിർമ്മിക്കുന്നവർ വളരെ കുറവാണ് എങ്കിലും കെട്ടിട നിർമ്മാണ ചിലവ് ചുരുക്കുവാനുള്ള സാങ്കേതിക വിദ്യ ഭവന നിർമ്മാണത്തിൽ ജനങ്ങൾ സ്വീകരിച്ചു കാണുന്നില്ല. അത്തരം നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് കെട്ടിന നിർമ്മാണം നടത്തുന്ന തൊഴിലാളികളുടെ അഭാവവും ജനങ്ങളുടെ അജ്ഞതയുമാണ് ഇതിന് കാരണം.

പഞ്ചായത്തിൽ ആകെയുള്ള 4897 വീടുകളിൽ അടിസ്ഥാന സൗകര്യമുള്ള വീടുകൾ വളരെ കുറവാണ്.

വീടുകളിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള പട്ടിക

വൈദ്യുതീകരിച്ച വീടുകൾ	849
വൈദ്യുതീകരിക്കാത്തവ	4048
കിണറുള്ളവ	1861
കിണറില്ലാത്തവ	3026
കക്കൂസുള്ളവ	975
കക്കൂസില്ലാത്തവ	3922

വീടുകളിൽ അടിസ്ഥാന സൗകര്യമില്ലാത്തതിൽ മുഖ്യ കാരണം സാമ്പത്തികശേഷി ഇല്ലാത്തതാണെങ്കിലും മറ്റു പല കാരണങ്ങളും ഉണ്ടെന്നതാണ് വസ്തുത. വൈദ്യുതിയുടെ കാര്യത്തിലാണെങ്കിൽ കണക്ഷൻ ലഭിക്കുവാനുള്ള താമസം. കിട്ടിയാൽ തന്നെ പ്രയോജനമില്ലാത്ത അവസ്ഥ തുടങ്ങി വിവിധ കാരണങ്ങളുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അഭൂതപൂർവ്വമായ വൻ വിലവർദ്ധന, തൊഴിലാളികളുടെ കൂലി വർദ്ധന തുടങ്ങിയവ കെട്ടിട നിർമ്മാണരംഗത്തെ പ്രതിസന്ധിയിലാക്കുന്നു.

കെട്ടിട നിർമ്മാണത്തിൽ സാമ്പത്തിക സഹായം നൽകുന്ന ഏജൻസികൾ ഇല്ലാത്തതും നമ്മുടെ പഞ്ചായത്തിലെ ഭവന നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭവന നിർമ്മാണ സഹകരണസംഘങ്ങളോ ചുരുങ്ങിയ പലിശ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന മറ്റ് ഏജൻസികളോ ഇല്ലെന്ന് മാത്രമല്ല, എൽ.ഐ.സി. പോലുള്ള ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന സ്ഥാപനങ്ങളുടെ സേവനം ആവശ്യക്കാർക്ക് എളുപ്പത്തിൽ ലഭിക്കുന്നുമില്ല.

പഞ്ചായത്തിലെ ഹരിജൻ കോളനികളിലെ വീടുകളുടെ നില ശോചനീയമാണ്. വെള്ളം, വൈദ്യുതി, കക്കൂസ്, കുളിമുറി, ഗതാഗത സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്.

വിവിധ സ്കീമുകൾ പ്രകാരം 94-95 വർഷത്തിൽ ദരിദ്ര ജനവിഭാഗങ്ങൾക്കായി 35 വീടുകൾക്കും, 95-96 വർഷത്തിൽ 32 വീടുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്. ധനസഹായത്തിന് അർഹതയുള്ള ധാരാളം ജനങ്ങൾ ഇനിയുമുണ്ട്.

വയൽ നികത്തിയുള്ള ഭവന നിർമ്മാണം വ്യാപകമായിട്ടില്ലെങ്കിലും കർശനമായ നിയന്ത്രണം ഇല്ലാത്ത പക്ഷം അതിനുള്ള സാധ്യതയുണ്ട്. ജില്ലയ്ക്ക് പുറത്തു നിന്നുള്ള ഉദ്യോഗസ്ഥരടക്കമുള്ള വിവിധ ജോലികളിലായിട്ടുള്ള ആളുകൾക്ക് താമസിക്കാനാവശ്യമായ വാടകകെട്ടിടങ്ങൾ ലഭിക്കാൻ പ്രയാസം നേരിടുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളിൽ പ്രധാനമായ ചെത്ത് കല്ല് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉൽപാദിപ്പിക്കുന്നുണ്ട്. അടുത്ത കാലത്തായി കാർഷിക വൃത്തിയിലേർപ്പെട്ടിരുന്ന ധാരാളം തൊഴിലാളികൾ കെട്ടിട നിർമ്മാണരംഗത്തേക്ക് തിരിഞ്ഞതായി കാണുന്നുണ്ട്.

പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന
2. ഹോളോ ബ്രിക്സ് മുതലായ ചിലവുകുറഞ്ഞ ഗൃഹ നിർമ്മാണ സാമഗ്രികളുടെയും സാങ്കേതിക ഉപദേശത്തിന്റെയും അഭാവം.
3. സാമ്പത്തിക ക്ലേശം.
4. ഭവന വായ്പ നൽകുന്ന സൊസൈറ്റികളുടെ അഭാവം, വായ്പ നൽകുന്ന സ്ഥാപനങ്ങളുടെ സങ്കീർണ്ണമായ ഉപാധികൾ.
5. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം.
6. വായ്പകളുടെ ഉയർന്ന പലിശനിരക്ക്.
7. വീട് പുതുക്കി പണിയാനുള്ള വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം.
8. കോളനികളുടെ ശോചനീയാവസ്ഥ.
9. വീടുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
10. വാടക വീടുകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിലെ ഭവനനിർമ്മാണപ്രവർത്തനങ്ങളെ സഹായിക്കാൻ ഭവന നിർമ്മാണ വായ്പ നൽകുന്ന സൊസൈറ്റി രൂപീകരിക്കുക.
2. മിതമായ പലിശക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
3. വായ്പ ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.
4. വായ്പ അടച്ചുതീർക്കാനുള്ള കാലതാമസം ദീർഘിപ്പിക്കുക.
5. ചിലവു കുറഞ്ഞ ഭവന നിർമ്മാണത്തിനാവശ്യമായ സാങ്കേതികജ്ഞാനവും സാമഗ്രികളും പഞ്ചായത്തിൽ തന്നെ ലഭ്യമാക്കുക.
6. ഭൂമി വിലക്കെടുത്ത് ഭവന നിർമ്മാണം നടത്തി ആവ

ശ്യക്കാർക്ക് നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

(ഭവന നിർമ്മാണ സൊസൈറ്റി ആരംഭിക്കുക)

7. ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുക. അതിനായി പ്രചരണം നൽകുക.

8. യുവാക്കൾക്ക് ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നേടുവാൻ അവസരം ഉണ്ടാക്കുക.

9. കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.

10. കിണർ, കുളിമുറി, കക്കൂസ്, റോഡ് സൗകര്യം എന്നിവ എല്ലാ വീടുകൾക്കും ലഭ്യമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. സാമ്പത്തിക സഹായം നൽകുക.

11. 2000 സ്ക്വയർ ഫീറ്റിൽ അധികം വിസ്തീർണ്ണമുള്ള വീടുകൾക്കേർപ്പെടുത്തുന്ന പുതിയ നികുതി ഭവന നിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മാത്രം ഉപയോഗിക്കുക.

ഒമ്പതാം പഞ്ചവത്സര പദ്ധതി അവസാനിക്കും മുമ്പ് എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുവാനും പഞ്ചായത്തിലെ മുഴുവൻ കുടുംബാംഗങ്ങൾക്കും വീട് ലഭ്യമാക്കുവാനും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമത്തിനായി പദ്ധതികളിലൂടെ ചിലവിട്ട തുകകൾ ലക്ഷ്യമിട്ട വികസനം പൂർണ്ണമായും നേടാതെ പോവുകയാണ് ചെയ്തത്. എങ്കിൽ പോലും സാമൂഹ്യക്ഷേമ നിലവാരത്തിന്റെ കാര്യത്തിൽ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1193 കുടുംബാംഗങ്ങൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്. ഗ്രാമ വികസന വകുപ്പ് നടപ്പാക്കുന്ന വിവിധ സ്കീമുകളുടെ സഹായത്തോടെ ധാരാളം കുടുംബാംഗങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയിട്ടുണ്ട്. 246 ഐ.ആർ.ഡി.പി. ഗുണഭോക്താക്കളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

ഡി.ഡബ്ല്യു.സി.ആർ.എ.

ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളിലെ 18നും 35നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുവാനുള്ള ഒരു പദ്ധതിയാണിത്. ഇതിലൂടെ അപേക്ഷകൻ 10% പലിശക്ക് ബാങ്ക് വായ്പയും 3ൽ ഒരുഭാഗം സബ്സിഡിയും ലഭിക്കുന്നു. ഡി.ഡബ്ല്യു.സി.ആർ.എ. സ്കീമനുസരിച്ച് സഹായം ലഭിച്ച മൂന്ന് യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്.

ക്രമ നമ്പർ	യൂണിറ്റിന്റെ പേര്	അംഗ സംഖ്യ	വായ്പാ തുക
1	ആദൂർ-മല്ലാവരം ഡയറി	10	12,800
2	കുണ്ടാ ഡയറി	10	12,900
3	മഞ്ഞംപാറ	10	

ട്രൈസം

ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളിലെ 18നും 35നും ഇടയിൽ പ്രായമുള്ളവർക്ക് തൊഴിൽ പരിശീലനം നൽകുവാനുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം 48 പേർക്കാണ് തൊഴിൽ പരിശീലനം ലഭിച്ചത്.

തൊഴിൽ പരിശീലനത്തെക്കുറിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	പരിശീലന വിഷയം	പരിശീലനം നേടിയവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിൽ ചെയ്യുവർ
1	വെൽഡിംഗ്	2	1	1
2	ഫുട്വേർ	1	1	0
3	റിപ്പേറിംഗ്(മെക്കാനിക്)	6	3	3
4	ടൈലറിംഗ്	12	12	0
5	പ്ലംബിംഗ്	1	0	1
6	ഫുഡ് പ്രൊസസിംഗ്	5	3	2
7	ബീ ക്ലിപ്പിംഗ്	1	1	0
8	വയർമേൻ	1	0	1
9	വീവിംഗ്	5	0	5
10	സ്റ്റോൺ മെഷിനറി	3	3	0
11	സേപ്പ് മേക്കിംഗ്	1	0	1
12	ഷീറ്റ് മെറ്റൽ	2	0	2
13	മൊസൈക്	1	0	1
14	ഇലക്ട്രോണിക്സ്	1	0	1
15	പ്രിൻറിംഗ്	6	0	6
	ആകെ	48	24	24

ഐ.ആർ.ഡി.പി. ലിസ്റ്റിൽ പെട്ട കുടുംബങ്ങളുടെ എണ്ണം

വാർഡ്	ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ എസ്.സി./ എസ്.ടി	ഇത് വരെ സാമ്പത്തികസഹായം ലഭിച്ചവർ	ഇതിൽ എസ്.സി/ എസ്.ടി
1	118	26	34	17
2	96	8	21	8
3	118	10	23	10
4	139	12	21	12
5	144	14	26	14
6	98	14	28	10
7	223	39	29	19
8	167	49	43	27
9	69	8	23	8
ആകെ	1172	150	248	125

തൊഴിൽ പരിശീലനം നേടിയിവരിൽ പകുതിപേർ മാത്രമേ സ്വയം തൊഴിലിലേർപ്പെട്ടിട്ടുള്ളൂ. മറ്റുള്ളവർ പരിശീലനം നേടിയ തൊഴിൽ ചെയ്യുന്നതിനുപകരം ഇതര തൊഴിലുകളാണ് ചെയ്യുന്നത്. ഇതിന്റെ കാരണം പരിശോധിക്കേണ്ടതാണ്. പ്രാദേശികമായ തൊഴിൽ സമ്പാദിക്കുവാനുതകുന്ന തൊഴിൽ പരിശീലനമാണ് അഭികാമ്യം.

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുവാനുള്ള പദ്ധതിയാണ് ടൂൾ കിറ്റ് പദ്ധതികൾ. 1993 - 94 മുതൽ 95-96 വരെയായി 80,000 രൂപ തൊഴിലുപകരണങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

വർഷം	ലഭിച്ചവരുടെ എണ്ണം	തുക
1993-94	20	40,000
94-95	12	24,000
95-96	8	16,000
ആകെ	40	80,000

ടൂൾക്കിറ്റ് വിതരണം വർഷം തോറും ചുരുങ്ങിവരുന്നതായാണ് പട്ടിക സൂചിപ്പിക്കുന്നത്. ഇതിന്റെ കാരണം മനസ്സിലാക്കുകയും കൂടുതൽ കൈത്തൊഴിലുകൾക്ക് ഉപകരണം ലഭ്യമാക്കാൻ ശ്രമിക്കുകയും ചെയ്യണം.

സി.ആർ.എസ്.പി.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

ലഭിച്ച സി.ആർ.സി.പി. ധനസഹായത്തിന്റെ പട്ടിക

വർഷം	എണ്ണം	തുക
1993-94	20	40,000
94-95	10	20,000
95-96	13	26,000
ആകെ	43	86,000

മില്ല്യൺ വെൽ

കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ദേശീയ തലത്തിൽ ആവിഷ്കരിച്ച് ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകി കിണർ നിർമ്മാണം നടപ്പിലാക്കുന്ന പദ്ധതിയാണിത്.

വർഷം	എണ്ണം	തുക
93-94	19	1,84000
94-95	4	47,000
95-96	2	47,560
ആകെ	25	2,78,560

സി.ആർ.എസ്.പി. പദ്ധതിയിലൂടെയും മില്യൺ വെൽ പദ്ധതിയിലൂടെയും ലഭിച്ചധനസഹായം കുറഞ്ഞുവരുന്നതായി കാണുന്നു. ഇതിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് ഈ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടത് അത്യാവശ്യമാണ്.

മാതൃശിശു സംരക്ഷണം

മാതൃശിശു സംരക്ഷണം ലക്ഷ്യമാക്കി നല്ല നിലയിൽ പ്രവർത്തിക്കുന്ന 14 അംഗനവാടികൾ ഈ പഞ്ചായത്തിലുണ്ട്. കൂടുതൽ അംഗനവാടികൾ ഈ ലക്ഷ്യം കൈവരിക്കുവാൻ അത്യന്താപേക്ഷിതമാണ്.

ക്രമ നമ്പർ	വാർഡ്	അംഗനവാടികൾ ഉള്ള സ്ഥലം	പുതുതായി അനുവദിക്കേണ്ട സ്ഥലം
1	1	അടുക്കം	അയർക്കാട് അംബികാനഗർ
2	1	പിണ്ടിക്കൈ	
3	1	മുള്ളേരിയ	
4	1	ഗാഡിഗുഡ്ഡെ	
5	2	തെക്കേക്കര	വീരങ്കോട്
6	2	നെല്ലിയടുക്കം	നഗരംഗുറി
7	2		കാർളിയ
8	3	ശാന്തിനഗർ	13-ാംമൈൽ(കടപ്പ്)
9	4	കർമ്മംതൊടി	അടുക്കത്തൊട്ടി
10	5	ആലന്തടുക്ക	ആദൂർ ചെക്ക്പോസ്റ്റ്
11	6	മഞ്ഞമ്പാറ	ഉയ്യത്തടുക്ക
12	7		മല്ലാവരം സി.എ. നഗർ, കാനക്കോട്
13	8	കൈത്തോട്	
14	8	കുണ്ടാർ	
15	8	മീഞ്ചപ്പടവ്	
16	9	പൊട്ടംകുഴി	അരയാലിങ്കാൽ

അംഗൻവാടിയിലെ കുട്ടികളുടെ ഹാജർ നില തൃപ്തികരമല്ല. പഞ്ചായത്തിൽ ആറ് മഹിളാ സമാജങ്ങളുണ്ടെങ്കിലും അവരുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടതാണ്. സ്ത്രീകൾക്കിടയിലെ വായനാശീലം വർദ്ധിപ്പിക്കുവാനും പ്രതിരോധ കുത്തിവയ്പ്പുകൾ ആരോഗ്യ പഠന ക്ലാസ്സുകൾ തുടങ്ങിയ നിരവധി പ്രവർത്തനരംഗങ്ങൾ മഹിളാ സമാജങ്ങൾക്ക് മുമ്പിലുണ്ട്.

പെൻഷൻ/ ധനസഹായം

88 പേർക്ക് വിവിധ പെൻഷൻ / ധനസഹായ പദ്ധതികളിൽ നിന്നായി സഹായം ലഭിക്കുന്നുണ്ട്. അർഹതയുള്ള ധാരാളം പേരുണ്ടെങ്കിലും സഹായം ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത്തരം പദ്ധതികളുടെ പ്രയോജനം

അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കണം. അതിനായി ഇത്തരം പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണവും ആവശ്യമാണ്.

തൊഴിലില്ലായ്മ

അഭ്യസ്ത വിദ്യരായ ധാരാളം യുവതീ യുവാക്കൾ തൊഴിൽ രഹിതരാണ് ഇവർക്ക് തൊഴിൽ നൽകുവാനുള്ള സംരംഭങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത് ആവശ്യമാണ്. കാർഷികരംഗത്തും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളിലും മറ്റും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഈ പഞ്ചായത്തിൽ സാദ്ധ്യതകൾ ഏറെയാണ് . അത് പ്രയോജനപ്പെടുത്തിയാൽ അഭ്യസ്ത വിദ്യരുടെ തൊഴിൽ സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്ക് കഴിയും. തൊഴിലാളി ക്ഷേമനിധിയിൽ എല്ലാ തൊഴിലാളികളെയും അംഗങ്ങളാക്കുക. ഉപഭോക്തൃ സംരക്ഷണ സമിതി വാർഡുകൾ തോറും രൂപീകരിക്കുന്നത് നന്നായിരിക്കും. വിവിധ ഭാഗങ്ങളായി റേഷൻ കടകൾ അഞ്ചെണ്ണമുണ്ട്. റേഷൻ ഷാപ്പിൽ വിതരണം യഥാസമയം നടത്താനാവശ്യമായ സ്റ്റോക്ക് എത്തിക്കണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഞ്ചായത്ത് തലത്തിൽതന്നെ പരിഹരിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമാകണമെങ്കിൽ ധനസഹായം നേടുന്നവർ അത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് അന്വേഷിക്കണം. സമയബന്ധിതമായ രീതിയിൽ വികസനപ്രവർത്തനം നടത്തണം. ഗ്രാമസഭകളിൽ വികസന പ്രവർത്തനങ്ങൾ യഥാസമയം നടക്കുവാനുതകുന്ന രീതിയിൽ പ്രവർത്തന പുരോഗതി ചർച്ച ചെയ്യപ്പെടണം. പദ്ധതി ചിലവിനായി നൽകപ്പെടുന്ന ലാപ്സാവാതെ പൂർണ്ണമായും ചിലവാക്കപ്പെടണം.

12

സംസ്ക്കാരം

വിവിധഭാഷകളുടേയും ജാതിമത-വിഭാഗങ്ങളുടേയും വിവിധ ആചാരാനുഷ്ഠാനങ്ങളുടെയും സമന്വയം നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. തുളുനാടിന്റെ ഭാഗമായിരുന്ന ഈ പ്രദേശം ആ ഭാഷയുടേതു മാത്രമായ തനിമ നിലനിർത്തി പോന്നിട്ടുണ്ട്. ഏകദേശം 500 വർഷങ്ങൾക്കുമുമ്പ് സ്ഥാപിതമായി എന്നുകരുതപ്പെടുന്ന മുണ്ടോൾ ശ്രീ. മഹാവിഷ്ണു ദുർഗ്ഗാപരമേശ്വരി ക്ഷേത്രവും ആദൂരിലെ പഴക്കം ചെന്ന പള്ളിയും സൂഫീവര്യന്മാരുടെ ജാറവും അനേകം ദൈവസ്ഥാനങ്ങളും കൊണ്ട് അനുഗ്രഹീതമാണ് ഈ പയസ്വിനീ തീരം. നാടൻ കലാരൂപങ്ങളുടേയും നാടൻ പാട്ടുകളുടേയും സമൃദ്ധമായ ഒരു പാരമ്പര്യം നമുക്ക് അവകാശപ്പെടാനുണ്ട്. പള്ളിയറകളിൽ നിന്നുള്ള തെയ്യങ്ങളുടെ പുറപ്പാടും ദേവസ്ഥാന ങ്ങളിലെ കളിയാട്ടങ്ങളും പൂരക്കളിയുടെ ചുവടുവെയ്പ്പും കോൽകളികളും മംഗലംകളികളും നമ്മുടെ സാംസ്ക്കാരിക തനിമയെ വിളിച്ചോതുന്നതാണ്. പഴമക്കാരുടെ ഓർമ്മകളിൽ മാത്രം നിലനിൽക്കുന്ന വർഷത്തിൽ ഒരു പ്രാവശ്യം മാത്രം വീടുകൾ സന്ദർശിക്കാറുള്ള അലാമിമാരും, നെൽകൃഷിയോടൊപ്പം നശിച്ചുപോയ താളാത്മകമായ നാട്ടിപ്പാട്ടും വായ്മൊഴിയായ് പകർന്നുകിട്ടിയ അനേകം നാടൻപാട്ടുകളും വടക്കൻപാട്ടുകളും കർക്കിടമാസത്തിലെ രാമായണപാരായണവും ചിങ്ങമാസത്തിലെ കൃഷ്ണപ്പാട്ടിലെ ഈണവും നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്.

ജാതീയമായ വേർതിരിവുകളിൽ ഒരു വിഭാഗം ജനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും ഒറ്റപ്പെട്ടുപോയ കാലഘട്ടത്തിൽ ദേശീയ നവോത്ഥാന പ്രസ്ഥാനങ്ങളുടേയും സ്വാമി ആനന്ദതീർത്ഥനെപ്പോലുള്ളവരുടെ അയിത്തോച്ചാടന പ്രവർത്തനങ്ങളുടേയും ഫലമായി സാമൂഹ്യമാറ്റം പ്രതിഫലിക്കപ്പെട്ടിട്ടുണ്ട്. വിപ്ലവകരമായ ഭൂപരിഷ്ക്കരണ നിയമത്തിലൂടെ സാമ്പത്തിക അസന്തുലിതാവസ്ഥ പരിഹരിക്കാൻ സാധിച്ചത് സാംസ്ക്കാരികമായ മാറ്റത്തിനും കാരണമായിട്ടുമ്ട്. നവീന വിദ്യാഭ്യാസത്തിന്റെ സ്വാധീനവും കലാസമിതികളുടേയും ലൈബ്രറികളുടെയും വ്യാപനവും സാക്ഷരതാ പ്രവർത്തനങ്ങളും ജനങ്ങളിൽ സാമൂഹ്യമാറ്റത്തിനുള്ള അവബോധം ഉണ്ടാക്കിയിട്ടുണ്ട്. വർഗ്ഗീയ സംഘട്ടനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലായെന്നുള്ളത് മതമൈത്രിക്ക് എടുത്തുകാണിക്കാവുന്ന ഉദാഹരണമാണ്.

ഈ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരുപാട് സാംസ്ക്കാരിക സംഘടനകളുണ്ട്. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ശാന്തീനഗർ ഗ്രാമീണ വായനശാലയും പഞ്ചായത്ത് ലൈബ്രറിയും കാടകം ഫ്രൻസ് കമ്പയിൻസിന്റെ ആഭിമുഖ്യത്തിലുള്ള ബോധി ലൈബ്രറിയും നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങളാണ്.

പ്രശ്നങ്ങൾ

1. കുറഞ്ഞ സാക്ഷരതാനിരക്ക്.
2. അജ്ഞത, ദാരിദ്ര്യം.
3. വായനാശീലത്തിന്റെ കുറവ്.
4. സന്നദ്ധ സംഘടനകളുടെ അപര്യാപ്തത.
5. മോശമാവുന്ന വിദ്യാഭ്യാസനിലവാരം.
6. വർദ്ധിച്ചുവരുന്ന ഉപഭോക്തൃസംസ്ക്കാരം.
7. സ്വാർത്ഥത.
8. വർഗ്ഗീയ-ജാതീയ ചേരിതിരിവ്.
9. കുറഞ്ഞുവരുന്ന സാമൂഹിക പ്രതിബദ്ധത.
10. തുടർസാക്ഷരതാ പ്രവർത്തനത്തിന്റെ ഇല്ലായ്മ.
11. വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും അപര്യാപ്തത.
12. ആധുനികവൽക്കരണത്തിനേറെയും നഗരവൽക്കരണത്തിനേറെയും ആധിക്യം.
13. പൈങ്കിളി സാഹിത്യങ്ങളുടെ പ്രചാരവും സ്വാധീനവും.

സാധ്യതകൾ

1. നാം നേടിയെടുത്ത അഭിമാനത്തോട്കൂടി ഉയർത്തിപ്പിടിക്കുന്ന സാക്ഷരതാനിരക്ക് കേവല സാക്ഷരത മാത്രമാണ്. ഇന്നും ജനങ്ങൾ ഭൂരിഭാഗവും അജ്ഞതയിലാണ്. തുടർസാക്ഷരതാപ്രവർത്തനം ശക്തമാക്കി ജനവിദ്യാകേന്ദ്രങ്ങളിലൂടെ ബോധനിലവാരം ഉയർത്തണം.

2. സാമ്പത്തികമായ പിന്നോക്കാവസ്ഥ സാംസ്ക്കാരിക അധഃപതനത്തിന് കാരണമാകുന്നു. ഗവ: തലത്തിലുള്ള വിവിധക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നത് ഒരു പരിധിവരെ സഹായകരമാകും.

3. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നുകയറ്റം വായനാശീലത്തെ പിറകോട്ട് നയിക്കുന്നു. ഇത് സാംസ്ക്കാരികമായ ഒരു പിന്തിരിയലാണ്. പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ (എല്ലാ വാർഡുകളിലും) ശക്തമായ ഗ്രന്ഥാലയം സ്ഥാപിച്ച് വായനാശീലത്തെ വളർത്തിക്കൊണ്ടുവരുന്നതിന് വീടുകൾ കയറിയുള്ള പ്രചരണം നടത്തണം. പുസ്തകങ്ങൾ വീടുകളിലെത്തിച്ചുകൊടുക്കുകയും വായിക്കുന്ന പുസ്തകങ്ങളെക്കുറിച്ച് അഭിപ്രായം സ്വരൂപിക്കുകയും വേണം.

4. കലാസമിതികളുടെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുവാനുള്ള പ്രചോദനം ഉണ്ടാക്കേണ്ടതാണ്.

5. കച്ചവടവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം ഇതാണ് വർത്തമാനാവസ്ഥയുടെ മുദ്രാവാക്യം. ഇതുവരുത്തിവെക്കുന്ന സാമൂഹിക സാംസ്ക്കാരിക പ്രത്യാഘാതങ്ങൾ വിലയിരുത്തി പ്രതിരോധനടപടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

6. വാണിജ്യപരസ്യങ്ങൾ ഇന്ന് എല്ലാ സാംസ്ക്കാരിക ചിഹ്നങ്ങളേയും വിൽപനച്ചരക്കുകളാക്കി മാറ്റിയിരിക്കുന്നു. നമ്മുടെ സ്ത്രീകളെ അടക്കം. ഇതിനെ ജനകീയ ശക്തികൊണ്ട് പ്രതിരോധിക്കേണ്ടിയിരിക്കുന്നു.

7. മൺമറഞ്ഞുപോയ നാടൻ കലാരൂപങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് സംരക്ഷിക്കാനുള്ള പ്രവർത്തനം ആരംഭിക്കണം.

8. കലാസമിതികളുടെ ആഭിമുഖ്യത്തിൽ നാടക സംഘങ്ങൾ രൂപീകരിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

9. ഗവ: ആഭിമുഖ്യത്തിലുള്ള സംഗീതനാടക അക്കാദമി, ചിത്രകലാ അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി എന്നിവയുടെ പ്രവർത്തനങ്ങളുമായി പഞ്ചായത്തിനെ ബന്ധപ്പെടുത്താൻ ശ്രമിക്കണം.

10. സംഗീതാസ്വാദനത്തിനും ശിക്ഷണത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണ്.

11. പഞ്ചായത്ത് തലത്തിൽ ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിച്ച് മുഴുവൻ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കണം.

12. എല്ലാവർഷവും പഞ്ചായത്തല മാഗസിൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇതിലെല്ലാ സാംസ്ക്കാരിക പ്രവർത്തനങ്ങളേയും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്.

13. ഏറ്റവും നല്ല സാംസ്ക്കാരിക പ്രവർത്തനം നടത്തുന്ന വ്യക്തികൾക്കോ സംഘടനകൾക്കോ പുരസ്ക്കാരങ്ങൾ നൽകേണ്ടതാണ്.

14. വംശീയവും വർഗ്ഗീയവും ജാതീയവും ഭാഷാപരവുമായ ചേരിതിരിവുകളെ കണ്ടറിഞ്ഞ് മുളയിലേ തള്ളിക്കളയാനുള്ള സാംസ്ക്കാരിക പ്രവർത്തനം നടത്തണം.

15. സന്നദ്ധസംഘടനകൾക്ക് അവയുടെ പ്രവർത്തന നിലവാരമനുസരിച്ച് ഗ്രാൻറ് നൽകേണ്ടതാണ്.

"It is neither the external affection nor the internal affection that makes one perfect, but it is the 'spiritual' affection that makes one perfect"

13

വനിത

സമൂഹത്തിന്റെ ആരോഗ്യകരമായ പുരോഗതിയിൽ സ്ത്രീകൾക്ക് നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളതെങ്കിലും സമൂഹത്തിന്റെ സമസ്തമേഖലകളിലും അവഗണിക്കപ്പെട്ടു കിടക്കുകയാണ് സ്ത്രീകൾ. കാറഡുക്ക പഞ്ചായത്തിൽ ഈ സ്ഥിതി കൂടുതൽ പരിതാപകരമാണ്. കുടുംബഭരണത്തിൽപ്പോലും സ്ത്രീകൾക്കുള്ള സ്ഥാനം തുലോം പരിമിതമാണ്. ഈ ഒരവസ്ഥയ്ക്ക് മാറ്റംവന്നാൽ മാത്രമേ സ്ത്രീകളുടേയും സമൂഹത്തിന്റേയും പുരോഗതി സാധ്യമാവൂ. കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും വിദ്യാഭ്യാസത്തിലും സ്ത്രീകൾക്ക് അദ്വിതീയമായ പങ്കുവഹിക്കാൻ കഴിയും. അതിന് അവരെ പ്രാപ്തരാക്കണമെങ്കിൽ അവർക്ക് കൂടുതൽ സ്ഥാനവും ലഭിക്കണം.

1906-ൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്തിനകത്ത് തുടങ്ങിയിരുന്നെങ്കിലും ഇപ്പോഴും ഉന്നതവിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ നിന്നും വളരെ അകലെയായ കാസറഗോഡിനെ ആശ്രയിക്കേണ്ടി വരുന്നു. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിലെ സ്ത്രീ സമൂഹത്തിന് പുരുഷന്മാരോടൊപ്പം എത്താൻ കഴിഞ്ഞിട്ടില്ല.

സ്ക്കൂൾതലത്തിൽ രൂപീകരിച്ച മദർ പി.ടി.എ. മിക്ക സ്ക്കൂളുകളിലും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ പയസ്വിനി മഹിളാസമാജം, കാടകം മഹിളാസമാജം, കേളപ്പജി മഹിളാസമാജം എന്നീ മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനപ്പെട്ട ശിശുസംരംക്ഷണസ്ഥാപനങ്ങളാണ് അടുക്കം, പിണ്ടിക്കായ്, മുള്ളേരിയ, ഗാഡിഗുഡെ, തെക്കേക്കര, നെല്ലിയടുക്ക, ശാന്തിനഗർ, കർമ്മംതോടി, ആലന്തടുക്ക, മഞ്ഞംപാറ, കൈത്തോട്, കുണ്ടാർ, മിഞ്ഞിപദവ്, കൊട്ടംങ്കുഴി എന്നീ അംഗനവാടികൾ 5,6 വാർഡുകളിൽ അംഗനവാടികൾ ഇല്ല.

കാറഡുക്ക പഞ്ചായത്തിൽ ഏകദേശം 30% ത്തോളം സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള വീടുകളാണ്. ബഹുജനസംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെകുറവാണ്. ദരിദ്രവിഭാഗങ്ങളിലുള്ള വീടുകളിലെ സ്ത്രീകൾക്ക് കുടുംബഭാരം താങ്ങേണ്ടിവരുന്നു. കൃത്യസമയത്ത് ഭക്ഷണം ഉണ്ടാക്കുന്നതുകൂടാതെ, വിറകുശേഖരിക്കൽ, പച്ചക്കറികളും ഫലമൂലാദികളും ശേഖരിക്കൽ, കന്നുകാലികളെ നോക്കൽ ഇത്തരം ബാധ്യതകൾ ഉണ്ടായിരുന്നിട്ടും സ്ത്രീകൾ കൂലിവേലയ്ക്കും പോകാറുണ്ട്. കൂലിപ്പണിയോ സർക്കാർ ജോലിയോ ചെയ്യുന്നുണ്ടെങ്കിലും ഈ ഉത്തരവാദിത്വം ഒഴിവാകുന്നില്ല.

പട്ടിക (1)
തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകത്തൊഴിലാളികൾ	210	921
മൃഗസംരക്ഷണം	114	786
ചെറുകിട വ്യവസായം	81	565
കെട്ടിടനിർമ്മാണം	182	562
വാർത്താവിനിമയം	1	9
വ്യാപാരം	20	817
കൃഷി		
മറ്റുള്ളവർ		
ആകെ	839	2386

ബീഡിത്തൊഴിലാളികളുടെ എണ്ണം 1500 ആണ്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വേതനം പറ്റുന്ന സ്ത്രീകൾ വളരെക്കുറവാണ്. പഞ്ചായത്തിലെ വനിതകളുടെ വിദ്യാഭ്യാസ നിലവാരപ്പട്ടിക തൊഴിൽ വിവരപ്പട്ടിക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പട്ടിക: യഥാക്രമം 2,3,4.

1991ലെ സെൻസസ് പ്രകാരം കാറഡുക്ക പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യ 8913 ആണ്. പുരുഷജനസംഖ്യയെക്കാൾ 2287 വനിതകൾ അധികമാണ്. സ്ത്രീകളുടെ എണ്ണത്തിലുള്ള ആ വർദ്ധന നാടിന്റെ സാമൂഹ്യമാറ്റത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് എടുത്തുപറയത്തക്കതാണ്.

കാറഡുക്ക പഞ്ചായത്തിൽ ബഹുജനസംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. കാരണം നിരക്ഷരരും കുടുംബച്ചുമതലയുമാണ്. പ

ഞ്ചായത്തിൽ DWCRA മൂന്ന് യൂണിറ്റുണ്ട്. ഇത് ശരിയായി പ്രവർത്തിക്കുന്നില്ല. കാരണം സ്ത്രീകൾക്ക് അധികാരികളിൽ നിന്ന് ശരിയായ അറിവ് ലഭിക്കുന്നില്ല.

പരിഷത്ത് അടുപ്പുകൾ, അടുക്കള പുകയ്ക്കുള്ളിൽ വെന്തുനീറുന്ന വീട്ടമ്മയുടെ ജീവിതത്തിന് ആശ്വാസമാകുമായിരുന്നു. വരുംകാലങ്ങളിൽ വിറകുക്ഷാമം അനുഭവപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ ഈ കാര്യം ഗൗരവമായി പരിഗണിക്കണം. തൊഴിലില്ലായ്മ അനുഭവപ്പെടുന്ന ഈ കാലത്ത് കുറഞ്ഞവേതനനിരക്ക് സ്ത്രീകളുടെ ഒരു പ്രശ്നമാണ്.

മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. മദ്യനിരോധനം ഉണ്ടെങ്കിലും മദ്യം സുലഭമാമാണ്. കാരണം കർണ്ണാടക സംസ്ഥാനത്തിന്റെ അടുത്തായി കാറഡുക്ക പഞ്ചായത്ത് സ്ഥിതിചെയ്യുന്നതുകൊണ്ട് മദ്യം ഇവിടെ ധാരാളമായി ലഭിക്കുന്നു.

വിധവാ പെൻഷന് അർഹതയുള്ള ആൾക്കാർക്ക് പെൻഷൻ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. വിധവകളുടെ മക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം പഞ്ചായത്തിൽനിന്നും ചെയ്തുകൊടുക്കുന്നത് പലരും അറിയുന്നില്ല. ഇവിടെയാണ് ബോധവൽക്കരണത്തിന്റെ ആവശ്യകത.

സ്ത്രീധനത്തിന്റെ പേരിൽ പീഢനം അനുഭവിക്കുന്നവരുണ്ട്. സ്ത്രീ വിദ്യാഭ്യാസം പോലും ഇതുമൂലം നഷ്ടപ്പെടുന്നുണ്ട്. സ്ത്രീധനം കർശനമായും നിരോധിക്കണം.

"സ്ത്രീകളുടെ അവകാശങ്ങളുടെ കാര്യത്തിൽ ഞാൻ വിട്ടുവീഴ്ചയില്ലാത്തവനാണ്. എന്റെ അഭിപ്രായത്തിൽ പുരുഷനില്ലാത്ത നിയമജന്യമായ യാതൊരുതരം അവശതകളും അവൾക്കുണ്ടായിരിക്കരുത്." **(ഗാന്ധിജി-യംഗ് ഇന്ത്യ- 17-10-1929)**

"ബലം എന്നുള്ളതുകൊണ്ട് മൃഗീയശക്തിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ സ്ത്രീ തീർച്ചയായും പുരുഷനോളം മൃഗമല്ല. ബലം എന്നതുകൊണ്ട് ആത്മീയശക്തിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ സ്ത്രീ പുരുഷനേക്കാൾ വളരെയേറെ ശ്രേഷ്ഠയാണ്." **(ഗാന്ധിജി-യംഗ് ഇന്ത്യ-10-4-1930)**

പ്രശ്നങ്ങൾ

1. തൊഴിൽ രംഗത്ത് നിലവാരം പുലർത്തുന്നതിനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്കില്ല.
2. സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല.
3. സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമായ അറിവില്ലായ്മ.
4. സ്വയം ശക്തി ആർജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം ഈ പഞ്ചായത്തിലെ സ്ത്രീകൾക്ക് കുറവാണ്.
5. വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ തുടങ്ങിയവയെക്കുറിച്ച് പരിജ്ഞാനമില്ലാത്തതുകൊണ്ട് ആനുകൂല്യം കിട്ടുന്നവരുടെ എണ്ണം തുലോം കുറവാണ്.
6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ല. പരിശീലനത്തിന് സൗകര്യം ലഭിക്കുന്നില്ല.
7. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധന നിലവാരത്തിന്റെ അഭാവം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വിധേയമായി ജീവിക്കാൻ സ്ത്രീകളെ നിർബ്ബന്ധിക്കുന്നു.
8. അംഗനവാടികളിൽ പലതിനും സൗകര്യങ്ങളില്ല.
9. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം അപര്യാപ്തമാണ്.

സാദ്ധ്യതകൾ

1. സ്ത്രീകളുടെ ഇടയിൽ ബോധവൽക്കരണം നടത്താൻ വേണ്ടി മഹിളാസംഘടനകൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുക.
2. സ്ത്രീകൾക്ക് സർക്കാർ നൽകുന്ന സഹായപദ്ധതികൾ ഏതൊക്കെയാണെന്ന് കണ്ടുപിടിക്കുകയും അത് അവരിൽ എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
3. പിന്നോക്കവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ സ്ത്രീകൾക്കുവേണ്ടി മാത്രം പ്രത്യേകം സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയും അതിലൂടെ അവരുടെ പ്രശ്നങ്ങൾ പഠിച്ചുകൊണ്ട് അതിനുള്ള ക്രിയാത്മകമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
4. പഞ്ചായത്തിൽ ബീഡി വ്യവസായമേഖലയിലാണ് ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത്. അത് ഇന്ന് തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അതിൽ ജോലിചെയ്യുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക. (ആട്, കോഴി, നെയ്ത്ത്, കൂൺകൃഷി, പപ്പടം, സോപ്പ്)
5. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ സ്ത്രീകൾക്ക് മാത്രമായി തൊഴിൽ സംരംഭം ഏർപ്പെടുത്തുകയും അവർക്ക് പരിശീലനങ്ങൾ നൽകുകയും വേണം.
6. സ്ത്രീകളുടെ സാക്ഷരതാനിരക്ക് ഉയർത്തുന്നതിനുവേണ്ടി തുടർ സാക്ഷരതാപരിപാടി പുനരാവിഷ്ക്കരിക്കേണ്ടതാണ്.

വിദ്യാഭ്യാസ നിലവാരപ്പട്ടിക 2

വിദ്യാർത്ഥികൾ			SC/ST കുട്ടികൾ			SC/ST തോറ്റു പഠിക്കുന്നവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2367	2186	4553	282	275	557	27	45	132

SC/ST പഠനം			വിജയശതമാനം		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
36	24	60	8604	6940	7786

തൊഴിൽ വിവരപ്പട്ടിക 3

സ്ഥിരം തൊഴിലാളികൾ			ഭാഗികമായി തൊഴിൽ ചെയ്യുന്നവർ			ആകെ തൊഴിലാളികൾ		
പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
4383	1839	6222	177	294	471	4560	2133	6648

തൊഴിൽ അനുപാതം		
പു	സ്ത്രീ	ആകെ
49.8	23.4	36.8

പട്ടിക 4
ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ

പട്ടികജാതി	പട്ടികവർഗ്ഗം	മറ്റുള്ളവർ	ആകെ
131	51	993	1175

14

സഹകരണം

കടബാദ്ധ്യതകളിൽനിന്നും കർഷകസമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെ ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. പൂർണമായ അർത്ഥത്തിൽ കാർഷിക മേഖലയെ ആശ്രയിച്ച് നിലകൊള്ളുന്ന കാറഡുക്ക പഞ്ചായത്തിൽ 1955 വരെ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി സഹകരണസംഘങ്ങളൊന്നും രൂപം കൊണ്ടിരുന്നില്ല. 1955 സെപ്തംബർ 17-ാം തീയ്യതി കാടകത്തെ പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും സഹകാരിയുമായ ശ്രീമാൻ കെ.എൻ കൃഷ്ണൻ നമ്പ്യാരുടെ നേതൃത്വത്തിൽ ഒരു സഹകരണസംഘം രൂപം കൊണ്ടു. കാടകം സർവ്വീസ് സഹകരണബാങ്ക് എന്ന ഈ സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീമാൻ കെ. എൻ. കൃഷ്ണൻ നമ്പ്യാരായിരുന്നു. അദ്ദേഹം തുടർച്ചയായി 1991 വരെ ഈ സംഘത്തിന8ഏറ പ്രസിഡന്റായിരുന്നു. അനന്തരം വിവിധ മേഖലകളിലായി ആറോളം സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ചു. കാടകം സർവ്വീസ് സഹകരണബാങ്ക്, മുള്ളേരിയ ക്ഷീരോൽപാദകസഹകരണസംഘം ഇവ ഒഴികെ ബാക്കിയെല്ലാ സഹകരണസംഘങ്ങളും പ്രവർത്തനരഹിതമായി നിലകൊള്ളുന്നു. അതുപോലെ ഖാദിമേഖലയിൽ രൂപീകരിച്ച ഒരുപാട് ചെറുകിട വ്യവസായ സഹകരണസംഘങ്ങളും പ്രവർത്തനരഹിതമായി നിലകൊള്ളുന്നു.

ഈ പഞ്ചായത്തിൽ ഒരു വായ്പാ സഹകരണസംഘം, ക്ഷീരോൽപാദന സഹകരണസംഘം, ഒരു നെയ്ത്ത് സഹകരണസംഘം, ഒരു ബേക്കറി സഹകരണസംഘം, ഷെഡ്യൂൾഡ് ട്രൈവ് സഹകരണസംഘം, ജില്ലാസഹകരണബാങ്കിന്റെ ഒരു ശാഖ, കാർഷികവികസനബാങ്കിന്റെ ഒരു ശാഖ, ദിനേശ് ബീഡി സഹകരണസംഘത്തിന്റെ രണ്ടു ശാഖ എന്നിവയാണ് സഹകരണമേഖലയിൽ ഇന്ന് നിലവിലുള്ളത്.

കാറഡുക്ക പഞ്ചായത്തിലെ ആദൂർ കാറഡുക്ക വില്ലേജ് പരിധിയിൽ ഒതുങ്ങിക്കൊണ്ട് പ്രവർത്തിക്കുന്ന കാടകം സർവ്വീസ് സഹകരണബാങ്ക് 2000-ൽ പരം കാർഷികകുടുംബങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകുന്നു. എന്നാൽ പഞ്ചായത്തിലെ മൊത്തം കുടുംബങ്ങൾക്ക് ബാങ്കിന്റെ സഹായം ലഭിക്കുന്നില്ല. പ്രസ്തുത ബാങ്കിന്റെ കീഴിൽ ഒരു വളം ഡിപ്പോ പ്രവർത്തിച്ചുവരുന്നു. കാർഷികേതര വായ്പകളും നൽകുന്നു. മറ്റുവായ്പകളെ അപേക്ഷിച്ച് കാർഷികവായ്പയുടെ അളവ് തുലോം കുറവാണ്. 1.75 കോടി രൂപയുടെ പ്രവർത്തനമൂലധനമുള്ള സ്ഥാപനമാണിത്. 95-96 കാലയളവിൽ 55.77 ലക്ഷം രൂപ കാർഷിക കാർഷികേതര വായ്പയിനത്തിൽ കൊടുത്തിട്ടുണ്ട്. ഇത്രയും വിപുലമായ മേഖല കൈകാര്യം ചെയ്യുന്ന പ്രസ്തുത ബാങ്കിന് ആദൂർ, കുണ്ടാർ ഭാഗങ്ങൾ കേന്ദ്രീകരിച്ച് ഒരു മഞ്ഞംപാറയിൽ ഒരു ശാഖ തുടങ്ങാവുന്നതാണ്. ഇങ്ങനെ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ മൊത്തം ഭാഗത്തും എത്തിക്കാൻ സാധിക്കും. അതുപോലെ പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയും.

കാർഷികമേഖലയുടെ പുരോഗതിക്കുവേണ്ടി പഞ്ചായത്ത് പ്രവർത്തനപരിധിയിലുള്ള സഹകരണബാങ്കിൽ നിന്നും ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ വായ്പ വർഷാരംഭത്തിനു മുമ്പുതന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും അതനുസരിച്ച് ഓരോ വർഷത്തേക്കും ആവശ്യമായ വായ്പാത്തുക തിട്ടപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ കാറഡുക്ക പഞ്ചായത്തിലെ പാടശേഖരങ്ങൾ തോട്ടങ്ങളായി മാറുന്ന അവസ്ഥയാണ് നിലവിലുള്ളത്. നെൽക്കൃഷിയ്ക്ക് സർക്കാരിൽനിന്നും നൽകിവരുന്ന സബ്സിഡി നാമമാത്രമാണ്. മേത്തരം വിത്ത്, വളം, കാർഷികയന്ത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് വിവിധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

ക്ഷീരോൽപാദക സഹകരണസംഘം

നിലവിലുള്ള മുംള്ള ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ പ്രവർത്തനപരിധി കാറഡുക്ക പഞ്ചായത്തിലെ 1,5 വാർഡുകളാണ്. ഇന്ന് ഒരു ദിവസം ശേഖരിക്കുന്ന പാൽ 100 ലിറ്റർ മാത്രമാണ്. കൂടുതൽ കറവമാടുകളെ സംഘം മുഖേന വിതരണം ചെയ്യാനും, ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും നടപടിയെടുക്കണം. ഈ സംഘത്തിന്റെ പ്രവർത്തനപരിധി അടുത്ത വാർഡുകളിലേക്കുകൂടി വ്യാപിപ്പി

ക്കാൻ ശ്രമിക്കുകയും വേണം. പഞ്ചായത്തിലെ മറ്റു വാർഡുകളെ ഉൾപ്പെടുത്തി പുതിയ ക്ഷീരോൽപാദക സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ സംഘത്തിന്റെ പരിധി വിപുലപ്പെടുത്തുകയും പുതുതായി സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നതു വഴി ഉൽപാദനം വർദ്ധിപ്പിക്കാം. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഈ പഞ്ചായത്തിലെ ഉപഭോഗം കഴിഞ്ഞ് ബാക്കിവരുന്ന പാൽ കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്ക്കരിക്കാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടാക്കണം. കാലിത്തീറ്റ വിതരണത്തിനായി ഓരോസംഘത്തിലും സംവിധാനം ഉണ്ടാക്കണം. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തു കൊടുക്കണം.

പഞ്ചായത്തിന്റെ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ട്രൈബ് സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ആവശ്യമായ നടപടികൾ കൈകൊള്ളുകയും ഇന്നുള്ള ന്യൂനതകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുകയും വേണം.

ആരോഗ്യപരമായ കാരണങ്ങളാൽ ആധുനിക ലോകം പരുത്തി വസ്ത്രത്തിലേക്ക് മടങ്ങിവരുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ രൂപീകരിച്ച നെയ്ത്ത് സൊസൈറ്റിയുടെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുകയും ഗുണനിലവാരമുള്ള വസ്ത്രനിർമ്മാണത്തിന് സംഘം ശ്രമിക്കുകയും വേണം. നെയ്ത്ത് സംഘത്തിന്റെ ഉൽപന്നത്തിന് വിപണന സാധ്യതകൾ കണ്ടെത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ഈ പഞ്ചായത്തിന്റെ അനന്തസാധ്യതയുള്ള സംരംഭമാണ് കോഴിവളർത്തൽ. കോഴിവളർത്തൽ സഹകരണസംഘം രൂപീകരികകുവഴി ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന വരുമാനത്തിന്റെ വലിയ ഭാഗം നമുക്ക് ലാഭിക്കാം. ഈ സംഘം രൂപീകരിക്കുക വഴി പഞ്ചായത്തിലെ വീടുകളിൽ ചെറിയചെറിയ യൂണിറ്റുകളായി കോഴിവളർത്താം. ഇത് അത്തരം കുടുംബങ്ങളുടെ സാമ്പത്തികമായ പുരോഗതിക്ക് ആക്കംകൂട്ടുകയും ചെയ്യും. ഇത്തരം സംഘം മുഖേന കുറഞ്ഞത് 5 പേർക്ക് നേരിട്ടും 25 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുകയും ചെയ്യുന്നതിന് സാധ്യതയുണ്ട്.

നിർദ്ദേശങ്ങൾ

കാർഷികരംഗത്ത് അനുവദിക്കുന്ന വായ്പയുടെ പലിശനിരക്ക് കുറച്ചുകൊണ്ട് മുഴുവൻ അംഗങ്ങൾക്കും ആവശ്യമായ വായ്പാസംഖ്യ ലഭ്യമാക്കാൻ സഹകരണബാങ്കുകൾ മുന്നോട്ട് വരണം.

നിക്ഷേപസമാഹരണം വഴി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് സഹകരണബാങ്കിന്റെ നിലമെച്ചപ്പെടുത്തിയാൽ വായ്പ അത് അർഹിക്കുന്ന രീതിയിൽ വിതരണം നടത്തുവാൻ കഴിയും.

കർഷകർക്ക് വായ്പനൽകുന്നതിൽ കാലതാമസം ഒഴിവാക്കണം. തൊഴിൽ സാധ്യതയുള്ള മേഖലകളിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ തൊഴിൽ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും.

പട്ടുനൂൽ പുഴുവളർത്തലിന് പ്രചോദനം കൊടുത്തുകൊണ്ട് ഈ രംഗത്ത് ഒരു സഹകരണസംഘം രൂപീകരിക്കുകവഴി കൂടുതൽ ആൾക്കാർക്ക് തൊഴിലും സാമ്പത്തികപുരോഗതിയും കൈവരിക്കാൻ സാധിക്കും.

പാടശേഖരസമിതികൾ കേന്ദ്രീകരിച്ച് നമ്മുടെ പഞ്ചായത്തിൽ ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘം രൂപികരിക്കുകഴി നെല്ല് ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും.

തൊഴിൽരഹിതരായ യുവതികളുടെ ഉന്നമനത്തിനായി വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് നമ്മുടെ പ്രദേശങ്ങളിൽ വിറ്റഴിക്കുവാൻ സാധിക്കുന്ന ഉൽപന്നങ്ങൾ നിർമ്മിക്കണം.

സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കിയാൽ കാറഡുക്ക പഞ്ചായത്തിലെ സാമ്പത്തികരംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം ഉണ്ടാക്കാൻ സാധിക്കും. ഗ്രാമങ്ങളുടെ സമഗ്രവികസനത്തിന് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്നനിലയിൽ കാറഡുക്ക പഞ്ചായത്ത് സഹകരണരംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചുള്ള വികസനറിപ്പോർട്ട് ചർച്ചക്കും മുൻഗണന നിശ്ചയിക്കുന്നതിനും സമർപ്പിച്ചു കൊള്ളുന്നു.

പഞ്ചായത്തിലെ സഹകരണസംഘങ്ങൾ

നം	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ഉദ്ദേശം	സ്ഥാപിതം	ജീവനക്കാർ			
					അംഗങ്ങളുടെ എണ്ണം	അംഗീകൃത മൂലധനം സ്ഥിരം	ഓഹരി മൂലധനം താല്ക്കാലികം	ആകെ
1	കാടകം സർവ്വീസ് സഹകരണബാങ്ക്	കാറഡുക്ക പഞ്ചായത്ത്	കാർഷിക/കാർഷികേതര ധനസഹായം	1955	5600 കോടി	10 ലക്ഷം	3.131.75	12.18
2	മുള്ളേരിയ ക്ഷീരോൽപാദക സഹകരണസംഘം	1,5 വാർഡുകൾ വിതരണം	പാൽ സംഭരണം	1987	283	2	13.20,000	2,720
3	കാടകം വീവേഴ്സ് ഇൻറസ്ട്രിയൽ സൊസൈറ്റി	കാറഡുക്ക മുളിയാർ ബദിയടുക്ക, ദേലംബാടി, ബെള്ളൂർ പഞ്ചായത്തുകൾ	നെയ്ത്ത് മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കൽ	1980	175	1	1 1 ലക്ഷം	3,5000
4	കാടകം ബേക്കറി സഹകരണസംഘം	കാറഡുക്ക പഞ്ചായത്ത്	വായ്പാ സഹായം					
5	കാസറഗോഡ് ജില്ലാസഹകരണ ബാങ്ക് (ശാഖ)	മുളിയാർ, കാറഡുക്ക, ബെള്ളൂർ, ആദൂർ, ദേലംബാടി പഞ്ചായത്തുകൾ						
6	കാർഷികവികസന സഹകരണ ബാങ്ക് (ശാഖ)							

15

പട്ടികജാതി-പട്ടികവർഗ്ഗം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 14.20% SC-ST കുടുംബങ്ങളാണ്. ഇതിൽ 131 പട്ടികജാതി കുടുംബവും. 19 പട്ടികവർഗ്ഗകുടുംബങ്ങളും ഇവിടെയുണ്ട്. അംഗീകരിച്ചതും അംഗീകരിക്കാത്തതുമായ 21 കോളനികളിൽ ഇവർ താമസിച്ചുവരുന്നു. ഈ വിഭാഗത്തിൽ 95% തുളു ഭാഷ സംസാരിക്കുന്നവരാണ്.

വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്തു വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല, ഇവരിൽത്തന്നെ വേട്ടുവ, കൊറഗ എന്നീ സമുദായത്തിൽപ്പെട്ടവർ ഇന്നും വിദ്യാഭ്യാസ-സാംസ്ക്കാരികപരമായും സാമ്പത്തികപരമായും വളരെ പിന്നോക്കാവസ്ഥയിലാണ്.

സാമൂഹിക സാമ്പത്തികരംഗത്തു നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും ചെറിയരീതിയിൽ മോചനം നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ ഇന്നും ജാതീയതയുടെ പേരിൽ ദുരിതമനുഭവിക്കേണ്ടിവരുന്നുണ്ട്. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവുന്നു പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയോസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗീയമായി നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനിനിവാസികൾക്കാണ്.

എന്നാൽ ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങൾക്ക് പല ആനുകൂല്യങ്ങളും തീരെ ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. മൊത്തത്തിൽ പല പ്രശ്നങ്ങളും ഇവരുടെ ഉന്നമനത്തിനായി പരിഹരിക്കപ്പെടേണ്ടതുണ്ട്. (കോളനിയുടെ വിവരം - പട്ടിക 1)

വിദ്യാഭ്യാസം

കോളനികളിൽ സന്നദ്ധപ്രവർത്തകർ സാക്ഷരതാപ്രവർത്തനം നടത്താൻ ശ്രമിച്ചിരുന്നെങ്കിലും ഭാഷാപ്രശ്നത്താലും തുടർവിദ്യാഭ്യാസത്തിന്റെ അഭാവംകൊണ്ടും ഇവരിൽ കൂടുതലും നിരക്ഷരരായിത്തന്നെ നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ കുട്ടികളെ സ്ക്കൂളിൽ എത്തിക്കാനും, എത്തിയകുട്ടികളെ തുടർന്നുപഠിപ്പിക്കാനും രക്ഷിതാക്കൾ തയ്യാറാകുന്നില്ല. കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതുകൊണ്ടു ചിലകുട്ടികൾ പഠനം നിർത്തുന്നു.

ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസപരമായ അവശത ബോധ്യപ്പെടുത്തുന്നതിന് വേണ്ടി വിദ്യാസമ്പന്നരായവരെ ഉപയോഗപ്പെടുത്തി ബോധപൂർവ്വമായ ഇടപെടൽ നടത്തിയാൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ.

96-97 അദ്ധ്യായന വർഷത്തിൽ ആകെ 557 പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഇവരിൽ 282 ആൺകുട്ടികളും 275 പെൺകുട്ടികളുമാണ്. 95-96 വർഷത്തിൽ 60 കുട്ടികൾ പഠനം നിർത്തി. ഈ വിഭാഗത്തിലെ എസ്.എസ്.എൽ.സി പഠനം പൂർത്തീകരിക്കാൻ പറ്റാത്തവർ നിരവധിയുണ്ട്. അവർ പലരും തൊഴിൽ തേടി നിർമ്മാണമേഖലയിലേക്കും മറ്റു കൂലിപ്പണികളിലേക്കും വഴിമാറിപ്പോവുകയാമ്. ഈ സമുദായത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകുന്നതു മറ്റു വിദ്യാർത്ഥികളെ അപേക്ഷിച്ച് കുറവാണ്.

സാമൂഹിക-സാംസ്ക്കാരികം

വിദ്യാഭ്യാസ നിലവാരത്തിൽ കുറച്ചൊക്കെ പുരോഗമിച്ചെങ്കിലും നമ്മുടെ നാട്ടിലെ വികസനപ്രവർത്തനങ്ങളുടെയും സാംസ്ക്കാരിക പ്രവർത്തനങ്ങളുടെയും മുഖ്യധാരയിലേയ്ക്ക് ഈ വിഭാഗത്തിൽപ്പെട്ടവർ ഇനിയും എത്തിയിട്ടില്ല. ചുരുക്കം ചില കുടുംബങ്ങൾ ജീവിത നിലവാരത്തിൽ മെച്ചപ്പെട്ട നിലപുലർത്തുന്നുണ്ടെങ്കിലും ഏറെപ്പേരും പിന്നോക്കാവസ്ഥയിൽത്തന്നെയാണുള്ളത്. അയിത്തം എന്ന ദുരാചാരം നമ്മുടെ പഞ്ചായത്തിൽ ഇന്നും ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നു.

ആചാരങ്ങൾ

ചില ആചാരങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കുന്ന വരുണ്ട്. പഴയകാലത്തു കോളനികളിൽ പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ തീർപ്പ് കൽപ്പിച്ചതു മൂപ്പന്മാർ ആയിരുന്നു. ഇന്ന് ഈ രീതി നിലവിലില്ല. തുടികൊട്ടിപ്പാട്ട്, നാടൻപാട്ട് തുടങ്ങിയ കലാപരിപാടികൾ ഇന്നും നിലനിൽക്കുന്നു.

മലയൻ, വണ്ണാൻ, കോപ്പാളൻ എന്നീ സമുദായങ്ങളിൽപ്പെട്ടവർ അനുഷ്ഠാനകലയായ തെയ്യം ക്ഷേത്രങ്ങളിലും, വീടുകളിലും, കാവുകളിലും ഇന്നും കുലത്തൊഴിലായി കെട്ടിയാടപ്പെടുന്നു. കുരുത്തോല കൊണ്ടും മറ്റു വസ്തുക്കൾ കൊണ്ടും നമോഹരമായ ആടയാഭരണങ്ങളും ചമയങ്ങളും ഇവർ ഉണ്ടാക്കിവരുന്നു. ഈ വിഭാഗത്തിന്റെ സമ്പന്നമായ കരവിരുതും അനുഷ്ഠാനകലകളും മതിയായ പ്രോത്സാഹനത്തിന്റെയും സംരക്ഷണത്തിന്റെയും അഭാവത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇവ സംരക്ഷിക്കുന്നതിനും പുനരാവിഷ്ക്കരിക്കുന്നതിനുമായി ബോധപൂർവ്വമായ ശ്രമമുണ്ടായിരിക്കണം.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരുപരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമാണ്. എങ്കിലും ഇനിയും കുറച്ചൊക്ക കുടുംബങ്ങൾക്ക് ചെറ്റക്കുടിലുകളിൽ നിന്നു മോചനം നേടാൻ കഴിയേണ്ടതായിട്ടുണ്ട്. ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങൾക്ക് കോളനികളിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ പലതും ലഭിക്കാത്ത സ്ഥിതിയുണ്ട്. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന വായ്പകൾ എടുത്തു വലിയ കടക്കെണിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ രേഖൾ ഓഫീസുകളിൽപ്പെട്ടുപോയതിനാൽ മറ്റു ആനുകൂല്യങ്ങൾ നിഷേധിക്കുന്ന അവസ്ഥയാണ് കണ്ടുപോരുന്നത്.

വീട് നിർമ്മാണത്തിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീട് വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസപദ്ധതി പ്രകാരം അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. പല കോളനികളിലും കക്കൂസുകൾ ഇല്ല. അതുകൊണ്ട് ഓരോ വീടിന് ഓരോ കക്കൂസ് നിർബ്ബന്ധമായും അനുവദിച്ചുകൊടുത്ത് പ്രശ്നം പരിഹരിക്കേണ്ടതാണ്.

ആരോഗ്യം

പല കോളനികളിലും ആരോഗ്യപ്രശ്നം നിലനിൽക്കുന്നു. കോളനികളിലെ കുടുംബങ്ങൾ ശുചിത്വത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കേരളത്തിൽ സമ്പൂർണ്ണ ചാരായ നിരോധനം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ തൊട്ടടുത്ത കർണ്ണാടക മദ്യം സുലഭമായി ലഭിക്കുന്നതുകൊണ്ടു ഭൂരിഭാഗം ആളുകളും ഇന്നും മദ്യത്തിന്അടിമകളാണ്. അതുകൊണ്ടുതന്നെ പലവീടുകളിലും പട്ടിണി നിലനിൽക്കുന്നു. കോളനികളെ ശ്രദ്ധിക്കുന്ന കാര്യത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നു. ആരോഗ്യപ്രവർത്തകരുടെ നിരന്തരസന്ദർക്കവും ബോധവൽക്കരമവും ഇവരുടെയിടയിൽ ആവശ്യമാണ്.

നിർദ്ദേശങ്ങൾ

1. നെല്ലിയടുക്കം കോളനിയിലെ പകുതിവീടുകൾ ഒഴിച്ച് ബാക്കികോളനികളിൽ വൈദ്യുതി ഇതുവരെ എത്തിയിട്ടില്ല. അതുകൊണ്ടു എത്രയും പെട്ടന്ന് മുഴുവൻ കോളനികളും വൈദ്യുതീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

2. കോളനികളിൽ കുടിവെള്ളം അതിരൂക്ഷമാണ്. ഇതുപരിഹരിക്കുന്നതിന് സർക്കാർ ഏജൻസികൾ കിണറുകളും, കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം.

3. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

4. കുട്ടമടയൽ, പായനെയ്ത്ത്, കുമ്മായം എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

5. പഞ്ചായത്തു കോളനിനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

6. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

7. പഞ്ചായത്തു പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിത്തോട്ടം ഉണ്ടാക്കുകയും അതു വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം നൽകുകയും ചെയ്യുക.

8. അഭ്യസ്തവിദ്യർക്ക് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും, വായ്പകളുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുക.

9. വീടില്ലാത്ത കുടുംബാംങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുകയും വീട് പുതുക്കിപ്പണിയുന്നതിന് അറ്റകുറ്റപ്പണികൾക്ക് പലിശരഹിത വായ്പകൾ അനുവദിക്കുക.

10. വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായി അനുവദിക്കുകയും ചെയ്യുക. വായ്പ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗിക്കുണ്ടെന്ന് പരിശോധിക്കാനും വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.

11. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

12. ക്ഷേമപദ്ധതികളെക്കുറിച്ചും, വിദ്യാഭ്യാസത്തെക്കുറിച്ചും, ആരോഗ്യപരിപാലനത്തെക്കുറിച്ചും മറ്റും അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്.

13. കുടുംബബാധ്യതകൾ ഏറ്റെടുത്തു പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

14. സാക്ഷരതാപ്രവർത്തനം തുടരുക, അഭ്യസ്ഥവിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരമുയർത്താൻ പ്രയോജനപ്പെടുത്തുക.

15. എസ്.എസ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.

10. ബോർഡിംഗ് സ്ക്കൂൾ, വായനശാലകൾ എന്നിവ സ്ഥാപിക്കുക.

17. പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കിവരുന്ന 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നേഴ്സറികളും രണ്ടോ മൂന്നോ കോളനികൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.

18. തെയ്യം കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുക.

19. ആരോഗ്യ പ്രശ്നങ്ങളിൽ ആരോഗ്യപ്രവർത്തകർ, ഡോക്ടർമാർ എന്നിവ മാസത്തിൽ ഒരുതവണയെങ്കിലും കോളനികൾ സന്ദർശിക്കുക.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

2. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതിയുമില്ല.

3. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷികമേഖലയിൽ തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

4. ഐ.ആർ.ഡി.പി. പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

5. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല. നിർധനകുടുംബങ്ങളെ ചികിത്സിക്കുന്നതിനും മറ്റുമുള്ള കാര്യങ്ങളിൽ വേണ്ടത്ര ഊന്നൽ കൊടുത്തിട്ടില്ല.

6. നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി വേണ്ടത്ര ബോധവാന്മാരല്ല.

7. എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് വയ്ക്കാൻ സ്ഥലമില്ല.

8. വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുകയും കടക്കെണിയിൽ പെട്ടുപോവുകയും ചെയ്യുന്നു.

9. പൊതുശ്മശാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

10. ചില കുടുംബങ്ങൾക്ക് കൈവശഭൂമികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.

11. കുട്ടമടയൽ പായനെയ്ത്ത് എന്നിവയ്ക്ക് അസംസ്കൃത വസ്തുക്കൾ കിട്ടാനില്ല.

16

വിഭവസമാഹരണം

കാറഡുക്ക ഗ്രാമപഞ്ചായത്ത് ഒരു രണ്ടാം ഗ്രേഡ് പഞ്ചായത്താണ്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പ്രധാനപ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലന്വേഷകരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു.

ഗൾഫ് നാടുകളിൽ നിന്നുള്ള തിരിച്ചുവരവ് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുയും തൊഴിലില്ലായ്മ രൂക്ഷമാക്കുകയും ചെയ്യുന്നു. അസംസ്കൃത വസ്തുക്കൾ വേണ്ടത്ര കിട്ടാത്തതുകൊണ്ടും പരമ്പരാഗത കൈത്തൊഴിലുകൾ തകർച്ച നേരിടുകയാണ്. കാര്യമായ വ്യവസായ സ്ഥാപനമോ ചെറുകിട വ്യവസായ സ്ഥാപനമോ നമ്മുടെ പഞ്ചായത്തിലില്ല. വ്യവസായ മേഖലകളിലെ മുന്നേറ്റം നിർത്തിക്കൊണ്ട് മാത്രമേ വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാവൂ.

വ്യാവസായികരംഗം നേരിടുനന പ്രതിസന്ധിയുടെ പ്രധാനകാരണം വൈദ്യുതിയുടെ അഭാവമാണ്. (വോൾട്ടേജ് ക്ഷാമം, ലോഡ്ഷെഡിംഗ്) ഇതു പരിഹരിക്കാതെ ഈ രംഗത്തുനിന്നും പുതിയ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യത വളരെകുറവാണ്.

കാർഷികമേഖലയിൽ കുറച്ചുകാലമായി ഉല്പാദനം കുറഞ്ഞുവരികയാണ്. കൃഷിനിലങ്ങൾ; റോഡുകളും താമസപ്പറമ്പുകളുമായി മാറുകയാണ് നമ്മുടെ പഞ്ചായത്തിൽ. ഉല്പാദനക്ഷമത അനുദിനം ഇടിയുന്നു. കർഷകർ നിർമ്മാണമേഖലയിലേക്കും മറ്റും തൊഴിൽ തേടി പോകുന്നത് നമുക്ക് കാണാൻ സാധിക്കും. രാസവള ഉപഭോഗമുണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ വിഭവസമാഹരണം ഈ രംഗത്തു വർദ്ധിപ്പിക്കാനാവില്ല. കാർഷിക വ്യാവസായിക മണ്ഡലങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസമന്യേ നേടാനാവും.

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസിനത്തിൽ കഴിഞ്ഞവർഷം (1995-96) 9822.50 ലഭിച്ചു. പക്ഷെ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നതിലാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ നികുതി കൊടുക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. നിലവിലുള്ള നികുതികളിൽ യുക്തിസഹമാകുകയും പഞ്ചായത്തിന്റെ വികസനപ്രർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കാലാണ് നികുതികൊടുക്കൽ വഴി ചെയ്യുന്നതെന്നു ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ സാധിക്കും.

പഞ്ചായത്തിന്റെ നിലവിൽ വന്നിരുന്ന വാർഡ് വികസനസമിതികളും വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതികൊടുക്കേണ്ടവരെല്ലാം നികുതികൊടുക്കുന്ന ആദ്യത്തെ പഞ്ചായത്ത് ആകാൻ സമുക്ക് കഴിഞ്ഞാൽ നമ്മുടെ വികസനപ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ചെറിയഭാഗം പഞ്ചായത്തിന് കൊടുക്കാൻ സാദ്ധ്യമാകുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസനസമിതികളും തയ്യാറാകണം. ഇതും ഒരു വികസന പ്രവർത്തനമാണെന്നു ധാരണ പഞ്ചായത്തിലെ ബഹുജനനേതാക്കൾക്കുണ്ടാവണം.

വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി വസൂലാക്കാൻ കഴിയണം.

വരുമാനത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ നികുതിയായി പാടുള്ളൂ. അങ്ങനെയാകുമ്പോൾ എല്ലാവരും അതുകൊടുക്കാൻ താല്പര്യമുള്ളവരാകും.

നികുതികൊടുക്കുന്നതുവഴി തങ്ങളും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തണം.

കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതു ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനം പഞ്ചായത്താഫീസിൽ ഉണ്ടാകണം.

കെട്ടിടനികുതി

ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നതു ശാസ്ത്രീയമല്ല. സ്ഥിരമായി ചുമരുകളുള്ള എല്ലാ കെട്ടിട

ങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് നിർമ്മാണത്തിൽ അനാവശ്യധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തെണ്ടതാണ്.

കെട്ടിടനികുതി

കെട്ടിടനികുതിയിനത്തിൽ 1995-96 വർഷം 136013.50 രൂപ പിരിച്ചു. മുൻവർഷത്തേക്കാൾ കെട്ടിടങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും കെട്ടിടനികുതിയിനത്തിൽ വേണ്ടത്ര വർദ്ധനവുണ്ടായിട്ടില്ല.

തൊഴിൽനികുതി

സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരല്ലാതെ മറ്റു മേഖലകളിൽ തൊഴിൽ ചെയ്യുന്നവരും തൊഴിൽ നികുതി കൊടുക്കാൻ ബാധകമാവുന്നതാണ്.

ബാങ്ക് ഫിനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ രണ്ടു സിൻഡിക്കേറ്റ് ബാങ്കുകൾ, ഒരു ജില്ലാബാങ്ക്, ഒരു കാർഷികബാങ്ക്, ഒരു സർവ്വീസ് സഹകരണബാങ്ക്, ഒരു ഫിനാൻസിയേഴ്സ് എന്നിവയാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നു സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 ശതമാനമെങ്കിലും പഞ്ചായത്തിൽത്തന്നെ വായ്പയായി കൊടുക്കേണ്ടതാണ്.

പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്റ്റിലുണ്ട്. ഗ്രാമസഭകളൊ, പഞ്ചായത്ത് സഭകളൊ, അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പകൊടുക്കുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാകുന്ന നിയമം ഈ രംഗത്തുണ്ടാവേണ്ടിയിരിക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സ്

94-95 വർഷത്തിൽ ഉൽഘാടനം ചെയ്ത ഷോപ്പിംഗ് കോംപ്ലക്സുകൾ പഞ്ചായത്തിന് നല്ലൊരു വരുമാന മാർഗ്ഗമാണ്. കോംപ്ലക്സിന്റെ രണ്ടാം നിലകൂടി കെട്ടിയുയർത്തേണ്ടതാണ്.

ഡെപ്പോസിറ്റിനത്തിൽ 66591 രൂപയും വാടകയിനത്തിൽ നല്ലൊരു തുകയും പഞ്ചായത്തിനുണ്ട്.

ഗ്രാമച്ചന്തകൾ, മത്സ്യമാർക്കറ്റ്, ടാക്സി സ്റ്റാൻഡ്, മൂത്രപ്പുര എന്നിവ പഞ്ചായത്തു കേന്ദ്രമായ മുള്ളേരിയായിൽ സ്ഥാപിച്ചുകൊണ്ടു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. ഗ്രാമച്ചന്തയിലൂടെ പ്രത്യേകിച്ച് പച്ചക്കറിക്കൃഷി അഭിവൃദ്ധിപ്പെടും. ഗ്രാമീണർക്ക് ഇടത്തട്ടുകാരുടെ സഹായമില്ലാതെ അവരുടെ ഉല്പന്നങ്ങൾ വിൽക്കാനും അത്യാവശ്യസാധനങ്ങൾ വാങ്ങാനും ഇതുകൊണ്ടുകഴിയും.

പഞ്ചായത്തിന്റെ പ്രധാനവരുമാനം കെട്ടിടനികുതി, തൊഴിൽനികുതി, ലൈസൻസ്ഫീസ്, ഷോപ്പിംഗ് കോംപ്ലക്സ് വാടക തുടങ്ങിയവയാണ്. 1995-96 വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ കൂടുതൽ വരുമാനം (ഏകദേശം 1,50,000 പ്രതീക്ഷിക്കുന്നു. വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് 1.4.97 മുതൽ പഞ്ചായത്തിൽ ചുമത്തുമ്പോൾ ഈ ഇനത്തിലും അധിക വരുമാനം പ്രതീക്ഷിക്കുന്നു. 136013.50 നിലവിലുള്ള കെട്ടിട നികുതി ഈ വർഷാവസാനമാകുമ്പോഴേക്കും 1,60,000ക ആയി ഉയരുന്നതാണ്. പഞ്ചായത്തിന്റെ ഇപ്പോഴത്തെ പ്രധാനപ്പെട്ട മറ്റൊരു വരുമാനം ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള നിന്നുള്ള വാടകയാണ്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കടം വാങ്ങിയ വകയിൽ മൂറൽ ഡവലപപ്മെൻറ് ബോർഡിന് 2,60,8292 ക നിൽകാനുണ്ട്. ഇപ്പോൾ ലഭിച്ചുവരുന്ന വാടക തുടർന്ന് ലഭിച്ചാൽ മാത്രമേ ലാഭത്തിൽ ഈ സംരംഭം നിലനിർത്താൻ പറ്റൂ. പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ 70% 95-96 വർഷത്തിൽ ജീവനക്കാരുടെ ശമ്പളമിനത്തിൽ ചിലവഴിക്കപ്പെട്ടു.

പുതിയ ധനാഗമമാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ വകയായി 151.61 ഏക്കർ പുഴപുറമ്പോക്കും 42.80 ഏക്കർ തോടുപുറമ്പോക്കു സ്ഥലമുണ്ട്. ഈ സ്ഥലം കൃഷിക്കാർ കയ്യേറി കൃഷിസ്ഥലങ്ങളാക്കി മാറ്റിയിട്ടുണ്ട്. ഇവ അളന്ന് തിട്ടപ്പെടുത്തി കൃഷിക്കാർക്കുതന്നെ പാട്ടത്തിനു നൽകിയാൽ ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള നിരക്കിൻപ്രകാരം ലക്ഷങ്ങുടെ വരുമാനം ലഭിക്കുന്നതാണം.

കെട്ടിടനിർമ്മാണനിയമം നടപ്പിലാക്കുകയും പുതിയ നിലവിലുള്ള കെട്ടിടങ്ങൾക്കുള്ള കൂട്ടിച്ചേർക്കലുകൾക്കും കൃത്യമായ നികുതിചുമത്തുക.

മുള്ളേരിയയിൽ ബസ് സ്റ്റാൻഡും കാർട്ട് സ്റ്റാൻറും പണിത് ആയതിന് ഫീസ് ചുമത്തുക.

കമ്പനികർക്ക് ചുമത്തുന്ന തൊഴിൽ നികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.

സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലുള്ള വരവ് കൃത്യസമയത്തുതന്നെ 100 ശതമാനവും പഞ്ചായത്തുകൾക്ക് നൽകുക.

പട്ടിക- 7 ഇ
അക്കാദമിക് സൗകര്യങ്ങൾ

ക്രമനമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല	ലബോറട്ടറി/ സയൻസ്കോർണർ ഉണ്ട്/ഇല്ല	കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല	ഇലക്ട്രോണിക് മാധ്യമങ്ങൾ								ഫർണിച്ചറുകളുടെ/ഡസ്കിന്റെ ലഭ്യത കുറവ്	ഭിന്നശേഷി സൗഹൃദ ടോയ്ലറ്റ് ഉണ്ട്/ഇല്ല	ഭിന്നശേഷി സൗഹൃദ റാമ്പ് ഉണ്ട്/ഇല്ല	ഭിന്നശേഷി സൗഹൃദ ടോയ്ലറ്റിന്റെ എണ്ണം	ചുറ്റുമതിൽ ഉണ്ട്/ഇല്ല	കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല
					കമ്പ്യൂട്ടർ	ടെലിവിഷൻ	ടി.വി.ടി.	വി.സി.പി./ഡി.വി.ഡി.	ഇന്റർനെറ്റ് സൗകര്യം	പ്രൊജക്ടർ സൗകര്യം	മൾട്ടിമീഡിയ സൗകര്യം	സ്മാർട്ട് ക്ലാസ് റൂം						
1	ഗവ.വി.എച്ച്.എസ്. കാറഡുക്ക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്*	ഇല്ല	ഇല്ല	ഇല്ല	ഇല്ല*	ഉണ്ട്*	ഉണ്ട്*	ഇല്ല	35/75	198	8.5	6	ഇല്ല	ഉണ്ട്
2	ഗവ. വി.എച്ച്.എസ്. മുള്ളേരിയ	ഉണ്ട് പരിമിതം	ഉണ്ട്	ഉണ്ട് അപര്യാപ്തം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	6/12	195	1	-	ഉണ്ട്	ഉണ്ട്
3	ഗവ. ഹൈസ്കൂൾ ആദൂർ	ഉണ്ട്	ഉണ്ട്	അപര്യാപ്തം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	20/40	193	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
4	എ.യു.പി.എസ്. മുള്ളേരിയ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6/11	194	2	3	ഉണ്ട്	ഇല്ല
5	എ.യു.പി.എസ്.കുണ്ടാർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15/30	194	3	7	ഉണ്ട്	ഉണ്ട്
6	കെ.പി.എ.എൽ.പി.സ്കൂൾ കൊട്ടംകുഴി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2/4	194	ഇല്ല	5	ഉണ്ട്	ഉണ്ട്
7	എ.എൽ.പി.സ്കൂൾ ചെന്നങ്കോട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6/12	195	ഇല്ല	5	ഉണ്ട്	ഉണ്ട് പ്രവർത്തിക്കുന്നു
8	പണിയ എയിഡഡ് എ.എൽ.പി.സ്കൂൾ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	8/16	195	ഇല്ല	5	സജീവം	ഉണ്ട് സജീവം
9	എസ്.ജി.എ.എൽ.പി. സ്കൂൾ, മുള്ളേരിയ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്*	ഉണ്ട്*	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12/24	194	ഇല്ല	ഇല്ല	സജീവം	സജീവം

പട്ടിക 7 ഡി

	30% താഴെ മാർക്ക് കിട്ടിയവർ	30-40%	40-50%	50-60%	60%ന് മുകളിൽ
എൽ.പി.സ്കൂൾ	34.56%	25.40%	22.79%	18.04%	19.34%
യു.പി.സ്കൂൾ	56.98%	22.27%	20.21%	15.43%	9.64%
ഹൈസ്കൂൾ	67.62%	20.04%	10.35%	7.05%	5.51%

അവലംബം : സെക്കൻറി ഡാറ്റ

പട്ടിക 7 എ

നമ്പർ	സ്കൂളിന്റെ പേര്	സ്ഥാപിച്ച വർഷം	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		SC/ST കുട്ടികൾ			SC/ST തോറ്റു പഠിക്കുന്നവർ			SC/ST പഠനം നിർത്തിയവർ		
				ആൺ	പെ.	ആകെ	ഉള്ളത്	വേണ്ടത്	ആൺ	പെ	ആകെ	ആൺ	പെ	ആകെ	ആൺ	പെ	ആകെ
1	ഗവ.എച്ച്.എസ്. കാറഡുക്ക	1927	ഗവ.	696	645	1341	44	44	83	81	164	5	8	13	6	2	8
2	ഗവ. വി.എച്ച്.എസ്. മുളേളേരിയ	1984	ഗവ.	279	232	511	22	22	33	34	67	4	1	5	1	-	1
3	ഗവ. ഹൈസ്കൂൾ ആദൂർ	1906	ഗവ.	590	566	1156	40	40	58	54	112	47	16	63	25	21	46
4	എ.യുപി.എസ്.മുള്ളേരിയ	1964	എയിഡഡ്	237	197	434	15	15	37	28	65	13	10	23	2	1	3
5	എ.യുപി.എസ്.കുണ്ടാർ	1944	എയിഡഡ്	203	185	388	12	14	5	..	5	..	..	..	..	..	..
6	കെ.പി.എ.എൽ.പി.എസ് കൊട്ടൻകുഴി	1956	പഞ്ചായത്ത്	27	28	55	2	4	3	5	8	..	1	1	..	..	..
7	എ.എൽ.പി.സ്കൂൾ ചെന്നാലങ്കാട്	1954	എയിഡഡ്	53	52	105	6	6	13	15	28	2	2	4	1	..	1
8	പണിയ എയിഡഡ് എൽ.പി.സ്കൂൾ മൗവ്വൽ	1951	എയിഡഡ്	58	71	129	9	9	10	11	21	1	..	1	1	..	1
9	എസി.ജി.എൽ.പി.സ്കൂൾ,മുള്ളേരിയ		എയിഡഡ്	229	210	439	13	13	40	47	87	15	7	22	..	..	..

പട്ടിക 1 -7 ബി
സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിദ്യാർത്ഥികളുടെ എണ്ണം	ടോയ്ലറ്റുകളുടെ എണ്ണം	വിദ്യാർത്ഥികളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം	മുറികളുടെ എണ്ണം	കെട്ടിടം സുരക്ഷിതമാണോ? ഇല്ലെങ്കിൽ കാരണമെന്ത്?	ടീച്ചേഴ്സിന്റെ എണ്ണം	കമ്പ്യൂട്ടർ	ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ	കുടിവെള്ള സൗകര്യം	ലൈബ്രറി	ഗ്രൗണ്ട്	പ്ലേ സ്റ്റേഷൻ	നിലവിലില്ലെങ്കിൽ പകരം സംവിധാനമെന്ത്?	കളിസ്ഥലം
1	ഗവ. വി.എച്ച്.എസ്.സ്കൂൾ, കാറഡുക്ക	1341	44	35	5	35	ഉണ്ട്	3	2	1	പരിമിതം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
2	ഗവ. വി.എച്ച്.എസ്. സ്കൂൾ, മുള്ളേരിയ	511	22	12	3	10	ഉണ്ട്	2	ഇല്ല	2	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
3	ഗവ. ഹൈസ്കൂൾ, ആദൂർ	1156	40	32	3	10	ഉണ്ട്	2	2	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	പരിമിതം
4	എ.യു.പി.എസ്.മുള്ളേരിയ	434	15	11	4	11	ഉണ്ട്	2	-	-	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
5	എ.യുപി.എസ്. കുണ്ടാർ	388	12	10	4	4	ഉണ്ട്	3	1	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
6	കെ.പി.എ.എൽ.പി. സ്കൂൾ, കൊട്ടംകുഴി	55	2	4	1	1ഹാൾ 1റൂം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	പരി മിതം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	എ.എൽ.പി.സ്കൂൾ,ചെന്നംകോട്	105	6	6	1	1ഹാൾ 1റൂം	ഇല്ല	ഇല്ല	ഇല്ല	-	പരി മിതം	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
8	പണിയാ എയിഡഡ് എൽ.പി.സ്കൂൾ മദയാർ	129	9	8	5	6	ഉണ്ട്	2	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	മതി യാകും	ഇല്ല
9	എസ്.ജി.എ.എൽ.പി.എസ്.മുള്ളേരിയ	439	13	12	3	5	ഉണ്ട്	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	പരി മിതം

പട്ടിക 17 സി
എസ്.എസ്.എൽ.സി. വിജയശതമാനം

നമ്പർ	സ്കൂളിന്റെ പേര്	91-92 %	92-93 %	93-94 %	94-95 %	95-96 %
1	ഗവ. വി.എച്ച്.എസ്.കാറഡുക്ക	43	54	41	35	34
2	ഗവ. വി.എച്ച്.എസ്. മുള്ളേരിയ	37	45	35	50	58
3	ഗവ. ഹൈസ്കൂൾ ആദൂർ	-	26	42	36	19

4339

MUDRA PRINTING & PUBLISHING CENTRE
Kasaragod-671123